2009 ആഗസ്റ്റ്
ഹി.ശ 1388 - സുഹൂർ
1430 ശഅബാൻ - റമസാൻ
പുസ്തകം 81 ലക്കം 8
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം


4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

ലേഖനം

6 **വ്രതാനുഷ്ഠാനം ഒരാത്മീയാഹാരം**
ഹദ്റത്ത് അഹ്മദ് (അ)

7 **സർവ്വമതങ്ങളെയും ആദരിക്കുന്ന മതമാണ് ഇസ്‌ലാം**
ഖലീഫത്തുൽ മസീഹ് V

9 **സ്വർഗ്ഗവാതിലുകൾ തുറക്കപ്പെടുന്ന റമസാൻ മാസം**
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് IV

13 **സ്വവർഗ്ഗരതിയെ സംബന്ധിച്ച ഇസ്‌ലാമിക വീക്ഷണം**
സിറാജുൽ ഹഖ്

17 **കുരിശുടയുന്നു**
മുഹമ്മദ് ഉമർ

21 **ഇത് കളവല്ലേ? 'പ്രബോധനം' പത്രാധിപർക്ക് ഒരു തുറന്ന കത്ത്**
പി.എ. മുഹമ്മദ് സലിം

25 **ഒരു ഭീകരവേട്ടയുടെ ശുഭകരമായ അന്ത്യം**
എ.ക്യു. മുസ്‌ലിം

27 **പ്രവാചകത്വത്തിനും ഖിലാഫത്തിനുമുള്ള പ്രാർത്ഥനകൾ**
ഫരീദ് അഹ്മദ് യു.കെ.

30 **മൂന്ന് പണ്ഡിതന്മാരും അവരുടെ കൃതികളും**
ഫാഇസുർറസൂൽ

33 **കുടിയേറ്റവും സാമൂഹിക ഉദ്ഗ്രഥനവും**
നസീർ അഹ്മദ്ഖമർ - ലണ്ടൻ

35 **മുസ്‌ലിം സമൂഹവും : ആത്മീയ സംസ്കാരത്തിന്റെ പ്രഭവ കേന്ദ്രം**
എ. ക്യു. മഹ്ദി

കുറിപ്പുകൾ

37 **അണഞ്ഞുപോയ പാണക്കാട്ടെ സ്നേഹദീപം**

**സ്വവർഗ്ഗരതിയും കോടതിവിധിയും**

41 **വാർത്തകൾ**

**അനുസ്മരണം**


മുഖചിത്രം :
**ഖലീഫത്തുൽ മസീഹ് ലണ്ടൻ ജൽസയെ അഭിസംബോധനം ചെയ്യുന്നു.**


| | | | |
|---|---|---|---|
| **ചീഫ് എഡിറ്റർ** | : | മുഹമ്മദ് അയ്യൂബ് | Mob : 9895308227 |
| **എഡിറ്റർ** | : | ഏ. എം. മുഹമ്മദ് സലിം | Mob : 9895263384 |
| **മാനേജർ** | : | അഹ്മദ് ഹസ്സൻ | Mob : 9446482108 |

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി



*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut - 1.

**2009 August** Regd. No. 3337/75, Postal Regn. No. KL/CT/108/2009-11. Estd. 1925 **Vol. L XXXI No. 8**
Licensed to post without pre-payment, Licence No : KL/PMG/NR/WPP/16/KKD/09-11 **Price Rs. 15/-**
**THE SATHYADOOTHAN MONTHLY**

## ഖുർആനിൽ നിന്ന്

സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ.

***(2:166)***


## നബിവചനം

റമദാനിലെ രാത്രിയിൽ ഒരുവൻ വിശ്വാസത്തോടെയും പ്രതിഫലം കാംക്ഷിച്ചും നമസ്കരിക്കുന്നപക്ഷം അവനിൽ വന്നുപോയ പാപങ്ങൾ പൊറുക്കപ്പെടും

***(ബുഖാരി, മുസ്‌ലിം)***

**യുഗശബ്ദം**

# വ്രതാനുഷ്ഠാനത്തിന്റെ അർത്ഥം



**ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ് (അ)**

വ്രതാനുഷ്ഠാനം കൊണ്ട് അർത്ഥമാക്കുന്നത് ഒരാൾ കുറച്ച് കാലത്തേക്ക് അന്നപാനീയങ്ങൾ ഉപേക്ഷിക്കലല്ല എന്നോർത്തിരിക്കേണ്ടതാണ്. വ്രതമനുഷ്ഠിക്കുന്ന ആൾ വലിയതോതിൽ ദൈവസ്മരണയിൽ ആമഗ്നനാകണം. റസൂൽ തിരുമേനി(സ) റമദാനിൽ അഗാധമായി ആരാധനയിൽ മുഴുകാറുണ്ടായിരുന്നു. ആ മാസത്തിൽ ആഹരിക്കുന്നതിൽ നിന്നും പാനം ചെയ്യുന്നതിൽ നിന്നും ആളുകൾ വിട്ടുനിൽക്കുന്നു. അത്തരം ആവശ്യങ്ങളിൽ നിന്നെല്ലാം വിച്ഛേദിതനായി പൂർണ്ണമായും ദൈവത്തിൽ സമർപ്പിതനാവണം. ഭൗതിക ഭക്ഷണം നൽകപ്പെട്ട ഒരുവൻ ആത്മീയ ഭക്ഷണത്തെപ്പറ്റി ശ്രദ്ധിക്കാതിരിക്കുന്നത് നിർഭാഗ്യകരമാണ്. ഭൗതിക ഭക്ഷണം ശരീരത്തെ ശക്തിപ്പെടുത്തുന്നു. ആത്മീയ ഭക്ഷണം ആത്മാവിന്ന് സുസ്ഥിരത നൽകുകയും ആത്മീയ ഗുണങ്ങളെ തീക്ഷ്ണമാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ അനുഗ്രഹം അന്വേഷിക്കുക. അവന്റെ അനുഗ്രഹത്താൽ എല്ലാ കവാടങ്ങളും തുറക്കപ്പെടും.

***(ജൽസാ സാലാന പ്രഭാഷണം - 1906)***

മുഖക്കുറിപ്പ്

# പരിശുദ്ധ റമദാൻ

**പ**രിശുദ്ധ റമദാൻ മാസം വീണ്ടും സമാഗതമാവുകയാണ്.

**'വിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നത്പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.';** (2:184)

ഒരു നിശ്ചിതസമയത്തേക്ക് പ്രത്യേക നിഷ്ഠകൾ പാലിച്ചുകൊണ്ട് ദൈവത്തെ ആരാധിക്കുന്ന സമ്പ്രദായം എല്ലാ മതത്തിലുമുണ്ട്. എല്ലാ മതങ്ങളും ദൈവത്തിൽ നിന്നും വന്നതാണെന്നതിന്റെ ഒരു തെളിവ് കൂടിയാണിത്. ഇസ്‌ലാം മതവിശ്വാസികളായ എല്ലാ മുസ്‌ലിംകളും ഒരു മാസക്കാലം വ്രതമനുഷ്ഠിക്കൽ നിർബന്ധമാണ്. ഇങ്ങനെ മുഴുവൻ അനുയായികൾക്കും വ്രതത്തിലൂടെ ആത്മീയ പരിശീലനം നൽകുന്ന മതം ഇസ്‌ലാം മാത്രമാണ്. അന്നപാനീയങ്ങൾ ഉപേക്ഷിച്ച് ശരീരത്തെ തളർത്തി കൂടുതൽ ഇബാദത്തുകളിലൂടേയും സൽക്കർമ്മങ്ങളിലൂടെയും സൽചിന്തകളിലൂടെയും ആത്മീയ ശരീരത്തെ ഉണർത്തുകയുമാണ് വ്രതത്തിലൂടെ ചെയ്യുന്നത്.

സമസ്ത മനുഷ്യരുടേയും സന്മാർഗ്ഗത്തിന്നായവതരിച്ച വിശുദ്ധ ഖുർആൻ ഇറങ്ങിയ മാസമാണ് റമദാൻ. ഖുർആൻ പറയുന്നു

**സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പക്കപ്പെട്ട മാസമാണ് റമദാൻ . അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിൽ സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ** (2:186).

റമദാനിൽ റസൂൽ തിരുമേനി(സ)ക്ക് ഹദ്‌റത്ത് ജിബ്‌രീൽ ഖുർആൻ ആവർത്തിച്ച് ഓതികേൾപ്പിക്കാറുണ്ടായിരുന്നു. വിശുദ്ധ ഖുർആനുമായി അഭേദ്യമായ ബന്ധമുള്ള റമദാൻ മാസം അതിന്റെ പഠനത്തിനും പാരായണത്തിനും വിനിയോഗിക്കാൻ പ്രത്യേകമായി ഇസ്‌ലാമിൽ നിഷ്ക്കർഷിക്കപ്പെട്ടിരിക്കുന്നു.

അതുപോലെ റമദാനിൽ സക്കാത്തും സദ്ക്കയും മറ്റു ധനത്യാഗങ്ങളും ചെയ്യാനുള്ള മാസം കൂടിയാണ്. തറാവീഹ്, തഹജൂദ് നമസ്കാരങ്ങൾ പുലർകാലത്തെ ഖുർആൻ പാരായണം എന്നീ സൽകൃത്യങ്ങളിലൂടെയും ഇഅ്തികാഫ് എന്ന പള്ളിയിൽ ഭജനമിരിക്കുന്ന പുണ്യകർമ്മവും നോമ്പുകാരന്റെ രാവും പകലും ആത്മീയ സാന്ദ്രമാക്കിത്തീർക്കുന്നു. റസൂൽ തിരുമേനി(സ) നോമ്പിനെ കുറിച്ചു പറഞ്ഞു: **'റമദാൻ മാസം സമാഗതമായാൽ സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെടും. നരകകവാടങ്ങൾ അടക്കുകയും പിശാചുക്കളെയെല്ലാം ചങ്ങലകളിൽ ബന്ധിക്കുകയും ചെയ്യും.** (ബുഖാരി). ഈ റമദാൻ നമ്മെ സംബന്ധിച്ച് അനുഗ്രഹപൂർണമാകട്ടെ.

ലേഖനം

ഹദ്റത്ത് അഹ്മദ് (അ)

# വ്രതാനുഷ്ഠാനം ഒരാത്മീയാഹാരം

ഇസ്ലാമിലെ ഒരു മൗലിക കർമ്മമാണ് വ്രതാനുഷ്ഠാനം. ഇസ്ലാം നിർദ്ദേശിച്ചിട്ടുള്ള ആരാധനാകർമ്മങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് മുസ്ലിംകൾ എന്നു പറയപ്പെടുന്ന ചിലർ തന്നെ ഇക്കാലത്ത് അഭിപ്രായപ്പെടുന്നുണ്ടെന്നത് വ്യസനകരമാണ്. ഇവർ ആത്മീയാന്ധത ബാധിച്ചവരും ദൈവകല്പനകളിൽ അന്തർഭവിച്ചിരിക്കുന്ന തത്വരഹസ്യം ഗ്രഹിക്കാത്തവരും ആകുന്നു. ആദ്ധ്യാത്മിക രംഗത്ത് കാലുറച്ചിട്ടില്ലാത്തവർ പ്രസ്തുത കർമ്മാനുഷ്ഠാനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ കൈകടത്താൻ ശ്രമിക്കുന്നത് യുക്തിപൂർവമല്ല. തങ്ങൾ ഒരിക്കലും കടന്നു ചെന്നിട്ടില്ലാത്ത പ്രസ്തുത ആത്മീയ സാമ്രാജ്യത്തിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ഇവർ കൃ ത്രിമ പദ്ധതികൾ നിർദ്ദേശിക്കുന്നു. ഇവർ ജീവിതം മുഴുവനും ലൗകീക കാര്യങ്ങളിൽ മാത്രം ചെലവഴിക്കുന്നവരും ആത്മീയകാര്യങ്ങളെക്കുറിച്ച് വിവരമില്ലാത്തവരും ആകുന്നു. ആഹാരം കുറക്കുകയും വിശപ്പു സഹിക്കുകയും ചെയ്യുകയെന്നത് ആത്മാവിന്റെ സംസ്കാരത്തിന്നും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമ്മമാകുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതുമാകുന്നു. മനുഷ്യൻ ഭക്ഷണപദാർത്ഥങ്ങളിൽ മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനുശേഷം അവനു മറ്റൊരു ജീവിതമുണ്ട്. നിത്യമായ ആ പാരത്രിക ജീവിതത്തെ അലക്ഷ്യമാക്കിക്കളയുകയെന്നത് ദൈവത്തിൽ നിന്നുള്ള വേർ പാടിനെയും അത് വഴി അവന്റെ അനിഷ്ടത്തെയും സ്വയം വരിക്കുകയാകുന്നു.

വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലം വരെ പാനാശനങ്ങൾ ചെയ്യാതെ വിശപ്പു സഹിക്കുക മാത്രമല്ലെന്ന് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽ നിന്നും അകന്നു നില്ക്കുമാറു നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത്. അത്യാവശ്യമാകുന്നു. വിശുദ്ധ നബികരീം (സ) തിരുമേനി റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാവുക പതിവായിരുന്നു. ആകയാൽ നോമ്പ് കാലത്ത് ഭക്ഷ്യപാനീയാദികളെ സംബന്ധിച്ച ചിന്തകളിൽ നിന്നു വിരമിക്കുകയും പ്രസ്തുത കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ടു ശ്രദ്ധയെല്ലാം അല്ലാഹുവിങ്കൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നു വേണം പറയുവാൻ. ഭക്ഷണം കഴിക്കുന്നത് മൂലം ശരീരത്തിനു ബലവും ഓജസ്സും നിലനില്ക്കുന്നത് പോലെ ആത്മീയാഹാരം മൂലം ആത്മാവിന്നു രക്ഷയും ആത്മീയശക്തികയും ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടെയും വാതിൽ ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്ക് അവങ്കൽ നിന്നുതന്നെ സഹായം തേടേണ്ടതാണ്. – ബദർ – 18.1.1907.

'റമദ' സൂര്യോഷ്ണത്തിനാണ് പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളുടെയും ഇതര ശാരീരികാനന്ദങ്ങളുടെയും കാര്യത്തിൽ ക്ഷമ കൈക്കൊള്ളുന്നു. മറ്റൊന്നു അല്ലാഹുവിന്റെ കല്പനകൾക്കായി ഒരുവിധത്തിലുള്ള ഊഷ്മാവും ആവേശവും സംജാതമാകുന്നു. അങ്ങനെ ആത്മീയവും ഭൗതീകവുമായ ഊഷ്മാവുകൾ ഒന്നായിച്ചേർന്ന് റമദാൻ (രണ്ടുവിധത്തിലുള്ള റമദുകൾ) ഉണ്ടാകുന്നു. റമദാൻ മാസം ഉഷ്ണകാലത്തിൽ വന്നത് കൊണ്ടാണ് റമദാൻ എന്ന പേരു സിദ്ധിച്ചതെന്നു വൈയാകരണന്മാരുടെ അഭിപ്രായത്തോടു എനിക്ക് യോജിപ്പില്ല. കാരണം ഇത് അറബികൾക്ക് മാത്രമായുള്ള പ്രത്യേകതയല്ല. ആത്മീയമായ റമദ എന്നത് കൊണ്ട് ആത്മീയമായ അഭിരുചിയും ആനന്ദവും ഊഷ്മാവും ആണുദ്ദേശ്യം–അൽഹക്കം 24.7.1901.

ഖുത്വ്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

# സർവ്വമതങ്ങളേയും ആദരിക്കുന്ന മതമാണ് ഇസ്‌ലാം

**എല്ലാ സമൂഹങ്ങളിലും പ്രവാചകന്മാർ വന്നിട്ടുണ്ടെന്നും അവരെയെല്ലാം ആദരിക്കണമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു.**

**24-07-2009ൽ ലണ്ടനിൽ നിർവ്വഹിച്ച ഖുതുബയിൽ നിന്ന്**

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ. ജമാ അത്തിന്റെ വാർഷിക സമ്മേളനം തുടങ്ങുകയാണ്. കഴിഞ്ഞ 25 വർഷമായി യു.കെ. ജമാഅത്ത് ആഗോള ജൽസയുടെ രീതിയിലുള്ള ജൽസയാണ് സംഘടിപ്പിച്ച് വരുന്നത്. കാലത്തിന്റെ ഖലീഫ ഇവിടെ ഉള്ളതു കൊണ്ട് വിവിധ നാടുകളിൽ നിന്ന് കഴിയുന്ന സഹോദരങ്ങൾ ഇവിടെ വരാറുണ്ട്. അതോടൊപ്പം തന്നെ അനഹ്മദികളായ സുഹൃത്തുക്കളും ഇവിടെ വരുന്നുണ്ട്. അവർ ഈ ജമാ അത്തിനെ മറ്റു മുസ്‌ലിം സംഘടനകളിൽ നിന്നെല്ലാം വ്യത്യസ്തമായി കരുതുകയും അതു കാരണം ഇവിടെ വന്നുകൊണ്ട് നമുക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നു. ചിലരുടെ സന്ദേശങ്ങൾ ഇവിടെ വായിച്ചു കേൾപ്പിക്കാറുണ്ട്. ആഫ്രിക്ക കൂടാതെ മറ്റു നാടുകളിൽ നിന്നും ഇങ്ങനെയുള്ള പ്രതിനിധികൾ വരുന്നുണ്ട്. അവരിൽ ഈ ജൽസ പ്രത്യേക സ്വാധീനം ചെലുത്തുന്നു. അവരുടെ പ്രതികരണങ്ങൾ ജൽസക്ക് ശേഷമുള്ള ഖുതുബയിൽ വിവരിക്കുന്നതാണ്. ഇപ്പോൾ അതിഥികളും ആതിഥേയരുമായ അഹ്മദീസഹോദരന്മാരോട് ചില കാര്യങ്ങൾഉണർത്താൻ ആഗ്രഹിക്കുകയാണ്. കൂടുതലും അതിഥികളാണ് ഈ കാര്യം ശ്രദ്ധിക്കേണ്ടത്.

ഈ ജൽസ ആഗോള ജൽസയായി മാറിക്കഴുഞ്ഞു എന്ന് ഞാൻ പറയുകയുണ്ടായി. ഇതിൽ അന്യരും പങ്കെടുത്തുവരുന്നു. എന്നാൽ നമ്മുടെ അയൽവാസികളിൽ ചിലർ ഇതുവരെ നമ്മെ ശരിക്കും മനസ്സിലാക്കിയിട്ടില്ല. തീവ്രവാദികളാണെന്ന് നമ്മെ കുറിച്ച് പൊതുവിൽ ധരിച്ചുവെച്ചിരിക്കുന്നത് മറ്റു മുസ്ലീം സംഘടനകളെപ്പോലെയാണ് നമ്മളെന്നും അവർ കരുതുന്നു. എനിക്ക് അവസരം കിട്ടുമ്പോഴെല്ലാം അന്യരുടെ സദസ്സിൽ ഈ തെറ്റു ദ്ധാരണ നീക്കാൻ ശ്രമിക്കാറുണ്ട്. ഇസ്‌ലാമിന്റെ അദ്ധ്യാപനത്തിന് ഭീകരവാദവുമായി ഒരു ബന്ധവുമില്ലെന്നും സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും അദ്ധ്യാപനമാണ് ഇസ്‌ലാം നൽകുന്നതെന്നും ഈ അദ്ധ്യാപനങ്ങളെ സ്ഫുടമായരീതിയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ലോകത്തിനുമുമ്പാകെ സമർപ്പിക്കുകയുണ്ടായെന്നും ഞാൻ പറയാറുണ്ട്. അദ്ദേഹത്തിന്റെ ചില ഉദ്ധരണികൾ ആദ്യം കേൾപ്പിക്കുകയാണ്.

ആ മഹാത്മാവ് അതുളുന്നു:

ലോകത്ത് വന്നിട്ടുള്ള എല്ലാ പ്രവാചകൻമാരേയും അവർ ഇന്ത്യയിൽ അവതരിച്ചവരാണെങ്കിലും പേർഷ്യയിൽ അവതരിച്ചവരാണെങ്കിലും ചൈനയിൽ വന്നവരാണെങ്കിലും അതുമല്ലെങ്കിൽ മറ്റേതു നാട്ടിൽ വന്നവരാണെങ്കിലും അവരെയെല്ലാം സത്യവാന്മാരായി കരുതുക എന്ന തത്വം വളരെ പ്രിയമുള്ളതും സമാധാനം സ്ഥാപിക്കുന്നതും പരസ്പരസന്ധിക്ക് അടിത്തറപാകുന്നതും ധാർമിക ഗുണങ്ങൾക്ക് കരുത്തുപകരുന്നതുമാണ്. കോടിക്കണക്കിന് ജനഹൃദയങ്ങളിൽ ആ പ്രവാചകന്മാരോടുള്ള ആദരവ് ദൈവം ഇട്ടിരിക്കുന്നു. അവരുടെ മതത്തെ ഈ ലോകത്ത് നിലനിർത്തുകയും നൂറ്റാണ്ടുകളായി ആ മതങ്ങൾ നിലനിന്നുവരികയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ നമുക്ക് നൽകുന്ന പാഠമാണിത്. അതുകൊണ്ട് നാം പറഞ്ഞ ഈ തത്വത്തിന്റെ കീഴിൽ വരുന്ന എല്ലാ മതഗുരുക്കന്മാരേയും നാം ആദരവോടെയാണ് കാണുന്നത്. അവർ ഹിന്ദു മതഗുരുവരേണ്വരായാലും പാർസി മതഗുരുക്കന്മാരായാലും ജൈന മതഗുരുക്കന്മാരായും യഹൂദികളുടെയോ കൃസ്ത്യാനികളുടേയോ മതഗുരുക്കന്മാരായും ശരി അവരെയെല്ലാം ആദരവോടെയാണ് നാം കാണുന്നത്.

വീണ്ടും അരുളുന്നു

'ഒരു സമൂഹത്തിന്റെയും മതഗുരുക്കന്മാരെ അവമതിക്കാത്ത മതമാണ് ഇസ്‌ലാം. സമൂഹങ്ങൾക്കിടയിൽ സന്ധിയുടെ അടിത്തറപാകിയ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അത് എല്ലാ സമൂഹത്തിലേയും പ്രവാചകന്മാരെ അംഗീകരിക്കുകയും ചെയ്യുന്നു. ലോകത്ത് വിശുദ്ധ ഖുർആന് മാത്രം അഭിമാനിക്കാവുന്ന ഒന്നാണ് പ്രവാചകന്മാരെ സംബന്ധിച്ച് അത് നൽകുന്ന പാഠം. പ്രവാചകന്മാരെക്കുറിച്ച് ആ പവിത്ര ഗ്രന്ഥം പറയുന്നു

(3:85) മുസ്‌ലീങ്ങളെ! നിങ്ങൾ ഇപ്രകാരം പറയുക; ഞങ്ങൾ ലോകത്ത് വന്നിട്ടുള്ള എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുന്നു. വിശ്വാസകാര്യത്തിൽ ഒരു വ്യത്യാസവും ഞങ്ങൾ കൽപ്പിക്കുന്നില്ല.'

മറ്റുള്ളവരുടെ നേതാക്കന്മാരേയും വരിഷ്ഠ വ്യക്തികളെയും പ്രവാചകന്മാരെയും ആദരിക്കുമ്പോഴാണ് സമൂഹത്തിൽ സ്നേഹത്തിന്റെ അന്തരീക്ഷം സ്ഥാപിതമാകുന്നത്. അല്ലാഹുവിൽ നിന്ന് വരുന്നവരേയും ഞങ്ങൾ അല്ലാഹുവിൽനിന്നാണെന്ന് വാദിക്കുകയും അതോടൊപ്പം അവർ അല്ലാഹുവിന്റെ വരിഷ്ഠരാണെന്ന് അംഗീകരിക്കുന്ന ഒരു ജമാഅത്ത് അവരെ പിൻപറ്റുകയും ചെയ്യുന്നുണ്ടെങ്കിൽ അങ്ങിനെയുള്ള വ്യക്തികളെ നാം ആദരിക്കേണ്ടതാണ്. ഇങ്ങിനെയുള്ള അദ്ധ്യാപനം നിലനിൽക്കേ ഇസ്‌ലാമിനെ ഭീകരമതമായും തീവ്രമതമായും ചിത്രീകരിക്കുക എന്നതും ഈ അദ്ധ്യാപനങ്ങളെ അംഗീകരിക്കുന്നവരെ ഭീകരവാദികളായി മുദ്രകുത്തുക എന്നതും തികച്ചും നീതീകരിക്കാൻ കഴിയാത്ത പ്രവർത്തനങ്ങളാണ്.

അതുകൊണ്ട് ഞങ്ങളെകുറിച്ച് തെറ്റിദ്ധാരണ വെച്ചുപുലർത്തുന്ന അയൽവാസികളോട് എനിക്ക് പറയാനുള്ളത് ഞങ്ങളെ കുറിച്ചുള്ള എല്ലാ തെറ്റിദ്ധാരണകളും നിങ്ങളുടെ മനസ്സിൽനിന്നും നീക്കണമെന്നാണ്. ഞങ്ങളെ കുറിച്ച് നിങ്ങളുടെ ഹൃദയം ശുദ്ധമാക്കിവെക്കുക. ശത്രുക്കളോടുപോലും വെറുപ്പ് ഹൃദയത്തിൽ കൊണ്ടുനടക്കരുതെന്ന് കൽപ്പിക്കപ്പെട്ടവരാണ് ഞങ്ങൾ. അവർക്ക് വേണ്ടി പ്രാർത്ഥിക്കാനാണ് ഞങ്ങളോട് പറയപ്പെട്ടിരിക്കുന്നത്. ഇസ്‌ലാമിൽ അയൽവാസികളോട് വലിയ കടപ്പാടുണ്ടെന്നാണ് പഠിപ്പിച്ചിരിക്കുന്നത്. ഒരിക്കൽ തിരുനബി(സ) അരുളി, അയൽപക്കക്കാരോടുള്ള നമ്മുടെ കടമകളെ കുറിച്ച് അല്ലാഹു ഇത്രമാത്രം താക്കീത് ചെയ്തിരിക്കുന്നു. എത്രമാത്രമെന്നാൽ നമ്മുടെ സ്വത്തിന്റെ അവകാശികളായി അവരെ പ്രഖ്യാപിക്കുകമോ എന്നു പോലും ഞാൻ കരുതുകയുണ്ടായി. അതിനാൽ ഞങ്ങളെക്കുറിച്ച് ആർക്കെങ്കിലും ആശങ്കകളുണ്ടെങ്കിൽ നിങ്ങൾ അതെല്ലാം കൈവെടിഞ്ഞാലും. ഹദീഖത്തുൽ മഹ്ദി എന്ന് നാമകരണം ചെയ്യപ്പെട്ട ഈ സ്ഥലത്ത് ഞങ്ങൾ ഹിദായത്തിന്റെ തോട്ടം വെച്ചുപിടിപ്പിക്കാനാണ് വന്നിരിക്കുന്നത്. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സമസൃഷ്ടിസേവനത്തിന്റെയും വിത്ത് വിതക്കാനാണ് ഞങ്ങളിവിടെ വന്നിരിക്കുന്നത്.

ജമാഅത്തിന് പുറത്തുള്ള പലരുംതന്നെ നമ്മോട് സഹാനുഭൂതി പ്രകടിപ്പിക്കുന്നവരാണ്. നമുക്ക് വേണ്ടി എന്തു സഹായവും ചെയ്യാൻ അവർ എപ്പോഴും തയ്യാറാണ്. അവരെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു. ജൽസയുമായി ബന്ധപ്പെട്ട് കുറച്ച് പ്രശ്നങ്ങൾ നേരിടേണ്ടി വന്നു. ഇവരിൽ പലരും നമ്മെ സഹായിക്കുകയും ഈ വർഷവും ജൽസ നടത്താനുള്ള അനുവാദം തരുന്നതിന് അവർ നമുക്കനുകൂലമായി അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. എല്ലാ അഹ്മദികളും ഇവർക്ക് നന്ദിയുള്ളവരായിത്തീരേണ്ടതാണ്.

നമ്മോട് സഹാനുഭൂതി പ്രകടിപ്പിക്കുന്നവരോട് എനിക്ക് പറയാനുള്ളത് മറ്റെല്ലാ മതഗുരുക്കന്മാരേയും ആദരിക്കുന്ന അദ്ധ്യാപനമാണ് ഇസ്‌ലാം നൽകുന്നത് എന്നാണ്. എന്നാൽ ഇന്ന് പാശ്ചാത്യനാടുകളിൽ ഞങ്ങളുടെ യജമാനനും നേതാവുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)യെകുറിച്ചും അദ്ദേഹത്തിന്റെ പ്രിയ പത്നിമാരെകുറിച്ചും വിശുദ്ധ ഖുർആനെകുറിച്ചും വളരെ നീചവും തരംതാണതുമായ അശ്ലീല പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. അതിനെ അഹ്മദികളല്ലാത്ത മുസ്‌ലിംകൾ, ഖിലാഫത്തിന്റെ അനുഗ്രഹത്തിൽനിന്ന് പിൻതള്ളപ്പെട്ട മുസ്‌ലിംകൾ പ്രതികരിക്കുന്നുണ്ട്. അവർക്ക് ശരിയായ മാർഗ്ഗദർശനമില്ലാത്തതു കാരണം അവരുടെ പ്രതികരണം അക്രമാസക്തമാകുകയും അത് ഭീകരതയിലേക്ക് വഴിതെറ്റുകയും ചെയ്യുന്നു. എന്നാൽ അഹ്മദിയ്യാ പ്രസ്ഥാനവും ഇതിനെ ശക്തമായ രീതിയിൽ പ്രതികരിക്കുന്നുണ്ട്. ഞങ്ങളുടെ പ്രതികരണം ഇസ്‌ലാമിന്റെ സുന്ദരമായ അദ്ധ്യാപനങ്ങളേയും തിരുദൂതരുടെ തിരുചര്യകളേയും ലോകത്ത് പ്രദർശിപ്പിക്കുന്ന രീതിയിലായിരിക്കും ഉണ്ടാവുക. ഇവിടെയുള്ള എഴുത്തുകാരെന്നറിയപ്പെടുന്നവർ മുസ്‌ലിം വികാരത്തെ വ്രണപ്പെടുത്തുന്നരീതിയിലാണ് അശ്ലീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. എന്നാൽ നാട്ടിൽ സമാധാനം നിലനിർത്തുന്നതിനും സൗഹൃദം സ്ഥാപിക്കുന്നതിനുവേണ്ടി മറ്റുള്ളവരുടെ വികാരത്തെ മാനിക്കേണ്ടത് അത്യാവശ്യമാണ്. ഉത്ബുദ്ധജനത്തിന്റെ മുമ്പാകെ ഈ കാര്യം ഞാൻ പറയുമ്പോഴെല്ലം അവരിത് അംഗീകരിച്ചിട്ടുണ്ട്.

ജൽസാ സാലാനയുടെ യഥാർത്ഥ ഉദ്ദേശ്യം തന്നെ നമ്മിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കുക എന്ന

*(ശേഷം 26- ൽ)*

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
ഖലീഫത്തുൽ മസീഹ് IV

# സ്വർഗ്ഗവാതിലുകൾ തുറക്കപ്പെടുന്ന റമദാൻ മാസം

## റമദാൻ മാസത്തെ പുണ്യങ്ങളെ സംബന്ധിച്ച് ഖലീഫത്തുൽ മസീഹ് നാലാമൻ വിവരിക്കുന്നു

വ്രതാനുഷ്ഠാനത്തെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർ ആനിൽ അരുൾ ചെയ്യുന്നു:

*"സത്യവിശ്വാസികളേ, നിങ്ങൾ ഭയഭക്തിയും സൂക്ഷ്മതയും ഉള്ളവരായിത്തീരുന്നതിന് നിങ്ങൾക്ക് മുമ്പുള്ളവരിൽ കടമയാക്കപ്പെട്ടതുപോലെ വ്രതാനുഷ്ഠാനം നിങ്ങൾക്കും കടമയാക്കപ്പെട്ടിരിക്കുന്നു. ഇത് എണ്ണപ്പെട്ട ചില ദിവസങ്ങളാണ്. നിങ്ങളിൽ ആരെങ്കിലും രോഗിയോ യാത്രക്കാരനോ ആണെങ്കിൽ മറ്റു ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കട്ടെ (2:184, 185). 'വ അലല്ലദീന യുഥീ ഖൂനഹു ഹിദ്‌യത്തുൻ ഥആമുമ്മിസ്കീൻ' കഴിവുള്ളവർ സാധുവിന് ഭക്ഷണം 'ഫിദ്‌യ്' ആയി നൽകേണ്ടതാണ്"* (2:185)

ഇവിടെ വന്ന 'ഹു' (അതിന്ന്) എന്ന പദത്തിന് രണ്ടു വിവക്ഷിതങ്ങളുണ്ട് (1) ഭക്ഷണം കൊടുക്കാൻ കഴിവുള്ളവർ. (2) നോമ്പനുഷ്ഠിക്കാനുള്ള ശക്തിയില്ലാത്തവർ അതായത് നോമ്പനുഷ്ഠിക്കാനുള്ള ശക്തിയില്ലാത്തവർ ഒരു പാവപ്പെട്ടവന് ഒരു ദിവസത്തെ ഭക്ഷണം കൊടുക്കേണ്ടതാണ്.

*'ഫമൻ തത്വവ്വഅ ഖൈറൻ ഫഹൂവഖൈറുൽ ലഹു' (2:185) ഇവിടെ വന്ന 'തത്വവ്വഅ'* എന്ന വാക്കിനും രണ്ടർത്ഥങ്ങളുണ്ട്. (1) നിങ്ങളിൽ ആരെങ്കിലും ഐച്ഛികമായിട്ടു നന്മ ചെയ്യുകയാണെങ്കിൽ അത് അയാൾക്ക് പുണ്യം തരുന്നതായിരിക്കും. കടമ ചെയ്തതിന്നുശേഷമാണ് ഐച്ഛികമായ കാര്യങ്ങൾ ചെയ്യേണ്ടത്. കടമക്ക് പകരമായി ഐച്ഛിക കാര്യങ്ങൾ ചെയ്യുക നന്മയാകുന്നില്ല. (2) രണ്ടാമത്തെ അർത്ഥം അനുസരണബോധത്തോടുകൂടി നന്മ ചെയ്യുന്നവർക്ക് അതിന്റേതായ പുണ്യം ലഭിക്കുന്നതാണ്. റമദാൻ മാസത്തിൽ രോഗിയോ യാത്രികനോ നോമ്പനുഷ്ഠിക്കുന്നത് പുണ്യകർമ്മമല്ല. ഇത് അല്ലാഹു തന്നരുളിയ ഒരനുവാദത്തെ തിരസ്ക്കരിക്കുന്നതിന്ന് തുല്യമാണെന്ന് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തന്റെ ഫത്‌വയിൽ അരുൾ ചെയ്യുകയുണ്ടായി. നന്മ അനുസരണത്തിലാണധിഷ്ഠിതമായിട്ടുള്ളത്. ബലാൽക്കാരമായി നന്മ ചെയ്തുകൊണ്ട് അല്ലാഹുവിനോടു ധിക്കാരം കാണിക്കുന്നതിലല്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഈ ആയത്തിന്നു നൽകിയിരുന്ന അർത്ഥം, 'പരിപൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ട് നന്മ ചെയ്യുന്ന ആൾക്ക് അതാണുത്തമം' എന്നാണ്.

*'വ അൻതസുമു ഖൈറുൻ ലക്കും ഇൻകുൻതും തഅ്‌ലമുൻ'* ഈ മാസത്തിൽ നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് എന്തുകൊണ്ടും നന്മദായകമാണ (2:184, 185). വ്രതാനുഷ്ഠാനത്തിൽ എന്തെല്ലാം ഗുണങ്ങളും നന്മകളും അടങ്ങിയിരിക്കുന്നുവെന്ന് നിങ്ങൾ അറിയുമെങ്കിൽ തീർച്ചയായും നിങ്ങൾ നോമ്പനുഷ്ഠിക്കുന്നതായിരിക്കും.

വ്രതാനുഷ്ഠാനത്തെ സംബന്ധിച്ച് ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ ചില ഉപദേശങ്ങളും നിർദ്ദേശങ്ങളും നിങ്ങളുടെ മുമ്പാകെ വെക്കുകയാണ്. ഹദ്റത്ത് അബ്ദുർ റഹ്മാനിബുനു ഔഫ് (റ) രിവായത്ത് ചെയ്യുന്നു. "ഏതൊരാൾ റമദാൻ മാസത്തിൽ ഈമാനോടും പുണ്യം ലഭിക്കണമെന്ന ഉദ്ദേശ്യത്തോടും കൂടി ദൈവാരാധന ചെയ്യുന്നുവോ, അയാൾ നവജാത ശിശുവിനെപ്പോലെ പാപങ്ങളിൽ നിന്നു പരിശുദ്ധനായിതീരുന്നു എന്നു ഹദ്റത്ത് റസൂലുല്ലാഹ്(സ) അരുൾ ചെയ്തു" അങ്ങനെ ഓരോ റമദാനും നമുക്കു പുതിയൊരു ജന്മത്തിന്റെ സുവിശേഷവുമായി ആഗതമാകു

ന്നു. നബിതിരുമേനിയുടെ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും അനുസരിച്ച് നാം നോമ്പനുഷ്ഠിക്കുകയാണെങ്കിൽ ഓരോരോവർഷവും പുതിയൊരാത്മീയ ജന്മമെടുക്കുവാനും കഴിഞ്ഞ കാലത്തുണ്ടായ പാപങ്ങളിൽ നിന്ന് പരിശുദ്ധിയാർജ്ജിക്കുവാനും സാധിക്കുന്നതാണ് (കിതാബ് സൗം, നിസായി).

മറ്റൊരു രിവായത്തിൽ, ഏതൊരാൾ റമദാൻ മാസത്തിൽ തഹജ്ജുദ് നമസ്ക്കരിക്കുന്നുവോ അയാളുടെ കഴിഞ്ഞകാല പാപങ്ങളെല്ലാം കഴുകപ്പെടുന്നതാണെന്ന് ഹ: നബികരീം(സ) അരുൾ ചെയ്തതായി ഹ: അബൂബഹുറയ്റ (റ) പറയുന്നു.

റമദാൻ മാസവും തഹജ്ജുദ് നമസ്കാരവുമായി അഭേദ്യമായ ബന്ധമുണ്ട്. ഇതരമാസങ്ങളിലും തഹജ്ജുദ് നമസ്കരിക്കപ്പെടുന്നെങ്കിൽ കൂടി നോമ്പനുഷ്ഠിക്കുന്നവർക്ക് തഹജ്ജുദിൽ പ്രവേശിക്കുവാനുള്ള ഒരു വഴി തുറന്നുകിട്ടുന്നുവെന്നു ഇതിൽനിന്നു മനസ്സിലാകുന്നു. മറ്റു ദിവസങ്ങളിൽ തഹജ്ജുദിന് എഴുന്നേൽക്കുന്നത് ഭാരമായിത്തോന്നുമെങ്കിലും റമസാനിൽ വയറിനുവേണ്ടി, അതായത് അത്താഴം കഴിക്കാനായി ഏതായാലും എഴുന്നേൽക്കുവാൻ നിർബന്ധിതനായിത്തീരുന്നു. അങ്ങനെ ഭൗതികമായ ആഹാരത്തിന്നായി ഉണരുമ്പോൾ എന്തുകൊണ്ട് ആത്മീയാഹാരത്തെയും അതിനോടനുബന്ധിപ്പിച്ചുകൂടാ?

ഹ. നബി കരീം (സ) അരുൾ ചെയ്തതായി ഹ: അബൂഹുറയ്റ (റ) രിവായത്ത് ചെയ്യുന്നു!

*"റമസാൻ മാസം ആഗതമാകുമ്പോൾ സ്വർഗ്ഗവാതിൽ തുറക്കപ്പെടുകയും നരകവാതിലുകൾ അടക്കപ്പെടുകയും ശൈത്ത്വാൻ ചങ്ങലയിൽ ബന്ധിതനാവുകയും ചെയ്യുന്നു''*

റമദാൻ മാസത്തിൽ നരകശിക്ഷക്കർഹമായ ഒരു പാപകർമ്മവും ലോകത്ത് നടക്കുന്നതല്ല എന്നോ വിശ്വാസികളോ അല്ലാത്തവരോ ആയവർക്കെല്ലാംതന്നെ സ്വർഗ്ഗവാതിലുകൾ തുറന്നിടപ്പെടുമെന്നോ ഒരിക്കലും ഈ ഹദീസിന്നർത്ഥമില്ല. വാസ്തവമെന്തെന്നാൽ, പ്രത്യക്ഷത്തിൽ ഒരു സത്യവിശ്വാസിയാണെങ്കിലും അയാൾ റമദാനുമായി ബന്ധപ്പെട്ട കടമകൾ നിർവ്വഹിക്കുന്നില്ലെങ്കിൽ അയാൾക്ക് വേണ്ടി നരകത്തിന്റെ വാതിലുകൾ മലർക്കേ തുറന്നിടപ്പെടുന്നതാണ്.

വാസ്തവത്തിൽ ഈ ഹദീസുകൊണ്ടുള്ള ഉദ്ദേശ്യം. വിശുദ്ധ ഖുർആന്റെയും നബികരി(സ)മിന്റെയും അദ്ധ്യാപനങ്ങളനുസരിച്ച് ആ അദ്ധ്യാപനങ്ങളുടെ വൃത്തത്തിന്നകത്ത് ജീവിക്കുന്നവർക്ക് സുവിശേഷം നൽകുക എന്നതാണ്.

വിശുദ്ധ ഖുർആൻ ധാരാളം സ്ഥലങ്ങളിൽ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കാനുള്ള കൽപ്പന കാണപ്പെടുന്നു. വാസ്തവത്തിൽ ഈ രണ്ടു അനുസരണയും ഒന്നു തന്നെയാണ്. റസൂലുല്ലായെ (സ) അനുസരിക്കുക എന്നത് അല്ലാഹുവിനെ അനുസരിക്കുക തന്നെയാണ്. അങ്ങനെ അല്ലാഹുവിനെയും തിരുനബി (സ)യെയും അനുസരിക്കുന്നവർക്കായി സ്വർഗ്ഗവാതിലുകൾ തുറന്നിടപ്പെടുന്നു. റമദാൻ മാസത്തിൽ സ്വർഗ്ഗവാതിലുകൾ സത്യവിശ്വാസികൾക്കായി തുറന്നിടപ്പെടും എന്നത് കൊണ്ട് ഇതര മാസങ്ങളിൽ അടക്കപ്പെടും എന്നും അർത്ഥമില്ല. മറിച്ച്, ഇതര മാസങ്ങളെ അപേക്ഷിച്ച് ഒരു സത്യവിശ്വാസി റമദാനിൽ അധികമായി പുണ്യകർമ്മങ്ങൾ ചെയ്യുന്നതാണെന്നും ഇതരകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുവാൻ സമയം കിട്ടാത്ത നിലയിലായിരിക്കുമെന്നുമാണ് ഇതിന്റെ താൽപ്പര്യം.

ഈ ഹദീസിൽവന്ന ശൈത്ത്വാൻ ബന്ധിതനാവുക എന്നു പറഞ്ഞതിന്റെ യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ഇതിൽ ഹ: റസൂലുല്ലാഹ് (സ) തിരുമേനിയുടെ ഒരു സന്ദേശവും അധ്യാപനവുമാണ് അടങ്ങിയിരിക്കുന്നത്. ശൈത്ത്വാൻ എന്നാൽ എന്താണ്? അവനെ എങ്ങനെ ബന്ധിതനാക്കുവാൻ സാധിക്കും? എന്ന കാര്യത്തെക്കുറിച്ച് കൂലങ്കഷമായി ചിന്തിക്കുകയാണെങ്കിൽ റമദാന്നുശേഷവും നമുക്കു ഈ ശൈത്ത്വാനെ എന്നെന്നേക്കുമായി ബന്ധിതനാക്കുവാൻ സാധിക്കുന്നതാണ്. അവനെ ഒരിക്കലും തന്നെ നമ്മുടെ ജീവിതവുമായി അമ്മാനമാടുവാൻ അനുവദിക്കാതെ അവനെ സ്വതന്ത്രനായി വിടാതിരിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങളിൽ നിന്നു വിട്ടുപോയ സ്വഭാവങ്ങൾ നിങ്ങളുടെ ജീവിതത്തിൽ വീണ്ടും കുടിയിരിക്കുവാൻ തുടങ്ങുന്നതാണ്.

വാസ്തവത്തിൽ ഉന്നത സ്ഥാനമലങ്കരിക്കുന്ന ഒരു വിശ്വാസി എപ്പോഴും നിയന്ത്രണാധീനനായി ജീവിതം നയിക്കുന്നയാളാണ്. ഒരു റമദാൻ കഴിഞ്ഞാലും അയാൾ സ്വതന്ത്രനായി പുറത്തുവരുന്നില്ല.

ഹദ്റത്ത് റസൂൽ കരീം (സ) അരുൾ ചെയ്യുന്നു: "ലോകം സത്യവിശ്വാസിക്ക് ഒരു തടവറയും അവിശ്വാസിക്ക് സ്വർഗ്ഗവുമാണ്." ഇവിടെ ശൈത്ത്വാൻ ബന്ധിതനാകുന്നെന്നല്ല പ്രത്യുത സത്യവിശ്വാസി തടവറയിൽ ബന്ധിതനാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഓരോ വിശ്വാസിയുടെ അകത്തും കുടിയിരിക്കുന്ന ശൈത്ത്വാൻ അയാളെ എപ്പോഴും വഴിപിഴപ്പിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ഈ ശൈത്ത്വാനെ ജീവപര്യന്തം തടവിലിടുകയാണെങ്കിൽ റസൂൽ തിരുമേനി(സ)യുടെ

പ്രസ്തുത ഹദീസ് സാർത്ഥകമായിത്തീരുന്നു. ഒരു വിശ്വാസിയിൽ *നഫ്സെ അമ്മാറ* (ദോഷപ്രവണമായ ആത്മാവ്) എന്ന ശൈത്വാൻ ഓടിക്കൊണ്ടിരിക്കുന്നു. എന്നാൽ ആ ആൾ റമസാനിൽ ആത്മനിയന്ത്രണം പാലിക്കുന്നതുകൊണ്ട് അയാളുടെ ആത്മാവ് തടവിൽ ബന്ധിതമാകുന്നു.

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണപ്പെടുന്നു. ഇതും അബൂഹുറയ്റ(റ)യുടെ രിവായത്താണ്. "റമദാന്റെ ആദ്യരാത്രി സമാഗതമാകുമ്പോൾ ശൈ ത്വാനും ജിന്നും ബന്ധിതരായിത്തീരുകയും നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുകയും ചെയ്യുന്നു." ഇവിടെ വന്ന ജിന്ന് എന്നത് കൊണ്ടെന്താണുദ്ദേശ്യം? ശൈത്വാൻ നഫ്സെ അമ്മാറയാണെങ്കിൽ കോപവും ജ്വലനവും ഉണ്ടാകുന്ന അവസ്ഥക്കാണ് ജിന്ന് എന്ന് പറയപ്പെടുന്നത്. റസൂൽ തിരുമേനി(സ) കോപാഗ്നിയെ ജിന്നുമായി താരതമ്യപ്പെടുത്തിപ്പറഞ്ഞിരിക്കുന്നു. ചിലർ പെട്ടെന്നു കോപിക്കുന്ന സ്വഭാവമുള്ളവരായിരിക്കും. എന്നാൽ നോമ്പനുഷ്ഠിച്ചുകൊണ്ടുള്ള അവസ്ഥയിൽ ആരെങ്കിലും കോപമുണ്ടാകുന്ന കാര്യം പറയുകയോ ക്ഷമ കൈക്കൊള്ളണമെന്ന നബി തിരുമേനി(സ)യുടെ സന്ദേശം അയാളെ കോപം പ്രകടിപ്പിക്കുന്നതിൽ നിന്നു തടുത്തുനിർത്തുന്നു. അങ്ങനെ ശൈത്വാനോടൊപ്പം ജിന്നും തടവിലാക്കപ്പെടുന്നു. ഇവിടെ ജിന്ന് എന്നത് കൊണ്ട് കോപാഗ്നി എന്നാണുദ്ദേശ്യം. ഇവ രണ്ടും (ശൈത്വാനും ജിന്നും) ബന്ധിതരാവുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ റമദാൻ മാസം ദോഷപ്രവണമായ ആത്മാവുമായി യുദ്ധം ചെയ്യുവാനുള്ള മാസമാണ്. അങ്ങനെ ഓരോ റമദാനും നോമ്പനുഷ്ഠിക്കുന്നവരെ എന്നെന്നേക്കുമായി നരകത്തിൽനിന്നു മോചിതരാക്കുന്നു. ഓരോ റമദാനുശേഷവും അയാൾ ഒരു പുതിയ മനുഷ്യനായി രൂപാന്തരപ്പെടുന്നു. അയാളിൽ ആത്മീയമായ ഒരു പരിവർത്തനം ഉണ്ടാകുന്നു.

ഹദ്റത്ത് റസൂൽ കരീം (സ) അരുൾ ചെയ്തതായി ഹദ്റത്ത് അബൂഹുറയ്റ രിവായത്തു ചെയ്യുന്നു: "വ്രതം ഒരു പരിചയാണ്." എല്ലാവിധത്തിലുള്ള അപായങ്ങളെയും തടുത്തുനിർത്തുന്ന ഒരു രക്ഷാകവചമാണ് പരിച. അങ്ങനെ വ്രതാനുഷ്ഠാനം എന്ന അഭയകേന്ദ്രത്തിൽ ഉള്ള ഒരാൾക്ക് എല്ലാവിധത്തിലുള്ള അപകടങ്ങളിൽ നിന്നും രക്ഷ നേടുവാൻ സാധിക്കുന്നു. എന്നാൽ നോമ്പെടുത്ത ഒരാൾ പഴയ പോലെത്തന്നെ അനാവശ്യ സംസാരങ്ങളും അസഭ്യവാക്കുകളും നുണയും ഏഷണിയും കോപാഗ്നി സ്ഫുരിക്കുന്ന വാക്കുകളും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അത്തരത്തിലുള്ള വ്രതാനുഷ്ഠാനം വെറും വിശപ്പിന്റെ ശിക്ഷ അനുഭവിക്കുക എന്നതല്ലാതെ അതിന്നൊരർത്ഥവും ഇല്ല തന്നെ.

ഇന്നു രാവിലെ പാക്കിസ്താനിലെ സ്ഥിതിവിശേഷങ്ങളെക്കുറിച്ചറിയാൻ, ഒരുപക്ഷേ ഈ പരിശുദ്ധ റമദാനിൽ അവിടെ കൊള്ളയും കൊലയും ഒന്നുമുണ്ടാവുന്നതല്ല എന്ന പ്രതീക്ഷയോടെ പത്രം നോക്കിയപ്പോൾ എനിക്കു വളരെ നിരാശയും വിഷമവും തോന്നുകയുണ്ടായി. പാക്കിസ്താനിലെ തെരുവുകളിൽ കുറച്ചുകാലത്തേക്കെങ്കിലും ശാന്തിയും സമാധാനവും ഉണ്ടാകും എന്നു ഞാനാശിച്ചിരുന്നു. എന്നാൽ പത്രം മുഴുവനും അവിടെ നടക്കുന്ന പാപകൃത്യങ്ങളുടെ വാർത്തകളിൽ നിറഞ്ഞിരുന്നു. അതിൽ പാക്കിസ്താനിൽ നടക്കുന്ന എല്ലാവിധത്തിലുള്ള ഫസാദുകളുടെയും കലാപങ്ങളുടെയും വാർത്തകൾ നിറഞ്ഞുകിടക്കുകയാണ്. പാക്കിസ്താനിൽ പരിശുദ്ധ റമദാനെക്കുറിച്ചുള്ള കാര്യങ്ങൾ പള്ളികളിൽ മാത്രം പരിമിതമായിത്തീർന്നിരിക്കുന്നതായി തോന്നുന്നു. എന്നാൽ പാക്കിസ്താനിലെ തെരുവുകളും അങ്ങാടികളും വീടുകളും അവിടത്തെ രാപ്പകലുകളും ഹദ്റത്ത് റസൂൽ തിരുമേനി(സ)യിൽ നിന്നും റമദാനിൽ നിന്നും വളരെ വളരെയധികം ദൂരെയാണ്. അവിടെ ആർക്കുംതന്നെ വ്രതാനുഷ്ഠാനം എന്ന പരിച ലഭിച്ചിട്ടില്ല. ഒരു കുടുംബത്തിലെ അംഗങ്ങളെ മുഴുവൻ വെട്ടിക്കൊലപ്പെടുത്തിയ ഒരു വാർത്ത പ്രസ്തുത പത്രത്തിൽ കാണപ്പെടുന്നു. അവിടെ നരകത്തിന്റെ വാതിലുകൾ അടഞ്ഞിരിക്കുന്നു എന്ന് എങ്ങനെയാണ് പറയുവാൻ സാധിക്കുക?

ഹദ്റത്ത് റസൂൽ കരീം(സ) ഇപ്രകാരം അരുൾ ചെയ്യുന്നു:

***"ഓരോ വസ്തുവിനും ഒരു വാതിലുണ്ട്. ഇബാദത്തിലേക്ക് പ്രവേശിക്കാനുള്ള വാതിൽ നോമ്പാണ്"***

ഇതിന്റെ അർത്ഥമെന്താണ്? റമദാനിലെ നോമ്പല്ലാതെ മറ്റൊരു ഇബാദത്തും ഇല്ലെന്നാണോ? അഞ്ചുനേര നമസ്കാരവും തഹജ്ജുദും എല്ലാം തന്നെ വർഷം മുഴുവനും അനുഷ്ഠിക്കപ്പെടുന്ന സ്ഥിതിയിൽ വ്രതാനുഷ്ഠാനത്തെ ഇബാദത്തുകളുടെ വാതിൽ എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്? ഇതിന്റെ ഒരർത്ഥം, ആരാധനയെക്കുറിച്ച് അതിന്റെ വിശാലവും ഉദാത്തവും ആയ രീതിയിൽ റമദാൻ പഠിപ്പിക്കുന്നതുപോലെ മറ്റൊരു മാസവും പഠിപ്പിക്കുന്നില്ല എന്നാണ്. മറ്റൊരർത്ഥം, ഇബാദത്തിലുള്ള ആനന്ദാനുഭൂതി റമദാനിൽ ലഭിക്കുന്നതുപോലെ മറ്റൊരു മാസത്തിലും ലഭിക്കുന്നില്ല എന്നാണ്. റമദാന്റെ വാതിലിൽകൂടി പ്രവേശിച്ചാലേ ഇബാദത്തിന്റെ യഥാർത്ഥ ആനന്ദം ലഭിക്കുകയുള്ളൂ.

മറ്റൊരു ഹദീസിൽ റസൂൽ കരീം(സ) അരുൾ ചെയ്യുന്നു:

“റമദാൻ സുരക്ഷിതമാണെങ്കിൽ വർഷം മുഴുവനും സുരക്ഷിതമാണ്”

റമദാനുമായി ബന്ധപ്പെട്ട കടമകളെ ശരിയായ രീതിയിൽ പൂർത്തിയാക്കുന്ന ഒരു മുഅ്മിനുള്ള സുവിശേഷമാണിവിടെ അറിയിക്കുന്നത്. അയാളുടെ മുഴുവൻ വർഷവും സുരക്ഷിതമായിരിക്കും.

ആദ്യത്തെ ഹദീസുകളിൽ ഭൂതകാലത്തെക്കുറിച്ചുള്ള സുവിശേഷങ്ങളാണെങ്കിൽ, അതായത് കഴിഞ്ഞ കാല പാപങ്ങൾ പൊറുക്കപ്പെടുന്നതാണെന്നും അപ്പോഴുണ്ടായ ന്യൂനതകളും പോരായ്മകളും പൊറുക്കപ്പെടുന്നതാണെന്നുമുള്ള സുവിശേഷമാണടങ്ങിയിരിക്കുന്നതെങ്കിൽ, നിങ്ങൾ ശരിയായ രീതിയിൽ റമദാന്റെ കടമകൾ നിർവ്വഹിക്കുകയാണെങ്കിൽ ഭാവിയിലുള്ള പതിനൊന്നു മാസങ്ങളും സുരക്ഷിതമായിരിക്കുമെന്നു സുവിശേഷം ഈ ഹദീസ് നൽകുന്നു.

ഹദ്റത്ത് റസൂൽ കരീം (സ) ഇപ്രകാരം അരുൾ ചെയ്യുന്നു: **“സുമുതസിഹ്ഹു”** നിങ്ങൾ നോമ്പെടുക്കുകയാണെങ്കിൽ ആരോഗ്യവാനായിത്തീരുന്നതാണ്.”

റമസാൻ മാസത്തിൽ വ്രതാനുഷ്ഠാനം മൂലം ആരോഗ്യം നന്നായിത്തീരുകയാണ് ചെയ്യുന്നത്. മോശമാവുന്നില്ല. എന്നാൽ ഒരു രോഗി നോമ്പെടുക്കരുതെന്ന അല്ലാഹുവിന്റെ കൽപ്പനയെ അവഗണിച്ചുകൊണ്ട് നോമ്പെടുത്തു രോഗം മൂർച്ഛിക്കുകയാണെങ്കിൽ അത് നോമ്പിന്റെ കുറ്റമാകുന്നില്ല. അമിതവണ്ണമുള്ള ചിലർ ഭക്ഷണനിയന്ത്രണം നടത്തുന്നു. വർഷം മുഴുവനും ശ്രമിച്ചിട്ടും അവരുടെ ഭാരം കുറയുന്നില്ല. അവർ അധികം ഭക്ഷണം കഴിക്കുന്നത് കൊണ്ടല്ല ഇങ്ങനെ ഭാരം കൂടുന്നത്. എന്റെയടുക്കൽ ഇതുപോലുള്ള രോഗികൾ വരാറുണ്ട്. ഇവർ ഭക്ഷണം കുറയ്ക്കുകയാണെങ്കിൽ ശരീരത്തിൽ രക്തം കുറയുന്നുവെന്നല്ലാതെ ശരീരം മെലിയുന്നില്ല. ചിലർക്ക് തങ്ങളുടെ തടി കുറക്കാനുള്ള ശ്രമത്തിൽ എനീമിയ ഉണ്ടാകുന്നു. അങ്ങനെ അവരോടു ആഹാരം നോർമ്മൽ ആക്കുവാൻ ഡോക്ടർമാർ ഉപദേശിക്കുന്നു. Metabolism എന്നാൽ, ഒരാൾ ആഹാരം കഴിക്കുന്നു. അത് അയാളുടെ ശരീരത്തിനകത്ത് ദഹിക്കുന്നു. അതോടൊപ്പം ആ ആഹാരം ഊർജ്ജമായി പരിണമിക്കുന്നു. അങ്ങനെ ആ ഊർജ്ജം ജൈവ രാസപ്രവർത്തനങ്ങൾക്കും മറ്റു ശാരീരികവ്യവസ്ഥകളുടെ പ്രവർത്തനങ്ങൾക്കും വേണ്ടി വിനിയോഗിക്കപ്പെടുന്നു. അതായത്, മസ്തിഷ്ക്ക പ്രവർത്തനത്തിനും ഹൃദയമിടിപ്പിനും ശ്വാസോച്ഛ്വാസത്തിനും മറ്റുമായി അതു പ്രയോജനപ്പെടുന്നു. ഇതിൽ നിന്നു ശരീരത്തിന്നുള്ള ഊഷ്മാവും ലഭ്യമാകുന്നു. എന്നാൽ ഈ പ്രവർത്തനം മോശമാവുകയും സന്തുലിതാവസ്ഥയിൽ വ്യതിയാനം ഉണ്ടാവുകയും ചെയ്യുമ്പോൾ ഒരാൾ കഴിക്കുന്ന ആഹാരത്തിൽ നിന്നു ശരീരത്തിനാവശ്യമായ ഊർജ്ജമെടുത്ത് അവശേഷിക്കുന്ന ഊർജ്ജം മാംസത്തിൽ കൊഴുപ്പായി ശേഖരിക്കപ്പെടുന്നു. നല്ല ആരോഗ്യവും വ്യായാമം ചെയ്യുന്ന സ്വഭാവവും ഉള്ള ആളിൽ ആ ഊർജ്ജം പേശികളിൽ ചെന്നുചേരുന്നു. അതിൽ നിന്നു പ്രോട്ടീൻ ഉണ്ടാകുന്നു. എന്നാൽ വ്യായാമം ചെയ്യാത്ത ആളിൽ ഇത് പേശികളിൽ അത് പ്രാവർത്തികമാകുന്നില്ല. ഇതിന്നുള്ള ചികിത്സ വ്രതാനുഷ്ഠാനമാണ്.

അതേപ്രകാരം വിശപ്പനുഭവപ്പെടാത്തവർക്ക് വ്രതാനുഷ്ഠാനം മുഖേന ഈ അവസ്ഥ മാറുന്നു. ഇത് മനുഷ്യന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ചുരുക്കത്തിൽ വ്രതാനുഷ്ഠാനം ആരോഗ്യത്തെ നശിപ്പിക്കുന്നില്ല. മറിച്ച്, അത് ആരോഗ്യദായകമാണെന്ന് വൈദ്യശാസ്ത്രം പറയുന്നു. ഇസ്രായേലിൽ വ്രതാനുഷ്ഠാനത്തെക്കുറിച്ച് ഒരു സംഘം ഗവേഷണം നടത്തിയപ്പോൾ റമദാന്നു നോമ്പനുഷ്ഠിച്ച ആൾ പൂർവ്വാധികം ആരോഗ്യവാനായി പുറത്തുവരുന്നതായി അവർക്ക് ഗ്രഹിക്കാൻ സാധിച്ചു. അവർ പല രീതിയിലും പരീക്ഷ നിരീക്ഷണങ്ങൾ നടത്തി. കൊളസ്ട്രോൾ ലെവൽ, മെറ്റബൊലിസം മുതലായ കാര്യങ്ങളെക്കുറിച്ചെല്ലാം അവർ ഗവേഷണം നടത്തിയതിന് ശേഷമാണ് അവർ ഈ നിഗമനത്തിലെത്തിയത്.

ഹദ്റത്ത് റസൂൽ തിരുമേനി(സ) 1400 വർഷങ്ങൾക്ക് മുമ്പ് അരുൾ ചെയ്ത **‘സുമു തസിഹ്ഹു’** എന്ന നിർദ്ദേശം എത്ര വ്യക്തമായാണ് ഇന്നത്തെ ഗവേഷണം ശരിവെച്ചിരിക്കുന്നതെന്നു നോക്കുക.

ചിലർക്ക് റമദാന്നുശേഷം നെഞ്ചെരിച്ചിൽ അനുഭവപ്പെടാറുണ്ട്. അതിന്നുള്ള ചികിത്സ എന്റെ ഗവേഷണമനുസരിച്ച് റമസാൻ മാസത്തിൽ നോമ്പുതുറന്നു രാത്രി 2-3 മണിക്കൂറിനുശേഷം, അല്ലെങ്കിൽ രാവിലെ തഹ്ജ്ജൂദിന്റെ സമയത്ത് Broyonia 200 കഴിക്കുക എന്നതാണ്. ഇതിൽ സുഖം പ്രാപിക്കാത്തവർക്ക് Nuxvomica 30 പ്രയോജനം നൽകുന്നതാണ്. അതേപ്രകാരം ആമാശയത്തിലെ അസിഡിറ്റി നശിപ്പിക്കുവാനായി ഇതര മരുന്നുകളും ഹോമിയോപൊതിയിൽ ഉണ്ട്. അവയിൽ ഒന്നു IRIS VERSICOLOR 200 ആണ്. ഇത് കഴിക്കുകയാണെങ്കിൽ നല്ല ഫലം ലഭിക്കുന്നതാണ് (ഇൻശാഅല്ലാഹ്)

ലേഖനം

സിറാജുസ് ഹഖ്

# സ്വവർഗ്ഗരതിയെ സംബന്ധിച്ച ഇസ്‌ലാമിക വീക്ഷണം

**സ്വവർഗ്ഗരതിയെപ്പറ്റി വിശുദ്ധഖുർആൻ പ്രതിപാദിക്കുന്നില്ലെന്ന് ചിലർ പറയുന്നു. ഖുർആൻ സ്വവർഗ്ഗരതിയെ വ്യക്തമായി പരാമർശിക്കുകയും അത് അനാശാസ്യവും ശിക്ഷാർഹവുമാണെന്നും പറയുകയും ചെയ്തിട്ടുണ്ട്.**

## 1-ആമുഖം

നിർഭാഗ്യകരമെന്ന് പറയട്ടെ പ്രകൃത്യായുള്ള രീതികളും നിയമാനുസൃതമാർഗ്ഗങ്ങളും (ഖുർആന്റെ പ്രയോഗപ്രകാരം ഫിത്‌റത്ത് അഥവാ പ്രകൃത്യായുള്ള സ്വാഭാവിക രീതി) 'ലിബറലിസ'ത്തിന്റെ പേരിൽ പ്രകൃതിവിരുദ്ധമായ രീതികളിലേക്ക് തിരിച്ചുപോകുന്ന നിർഭാഗ്യകരമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എബ്രഹാമിന്റെ പാരമ്പര്യമുള്ള മൂന്ന് മതങ്ങളും വെളിപാട് മുഖേന സ്ഥാപിതമായ എല്ലാ മതഗ്രന്ഥങ്ങളുടെയും അദ്ധ്യാപനങ്ങൾക്കും വിരുദ്ധമായ ഒരു നിലപാടാണിത്.

സ്വവർഗ്ഗരതിയും അതുപോലെയുള്ള മറ്റ് വിവാഹേതര ലൈംഗിക പ്രവർത്തനങ്ങളും നീതിപീഠങ്ങൾ കൈകാര്യം ചെയ്യാൻ തുടങ്ങിയിട്ട് വളരെ അധികം കാലമൊന്നുമായിട്ടില്ല. ഇത്തരം പ്രവർത്തികൾ മനുഷ്യത്വത്തിന് ഹാനികരമാണെന്നും പ്രകൃതിവിരുദ്ധമാണെന്നുമാണ് ഖുർആന്റെ വീക്ഷണം. വികലമായ സ്വാതന്ത്ര്യബോധത്തിന്റെ പേരിലും അവകാശങ്ങളുടെ പേരിലും നീതിപീഠങ്ങൾ ഇത്തരം ഹീനചെയ്തികളെ സംരക്ഷിക്കുകയാണ്.

ഇസ്‌ലാമിക നിയമങ്ങളുടെ പ്രാഥമിക സ്രോതസ്സ് വിശുദ്ധ ഖുർആനാണ്. ആ നിയമങ്ങളാണ് മുസ്‌ലിംകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. നിർബന്ധമായവ (ഫർള്) ഇഷ്ടമായവ (മുസ്തഹബ്ബ്) അനുവദനീയമായവ (ഹലാൽ) ഇഷ്ടമല്ലാത്തവ (മക്റൂഅ്) നിരോധിക്കപ്പെട്ടത് (ഹറാം) എന്നിങ്ങനെ മുസ്‌ലിംകളുടെ കർമ്മങ്ങളെ സംബന്ധിച്ചുള്ള ശാസ്ത്രം, കർമ്മങ്ങളെ വിഭജിച്ചിരിക്കുന്നു. അല്ലാഹു സ്വവർഗ്ഗരതിയെയും പ്രകൃതിവിരുദ്ധ ലൈംഗികതയേയും (സൊഡോമി) അനുചിതമായ എല്ലാ ലൈംഗിക ആഭാസങ്ങളേയും ആരോഗ്യകരമായ സമൂഹത്തിന് ആശാസ്യകരമല്ലെന്ന് അസന്നിഗ്ദമായ ഭാഷയിൽ പ്രസ്താവിച്ചിരിക്കുന്നു.

എതിർലിംഗങ്ങൾ തമ്മിൽ മാത്രമെ അനുവദനീയമായ ലൈംഗിക ബന്ധം പാടുള്ളൂവെന്ന് താഴെ കാണുന്ന ഖുർആൻ വചനം പ്രഖ്യാപിക്കുന്നു.

***'അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ് നിങ്ങൾക്ക് നിങ്ങളുടെ വർഗ്ഗത്തിൽ നിന്ന് തന്നെ അവൻ ഇണകളെ സൃഷ്ടിച്ചത്. നിങ്ങളവരോട് കൂടിചേർന്ന് മനസ്സമാധാനം കൈവരുത്താൻ വേണ്ടി. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവുമുണ്ടാക്കുകയും ചെയ്തു എന്നതും (അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്) ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്*** (30:22)

## 2 - എതിർലിംഗങ്ങൾ തമ്മിലുള്ള നിയമാനുസൃത ലൈംഗികബന്ധം അനുവദനീയവും അതിനപ്പുറത്തുള്ളതെല്ലാം ലംഘനങ്ങളുമാണ്

അനാശാസ്യകരമായ ലൈംഗികചേഷ്ടകളെ സംബന്ധിച്ച് വിവരിക്കുന്ന ഖുർആൻ വചനത്തിൽ പുരുഷന്മാർ തമ്മിലും സ്ത്രീകൾ തമ്മിലുള്ള ലൈംഗികബന്ധത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നു. പക്ഷേ അതിന് ഉപയോഗിച്ച പദം 'അനാശാസ്യ കൃത്യം' എന്നാണ്.

പ്രാമാണികരായ ഖുർആൻ ഭാഷ്യകാരന്മാരും അർത്ഥവിജ്ഞാനികളും വൈയാകരണന്മാരും 'അനാശാസ്യകരമായ കൃത്യം' എന്നതിൽ സ്വവർഗ്ഗരതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. നൈതികമായി ശരിയല്ലാത്തതും അനാശാസ്യകരവു മായ ലൈംഗികവൃത്തിയിലേർപ്പെട്ട സ്ത്രീകളെ പരാമർശിച്ചുകൊണ്ട് സമൂഹം എങ്ങിനെയാണ് അത്തരം നീചകൃത്യങ്ങളെ സമീപിക്കേണ്ടത് എന്ന് താഴെ കാണുന്ന ഖുർആൻ വചനത്തിൽ വിവരിക്കുന്നു. ശൈഖ് മുഹമ്മദ് അൽഗസ്സാലി (1917–1996) ഈ വചനത്തിന് നൽകിയ വ്യാഖ്യാനത്തിൽ, സ്വവർഗ്ഗരതിക്കാരായ സ്ത്രീകളെ സംബന്ധിച്ചാണ് പ്രസ്തുത വചനത്തിൽ പരാമർശിക്കുന്നതെന്ന് പറയുന്നു.(2)

***'നിങ്ങളുടെ സത്രീകളിൽ നിന്ന് നിങ്ങൾ അനാശാസ്യ പ്രവർത്തിയിലേർപ്പെടുന്നവരാരോ അവർക്കെതിരിൽ നിങ്ങളിൽപ്പെട്ട നാലുപേരെ സാക്ഷിനിറുത്തുക. അങ്ങനെ അവർ സാക്ഷ്യം വഹിച്ചു കഴിഞ്ഞാൽ മരണം അവരെ പിടിക്കൂടുകയോ, അല്ലാഹു അവർക്ക് ഒരു മാർഗം ഉണ്ടാക്കിക്കൊടുക്കുന്നത് വരെയോ അവരെ (ആ സ്ത്രീകളെ) വീടുകളിൽ തടഞ്ഞു നിർത്തുക! (4:16) (3)***

***നിങ്ങളിൽ നിന്ന് ആ നീചകൃത്യം ചെയ്യുന്ന രണ്ടു പുരുഷന്മാരാരോ അവർ രണ്ടുപേരെയും നിങ്ങൾ പീഡിപ്പിക്കുക. എന്നിട്ട് അവർ ഇരുവരും പശ്ചാത്തപിക്കുകയും സ്വയം തിരുത്തി നന്നാക്കിത്തീർക്കുകയും ചെയ്തെങ്കിൽ അവരെ വിട്ടയക്കുക. തീർച്ചയായും അല്ലാഹു വളരെയധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാമയനുമാകുന്നു. (4:17) (4)***

ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മൗലാനാ ഹക്കിം നൂറുദ്ദീൻ (റ) ഈ വചനം വ്യാഖ്യാനിച്ചുകൊണ്ടു പറയുന്നു:

അനാശാസ്യ പ്രവർത്തനം നടത്തുന്ന സ്ത്രീയെ തെളിവും കാരണവും കൂടാതെ ശിക്ഷിക്കരുതെന്ന് ഈ വാക്യം വ്യക്തമായും പറയുന്നു. 4 സാക്ഷികൾ അവളുടെ അനാശാസ്യത്തിന് സാക്ഷ്യം നില്ക്കണം എങ്കിൽ അവളെ അറസ്റ്റ് ചെയ്യാം. ദൈവം അവർക്ക് ഒരു മോചനമാർഗ്ഗം ഉണ്ടാക്കുന്നത് വരെ. (അതായത്, അവനു പരിഷ്ക്കരിക്കുകയോ ശരീയത്തിനകത്ത് അനുവദനീയമായ ഒരു ഇളവ് അവർക്ക് നൽകികൊണ്ടോ ഒരു മോചനമാർഗ്ഗം ഉണ്ടാക്കാം). ഭാര്യയും ഭർത്താവും നീചകൃത്യം ചെയ്തെങ്കിൽ അവർ ഇരുവരേയും ശിക്ഷിക്കുക. അവർ അത്തരം അനാശാസ്യപ്രവർത്തനത്തിൽ നിന്നും വിട്ടുമാറിനില്ക്കുകയാണെങ്കിൽ അവരെ വിട്ടയക്കുക. അവരെ തടഞ്ഞുവെക്കുക' (ഫഅംസിക്കുഹുന്ന) എന്ന ശിക്ഷാനിയമം ഭരണക്കൂടത്തേയും നീതിപാലകരേയും അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണ്. (5)

ഇത്തരത്തിലുള്ള കുറ്റകരമായ പ്രവർത്തി 4 സാക്ഷികൾ മുഖേന സ്ഥിരീകരിക്കണമെന്നതു വളരെ വ്യക്തമാണ്. ഒരു ലൈംഗിക അനാശാസ്യത്തിന് 4 സാക്ഷികളെ കൊണ്ടുവരിക എന്നത് അസംബന്ധജഢിലമാണ്. വാസ്തവത്തിൽ ശിക്ഷയുടെ കഠിനതയെ ബാലൻസ് ചെയ്യാനാണ് ഒരു ഭാഗത്ത് 4 സാക്ഷികളെ കൊണ്ടുവരണമെന്ന നിബന്ധന വെച്ചിട്ടുള്ള്. ചില പ്രാമാണികരായ ഖുർആൻ ഭാഷ്യകാരന്മാരുടെ അഭിപ്രായത്തിൽ അത്തരം അനാശാസ്യങ്ങൾ, നിറഞ്ഞ പകൽ വെളിച്ചത്തിലും അറിയപ്പെടുന്ന രീതിയിലും നടക്കാതിരിക്കാനാണ് ഈ നിയമം വെച്ചിട്ടുള്ളതെന്നാണ്. രണ്ട് വ്യക്തികൾ ഈ അനാശാസ്യം തങ്ങളുടെ വീടുകളിൽ വെച്ച് ചെയ്യുകയാണെങ്കിൽ അത് അവർ തമ്മിലുള്ള ഒരു സ്വകാര്യമാണ്.

ചില ക്ഷമാപണക്കാരും സ്വവർഗ്ഗരതിയുടെ വാക്താക്കളും മേൽപറഞ്ഞ ഖുർആൻ വചനം സ്വവർഗ്ഗരതിയെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നില്ല എന്ന് പറയുന്നു.

വ്യാകരണപരമായി ആദ്യവചനം ആരംഭിക്കുന്നത് ***'വല്ലതീ'*** (ആ സ്ത്രീകൾ ആരാണോ അവർ) എന്ന് തുടങ്ങുന്ന വചനം സ്ത്രീലിംഗം ബഹുവചനം മൂന്നാം വ്യക്തിയെ സൂചിപ്പിക്കുന്നു. ആ വചനത്തിലെ ഓരോ വാക്കും സ്ത്രീകളുടെ പ്രവൃത്തിയെ സംബന്ധിച്ചുള്ളതാണ്. സ്ത്രീകളെ സംബന്ധിക്കുന്ന ഈ ആദ്യവചനത്തെ തുടർന്ന് വരുന്ന രണ്ടാം വചനം പുരുഷന്മാരെ സംബന്ധിച്ചുള്ളതാണെന്ന് വ്യക്തമാണ്. ***'വല്ലദാനീ യഅ്തിയാനിഹാ മിൻക്കും'*** നിങ്ങളിൽപ്പെട്ട രണ്ട് പേർ എന്ന പരാമർശം ആദ്യത്തെ വചനത്തിൽ പ്രതിപാദിച്ചവരിൽ നിന്നും തികച്ചും വ്യത്യസ്തമായവരാണെന്നും വ്യക്തമാണ്. കൂടാതെ കാമനിവർത്തിക്കായി പുരുഷന്മാരെ തിരഞ്ഞെടുക്കുന്നവരെ അല്ലാഹു പ്രത്യേകം താക്കീത് ചെയ്യുന്നുണ്ട്. താഴെ കൊടുത്ത ഖുർആൻ വചനത്തിലെ 'മിനൽ ആലമീൻ' എന്ന പദം ധ്വനിപ്പിക്കുന്നത് 'എല്ലാ ലോകങ്ങളിലും ഉൾക്കൊള്ളുന്ന' തിൽ നിന്നും (മനുഷ്യരിൽനിന്നും) എന്നാണ്. അതായത് അല്ലാഹു അവർക്കായി ഒരുക്കിയിരിക്കുന്ന ലോകത്ത് നിന്നും (മനുഷ്യരിൽ നിന്ന്) അവർ പ്രകൃതിവിരുദ്ധമായതിനെയാണ് തിരഞ്ഞെടുക്കുന്നത് എന്ന് സാരം.

മറ്റൊരു ഖുർആൻ വചനത്തിൽ നിന്നും ഇത് അനുക്തസിദ്ധമാണ്. ആ വചനം ഇപ്രകാരമാണ്.

***'അത്തഅ്തൂന ദുക്ക്റാന മിനൽ ആലമീൻ' മനുഷ്യരിൽ നിന്ന് ആണുങ്ങളുടെ അടുക്കൽ നിങ്ങൾ (കാമനിവൃത്തിക്കായി ചെല്ലുകയും (26:166). (6)***

കാമപൂരണത്തിനായി പുരുഷൻ പുരുഷനെ സമീപിക്കുന്ന ഇത്തരം അറപ്പുളവാക്കുന്ന ഹീനപ്രവർത്തനത്തെ ഖുർആൻ കഠിനമായി അപലപിക്കുന്നു. തുടർന്ന് വരുന്ന വചനങ്ങളിൽ ഈ ആവശ്യത്തിനായി അല്ലാഹു പുരുഷന് സ്ത്രീയേയും സ്ത്രീക്ക് വേണ്ടി പുരുഷനേയുമാണ് സൃഷ്ടിച്ചതെന്നും, സ്ത്രീക്ക് സ്ത്രീയേയും പുരുഷന് പുരുഷനേയുമല്ല എന്ന് വ്യക്തമാകുകയും ചെയ്യുന്നു.

***'നിങ്ങളുടെ നാഥൻ നിങ്ങൾക്ക്' വേണ്ടി സൃഷ്ടിച്ചിരിക്കുന്ന നിങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കുകയും ചെയ്യുന്നുവോ? അല്ല നിങ്ങൾ പരിധി ലംഘിക്കുന്ന കൂട്ടരാണ് (26:167) (7)***

ഈ വചനത്തിൽ ഉപയോഗിച്ച 'അസ്വാജിക്കും' (നിങ്ങളുടെ ഭാര്യമാർ) എന്നത് 'സവജ' എന്ന മൂലപദത്തിൽ നിന്നും നിഷ്പന്നമാവുന്ന 'സൗജ്' (ഭാര്യ) എന്ന പദത്തിന്റെ ബഹുവചനമാണ്.

ഖുർആനിൽ ഉപയോഗിച്ച 'അസ്വാജുൻ' എന്ന പദത്തിന്, ഭാര്യമാർ, ഭർത്താക്കന്മാർ, ഇണകൾ, ജോഡികൾ (8) എന്നെല്ലാം അർത്ഥമുണ്ട്. അതായത് ഓരോന്നിന്റെയും ഇണകൾ ജോഡികൾ എന്നിങ്ങനെ അതിനനുസൃതമായ ക്രിയയുമാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. 'സൗജൈൻ' എന്നതിന് സ്ത്രീയും പുരുഷനും, ഭാര്യയും ഭർത്താവും, ജോഡി എന്നെല്ലാമാണ് അർത്ഥം. (9)

***ഈ ഖുർആൻ വചനം 'നിങ്ങളുടെ നാഥൻ നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചിരിക്കുന്ന നിങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കുകയും ചെയ്യുന്ന... എന്ന്*** വിവർത്തനം ചെയ്യാം. അങ്ങനെ വരുമ്പോൾ ഒരാൾ തന്റെ ഭാര്യയേയോ, ഭാര്യ ഭർത്താവിനെയോ ഉപേക്ഷിച്ച് സ്വന്തം ലിംഗവർഗ്ഗത്തിൽപ്പെട്ട ആളെ കാമപൂർത്തിക്കായി സമീപിക്കുന്നത് പരിധിലംഘനമാണെന്നാണ് ഇവിടെ പറയുന്നത്.

സ്വവർഗ്ഗരതിയുടെ ചില വാക്താക്കൾ ഖുർആൻ ജോഡി എന്നാണ് പറഞ്ഞതെന്നും ആണും പെണ്ണും എന്ന് വ്യക്തമായി പറഞ്ഞിട്ടില്ലെന്നും അത് രണ്ട് പുരുഷനും രണ്ട് സ്ത്രീയുമാകാം എന്ന് വാദിക്കുന്നുണ്ട്. അത്തരത്തിൽ പ്രകൃതി വിരുദ്ധമായ രീതിയിലുള്ള ഇണകളെ പറ്റിയല്ല ഖുർആൻ പറയുന്നതെന്ന് അല്ലാഹു യാതൊരു സംശയത്തിനും ഇടനൽകാത്തവിധം പ്രഖ്യാപിക്കുന്നു.

***എന്നിട്ട് അവൻ (അല്ലാഹു) അതിൽ നിന്ന് ആൺ (ദക്കറ) പെൺ (ഉൻസ) എന്നീ രണ്ട് ഇണകളെ (സൗജൈൻ) സൃഷ്ടിച്ചു. (75:40) (10)***

എന്നിട്ടും സ്വവർഗ്ഗരതിയെ സംബന്ധിച്ച് പ്രത്യേകമായി ഒരു പദമുപയോഗിച്ച് പറഞ്ഞ് ഖുർആൻ നിരോധിക്കാത്തതിനാൽ 'സൗജ്' എന്ന പദത്തിന് 'പങ്കാളി' എന്ന് അർത്ഥം നൽകാമെന്ന് അതുവഴി ആണിന് ആൺ പങ്കാളി എന്നും സ്ത്രീക്ക് സ്ത്രീപങ്കാളി എന്നും അർത്ഥമെടുക്കാമെന്ന് ചിലർ വാദിക്കുന്നുണ്ട്.

അത്തരം വാദങ്ങൾക്കുള്ള സാധ്യതയും ഖുർആൻ തള്ളിക്കളയുന്നു.

***'അല്ലാഹു നിങ്ങൾക്ക് നിങ്ങളിൽ നിന്നുതന്നെയുള്ള ഇണകളെ ഉണ്ടാക്കിയിരിക്കുന്നു. നിങ്ങളുടെ ഇണകളിൽ നിന്നും പുത്രന്മാരേയും പൗത്രിമാരേയും അവൻ ഉണ്ടാക്കി തരികയും നല്ല വിഭവങ്ങളിൽ നിന്ന് നിങ്ങൾക്കവൻ ആഹാരം നൽകുകയും ചെയ്തു. അപ്പോൾ വ്യർത്ഥമായ കാര്യത്തിൽ അവർ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ നിരാകരിക്കുകയും ചെയ്യുകയാണോ (16:73)*** (11)

'സൗജ്' (ഇണ) എന്ന് പറഞ്ഞതിനുശേഷം ആ ഇണകളിൽ നിന്നും നിങ്ങൾക്കവൻ പുത്രന്മാരെയും പൗത്രന്മാരെയും ഉണ്ടാക്കി തന്നു എന്നാണ് പറയുന്നത്. ഇതൊരിക്കലും തന്നെ ഒരേ ലിംഗത്തിലുള്ള പങ്കാളികൾക്ക് സാധ്യമല്ലെന്ന് വ്യക്തമാണല്ലോ. ആ പങ്കാളിത്വത്തിൽ നിന്ന് ഒരിക്കലും പുത്രന്മാരും പൗത്രന്മാരും ഉണ്ടാകില്ല. അപ്പോൾ സ്ത്രീയും പുരുഷനുമാണ് ആ പങ്കാളി എന്ന് വ്യക്തമായി.

## 3 – അനാശാസ്യം സ്വവർഗ്ഗരതി എന്നീ അർത്ഥങ്ങളിൽ ഖുർആൻ പ്രയോഗിച്ചത് 'ഫായിശഃ' എന്ന പദം (12)

സൊഡോമി അഥവാ സ്വവർഗ്ഗരതി എന്നത് ഒരാളുടെ കാമശമനത്തിന്നായി പ്രകൃതിവിരുദ്ധമായ വഴികൾ തേടലാണ്. അതിന് അറബിയിൽ 'അൽ ലിവാത്വഃ' എന്നാണ് അറിയപ്പെടുന്നത്.' ഇത്തരം പ്രവർത്തനം കൊണ്ട് ഹദ്റത്ത് ലൂത്ത് നബി(അ)യുടെ ജനത നാശത്തിന് വിധേയമാവുകയുണ്ടായി. അതിനാൽ ഒരു പരിശുദ്ധനായ പ്രവാചകന്റെ പേരിനോടൊപ്പമാണ് ഈ ഹീനകൃത്യം അറിയപ്പെടുന്നത്.

ഇങ്ങനെ പ്രയോഗിക്കുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻ ആ പദം ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നില്ല. ആ ജനതയുടെ പ്രവർത്തനത്തെ പറ്റി ഖുർആൻ ഉപയോഗിച്ച പദമാണ് ഞാൻ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നത്. അത് ***'ഫാഹിശത്'*** (അനാശാസ്യപ്രവർത്തനങ്ങൾ) എന്നാണ്. 'ഫാഹിശഃ' എന്നതിന്റെ ബഹുവചനരൂപമാണത്.

ഹദ്റത്ത് ലൂത്ത് നബി(അ) യുടെ സൊഡോമി (സ്വവർഗ്ഗരതി) എന്ന നീചകൃത്യം ആചരിച്ചു വന്ന ഒരു ജനതയായിരുന്നുവെന്ന് ഖുർആൻ പറയുന്നു. അത്തരം നീചകൃത്യങ്ങൾക്കെല്ലാം ഖുർആൻ പൊതുവേ ഉപയോഗിച്ച പദം ഫാഹിശഃ എന്നാണ്. പ്രവാചകനായ ലൂത്തി(അ)നെ അവരുടെ അടുക്കലേക്ക് അല്ലാഹു അയക്കുകയും അദ്ദേഹം താഴെ കാണുന്ന ഖുർആൻ വചനങ്ങളിൽ താക്കീത് നൽകുകയും ചെയ്തു.

***(ലൂത്തിനെയും നാം പ്രവാചകനായി നിയോഗിച്ചു) അദ്ദേഹം തന്റെ ജനതയോടു പറഞ്ഞ സന്ദർഭം (ഓർക്കുക). നിങ്ങൾക്ക് മുമ്പ് ലോക ത്ത് ആരും ചെയ്തിട്ടില്ലാത്ത നീചകൃത്യം നിങ്ങൾ ചെയ്യുകയാണോ."*** (7:81) (13)

താഴെ പറയുന്ന വചനം അവരുടെ ആ നീചകൃത്യം സ്ത്രീകളെ വിട്ട് പുരുഷന്മാരെ കാമവികാരത്തിന്നായി സമീപിക്കലാണെന്ന് വ്യക്തമാക്കുന്നു.

***'സ്ത്രീകളെ വിട്ട് നിങ്ങൾ കാമവികാരനിവൃത്തിക്കായി പുരുഷന്മാരെ സമീപിക്കുന്നു. മാത്രമല്ല നിങ്ങൾ പരിധി ലംഘിക്കുന്ന ഒരു ജനതയാണ്. നിങ്ങളുടെ നാട്ടിൽ നിന്ന് അവരെ (ലൂത്തിനേയും അനുയായികളേയും) ബഹിഷ്ക്കരിക്കുക. തീർച്ചയായും അവർ പരിശുദ്ധിയാർജിക്കുന്ന മനുഷ്യരാണ് എന്നു പറയുക മാത്രമായിരുന്നു അദ്ദേഹത്തിന്റെ ജനതയുടെ മറുപടി (7:82) (14)***

ഫ. ഹ ശ എന്നീ അറബി മൂലാക്ഷരങ്ങളിൽ നിന്നും നിഷ്പന്നമാകുന്ന 'ഫാഹിശഃ' ഈ പദത്തിന്റെ അർത്ഥം ദുഷിച്ചതാവുക, അമിതമാവുക, ചീത്തയാവുക, അയുക്തികം, മ്ളേഛം എന്നൊക്കെയാണ്. (16)

ഇമാം 'റാഗിബ് അൽ ഇസ്ഫഹാനി തന്റെ 'അൽമുഫദ്ദാത്ത്' എന്ന അറബി നിരുക്തകോശത്തിൽ ഫാ ഹി ശ: എന്ന അക്ഷരരൂപങ്ങളിൽ നിന്നും നിഷ്പന്നമാവുന്ന പദത്തിന്റെ അർത്ഥമായി പറഞ്ഞത് അനാശാസ്യം, ദുഷിപ്പ്, മ്ളേഛത എന്നീ പ്രവർത്തികളുടെയോ വാക്കുകളുടേയോ മൂർത്താവസ്ഥ' എന്നാണ്. (17)

'അമിതത്വം, പരിധിവിട്ടത്, നന്നാക്കാൻ കഴിയാത്തവിധം പരിധി ലംഘിച്ചത് (18) എന്നീ അർത്ഥങ്ങളിലാണ് ഈ പദം എല്ലായിടത്തും ഉപയോഗിച്ചത്. അതുപോലെ ചീത്ത പ്രവൃത്തികൾക്കും ഈ പദം ഉപയോഗിക്കുന്നു.' (19)

***തങ്ങൾ വല്ല നീചകൃത്യവും ചെയ്കയോ അല്ലെങ്കിൽ തങ്ങളുടെ ആത്മാക്കളോട് അതിക്രമം പ്രവൃത്തിക്കുകയോ ചെയ്താൽ അല്ലാഹുവിനെ സ്മരിക്കുകയും എന്നിട്ട് തങ്ങളുടെ പാപപ്പൊറുതിക്ക് വേണ്ടി പ്രാർത്ഥിക്കുകയും അല്ലാഹുവല്ലാതെ പാപം പൊറുക്കുന്നവൻ മറ്റാരുണ്ട്? - ചെയ്തു കഴിഞ്ഞ തെറ്റുകളിൽ ബോധപൂർവ്വം ഉറച്ചുനിൽക്കാതിരിക്കുകയും ചെയ്യുന്നവരാണവർ*** (3:136) (20)

***നിങ്ങളുടെ സ്ത്രീകളിൽ നിന്ന് അസന്മാർഗ്ഗിക പ്രവർത്തിയിലേർപ്പെടുന്നവരാരോ അവർക്കെതിരിൽ നിങ്ങളിൽപെട്ട നാലു പേരെ സാക്ഷിനിർത്തുക. അങ്ങനെ അവർ സാക്ഷ്യം വഹിച്ചുകഴിഞ്ഞാൽ മരണം അവരെ പിടികൂടുകയോ, അല്ലാഹു അവർക്ക് ഒരു (മോചന)മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്നത് വരെയോ അവരെ (ആ സ്ത്രീകളെ) വീടുകളിൽ തടഞ്ഞു നിർത്തുക*** (4:16) (22)

ജോൺ പെൻ റൈസ് അദ്ദേഹത്തിന്റെ 'ഡിക്ഷണറി ഓഫ് ഖുർആൻ' (Dictionary of Quran) എന്ന ഗ്രന്ഥത്തിൽ പറയുന്നു. ഫായിശഃ എന്നതിന്റെ മൂലരൂപത്തിൽ നിന്നും നിഷ്പന്നമാവുന്ന അർത്ഥം. 'ലജ്ജാകരമാവുക' അപകീർത്തികരമാവുക എന്നൊക്കെയാണ്. ആ പദത്തിന്റെ രണ്ടാമത്തെ അർത്ഥരൂപം, ദുഷിച്ചത്, ലജ്ജാകരം, അനാശാസ്യകരമായ പെരുമാറ്റം എന്നിവയാണ്. അതുപോലെ ഫാഹിശഃ എന്ന പദം പിശുക്ക്, ബാദ്ധ്യതപ്പെട്ട നികുതികൾ കൊടുക്കുന്നതിനു കാണിക്കുന്ന സങ്കുചിതത്വം എന്നീ അർത്ഥങ്ങളിലും ഖുർആൻ പ്രയോഗിച്ചിട്ടുണ്ട്. (24)

'ഫാഇശത്തുൻ' എന്ന പദം 'ദുഷിപ്പ് അശുദ്ധി... കുറ്റകൃത്യം, വ്യഭിചാരം എന്നീ അർത്ഥമുണ്ടെന്ന് അദ്ദേഹം വിവരിക്കുന്നു. ഈ പദത്തിന്റെ രണ്ടാം ഘട്ട അർത്ഥം ഫവാഹിശുൻ' എന്നതിന് 'അനാശാസ്യകരമായ കുറ്റകൃത്യം' എന്നും അർത്ഥം നൽകുന്നു. (25)

ഉപസംഹാരം

ശരീഅത്തിന്റെ രീതിശാസ്ത്രത്തെ സംബന്ധിച്ചോ ഉറവിടത്തെക്കുറിച്ചോ അതിന്റെ തത്വശാസ്ത്രത്തെക്കുറിച്ചോ ലക്ഷ്യത്തെക്കുറിച്ചോ നല്ലത്പോലെ അറിയാത്ത ആളുകൾ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ശരീഅത്തിൽ ശിക്ഷ സാധിക്കുന്ന കുറ്റങ്ങൾ വളരെ വ്യക്ത

***(ശേഷം 24-ൽ)***

ലേഖനം

മുഹമ്മദ് ഉമർ എച്ച്.എ.
നാസിർ, ഇസ്‌ലാഹെ ഇർശാദ്, ഖാദിയാൻ

# കുരിശുടയുന്നു

**മഹാനായ യേശുവിനെ സംബന്ധിച്ച സത്യം വെളിപ്പെടുത്തിക്കൊണ്ട് ക്രിസ്ത്യാനികളുമായുള്ള ആശയസമരത്തിൽ ഹദ്റത്ത് അഹ്മദ് ഇസ്‌ലാമിന്റെ അജയ്യത സ്ഥാപിക്കുകയുണ്ടായി.**

**വാ**ഗ്ദത്ത മസീഹിന്റെ ആഗമനോദ്ദേശ്യമായി ഹദ്റത്ത് റസൂൽ കരീം (സ) പ്രവചിച്ചിരുന്നത് അദ്ദേഹം കുരിശുടക്കുകയും പന്നികളെ കൊല്ലുകയും മതയുദ്ധങ്ങൾ നിറുത്തലാക്കുകയും ചെയ്യുമെന്നാണ്. (ബുഖാരി കിതാബുൽ അമ്പിയായ് അദ്ധ്യായം നുസൂലുൻ മസീഹ്)

**യക്സിറുസ്സലീബ** (അദ്ദേഹം കുരിശുടക്കും) എന്നത് കൊണ്ടുള്ളു ഉദ്ദേശ്യം ആധുനിക കൃസ്തുമതത്തിന്റെ അടിസ്ഥാനരഹിതമായ വിശ്വാസത്തിന്റെ പൊള്ളത്തരം തുറന്നു കാണിക്കുക എന്നതാണ്. കുരിശുടക്കും എന്ന ഹദീസ് വാക്കിന്നു വ്യാഖ്യാനം നൽകിക്കൊണ്ടു ശിയാക്കളുടെ സുപ്രസിദ്ധ ഗ്രന്ഥമായ ബിഹാറുൽ അൻവാർ ഇപ്രകാരം എഴുതുന്നു:

*"കുരിശുടക്കും എന്നതിന്റെ വിവക്ഷ കൃസ്തീയ വിശ്വാസങ്ങളുടെ പൊള്ളത്തരങ്ങളെ തുറന്നുകാണിക്കുകയും ഇസ്‌ലാമിക ശരീഅത്തിനെ സുശക്തമാക്കുകയും ചെയ്യും എന്നാണ്."* (ബിഹാറുൽ അൻവാർ വാല്യം 13 ഭാഗം 198)

ക്രിസ്താബ്ദം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഇന്ത്യയിൽ ക്രിസ്തുമതം സുശക്തമായ നിലയിൽ പ്രചരിക്കുവാൻ തുടങ്ങി. പ്രത്യേകിച്ചു ക്രിസ്തീയ പാതിരിമാർ ഈസാനബി(അ)യുടെ ആകാശാരോഹണത്തിന്റെ പേരിൽ തങ്ങളുടെ വഞ്ചനാത്മകമായ പ്രചാരണം കാരണമായി ലക്ഷക്കണക്കിൽ മുസ്‌ലിംകളെ ക്രിസ്തുമതത്തിലേക്കാകർഷിച്ചുകൊണ്ടിരുന്നു.

1888ൽ പഞ്ചാബിലെ ലെഫ്റ്റനന്റ് ഗവർണ്ണർ ചാർലി എച്ചിസൻ സിംലയിൽ നടന്ന ക്രിസ്തീയ പ്രചാരകന്മാരുടെ സമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ടു പറഞ്ഞു:

'സാധാരണയുള്ള ജനസംഖ്യാവർദ്ധനവിനേക്കാൾ നാലോ അഞ്ചോ ഇരട്ടിയാണ് ക്രിസ്തുമതം ഇന്ത്യയിൽ പ്രചരിക്കുന്നു. ഇന്ത്യയിലിപ്പോൾ തദ്ദേശീയ ക്രിസ്ത്യാനികൾ ഏകദേശം പത്തു ലക്ഷത്തോളം മാത്രമാണ്.

(The Mission-by Rev. Robert Clarke P. 155).

അമേരിക്കയിലെ സുപ്രസിദ്ധ ക്രിസ്തീയ പ്രഭാഷകരൻ ജോൺ ഹെന്റി ബേറോസ് 1896, 1897 വർഷങ്ങളിൽ ഇന്ത്യയിലങ്ങോളമിങ്ങോളം പര്യടനം ചെയ്തു പ്രഭാഷണങ്ങൾ നടത്തി. ഈ പ്രഭാഷണങ്ങൾ ക്രോഡീകരിച്ച് ക്രിസ്ത്യൻ ലിറ്ററേച്ചർ സൊസൈറ്റി ഫോർ ഇൻഡ്യൻ (മദ്രാസ്) 1897ൽ 'ബേറോസ് ലക്ചേർസ്' എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു.

അദ്ദേഹം തന്റെ ഒരു പ്രഭാഷണത്തിൽ ക്രിസ്തുമതത്തിന്നുണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിയെ അനുസ്മരിച്ചുപറഞ്ഞു.

*"ഇപ്പോൾ ദൈവരാജ്യം മുഴുവൻ ഭൂതലത്തിലും വലയം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്നു ലോകത്ത് മുഴുവനും ധാർമ്മികമായും സൈനികമായും വൈജ്ഞാനികമായും വ്യാവസായികമായും വാണിജ്യപരമായും ഉള്ള ആധിപത്യം ദൈവീകമായ പിതൃത്വത്തിലും ക്രൈസ്തവസിദ്ധാന്തങ്ങളിലും വിശ്വസിക്കുകയും യേശുമശീഹാ തങ്ങളുടെ മോക്ഷദായകനാണെന്നു കരുതുകയും ചെയ്യുന്നവരുടെ കൈകളിലാണ് അർപ്പിതമായിരിക്കുന്നത്."* (ബോറോസ് ലെക്ച്ചേർസ് പേ.19).

മറ്റൊരു പ്രഭാഷണത്തിലദ്ദേഹം പറഞ്ഞു:

*"ഇപ്പോൾ ഞാൻ മുസ്‌ലിം നാടുകളിൽ ക്രിസ്തുമതത്തിന്ന് ദൈനംദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോ*

*ഗതിയെപ്പറ്റി അനുസ്മരിക്കുകയാണ്. ഈ പുരോഗതി നിമിത്തം കുരിശിന്റെ തിളക്കം ഇന്നു ഒരു ഭാഗത്ത് ലെബനാനിൽ പ്രകാശം ചൊരിയുകയാണെങ്കിൽ മറുഭാഗത്ത് പേർഷ്യയിലെ പർവ്വത കൊടുമുടികളിലും ബാസ്ഫറസിന്റെ ജലപ്പരപ്പിലും അതിന്റെ വെളിച്ചം മിന്നിത്തിളങ്ങുകയാണ്. ഈ സ്ഥിതിവിശേഷം വരാനിരിക്കുന്ന വിപ്ലവത്തിന്റെ മുന്നോടിയാണ്. അതായത് കൈറോ, ദിമിശ്ഖ്, തെഹറാൻ എന്നീ പട്ടണങ്ങൾ യേശുമശീഹായുടെ ശിഷ്യന്മാരാൽ നിറഞ്ഞുകാണപ്പെടുന്ന കാലമിതാ സമാഗതമായിരിക്കുകയാണ്. എപ്രകാരമെന്നാൽ കുരിശിന്റെ തിളക്കം അറേബ്യൻ മരുഭൂമിയുടെ മൗനത്തെ പിളർന്നുകൊണ്ട് അവിടെയും ചെന്നെത്തുന്നതാണ്. അപ്പോൾ യേശുമശീഹാ തന്റെ ശിഷ്യന്മാർ മുഖേന മക്കാപട്ടണത്തിൽ വിശിഷ്യ കഅ്ബയുടെ ഹറമിൽ പ്രവേശിക്കുന്നതായിരിക്കും."* (ബേറോസ് ലക്ചെർസ് പേജ് 42)

ഇത്തരം ഒരു സാഹചര്യത്തിലാണ് അല്ലാഹു ഹദ്റത്ത് വാഗ്ദത്ത മസീഹിനെ കുരിശുടക്കുവാൻ അഥവാ കുരിശു മതത്തിന്റെ പൊള്ളത്തരത്തെ തുറന്നുകാണിക്കുവാനും അതിന്റെ വ്യാജവും അന്ധവുമായ വിശ്വാസത്തെ ഖണ്ഡിക്കുവാനും നിയുക്തനാക്കിയത്.

യേശുക്രിസ്തു മരിച്ചിട്ടില്ല എന്ന ക്രിസ്ത്യാനികളുടെ അടിസ്ഥാനതത്വത്തെ ഖണ്ഡിച്ചുകൊണ്ട് അദ്ദേഹം സർവ്വലോക മുസ്‌ലിംകളെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം ആഹ്വാനം ചെയ്തു.

*"അല്ലയോ എന്റെ സുഹൃത്തുക്കളേ! ഇനി അവസാനമായി എന്റെ ഒരുപദേശം കേട്ടുകൊള്ളുക. ഞാൻ ഒരു രഹസ്യസംഗതി നിങ്ങളോടു പറയുകയാണ്. ഇത് ശരിക്കും നിങ്ങൾ ഓർമ്മിച്ചുകൊള്ളുക. നിങ്ങൾക്കു ചെയ്യേണ്ടിവരുന്ന എല്ലാ വാദവിവാദങ്ങളുടെയും രീതി നിങ്ങൾ മാറ്റുക. എന്നിട്ടു ഇസബ്നുമർയം എന്നെന്നേക്കുമായി മരണമടഞ്ഞിരിക്കുന്നുവെന്നു അവർക്ക് തെളിയിച്ചുകൊടുക്കുക. ഈ കാര്യത്തിൽ നിങ്ങൾ വിജയം പ്രാപിച്ചാൽ ക്രിസ്തുമതത്തെ ഈ ലോകത്ത് നിന്ന് തിരോധാനം ചെയ്യിക്കുവാൻ നിങ്ങൾക്കു സാധിക്കുന്നതാണ്. മറ്റു നീണ്ടനീണ്ട വിവാദങ്ങളാലും തർക്കങ്ങളാലും തലയിട്ടു നിങ്ങളുടെ വിലയേറിയ സമയം പാഴാക്കേണ്ടതില്ല. മസീഹ്ബ്നു മർയമിന്റെ മരണവിഷയത്തിൽ മാത്രം നിങ്ങൾ ശ്രദ്ധ ചെലുത്തുക. അതിനെ ശക്തിമത്തായ തെളിവുകളാൽ സ്ഥാപിച്ചുകൊണ്ട് ക്രിസ്ത്യാനികളെ ഉത്തരം മുട്ടിക്കുകയും നിരുദ്ധകണ്ഠരാക്കിത്തീർക്കുകയും ചെയ്യുക. യേശു മശീഹായെ മരിച്ചവരുടെ കൂട്ടത്തിൽ പ്രവേശിപ്പിക്കുകയും അങ്ങനെ ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ ഈ വിശ്വാസം രൂഢമൂലമാക്കിത്തീർക്കുകയും ചെയ്യുവാൻ നിങ്ങൾക്കു സാധിക്കുന്ന നാളേതോ അന്ന് ക്രിസ്തുമതം ലോകത്തോടു വിടവാങ്ങുന്നതായി നിങ്ങൾക്കു കാണാം. ഏത് വരെ അവരുടെ ഈ പൊയ് ദൈവം മരിക്കുന്നില്ലയോ അത് വരെ അവരുടെ മതവും നശിക്കുന്നതല്ല. അവരുമായി മറ്റെല്ലാതരം വാഗ്വാദങ്ങളും വ്യർത്ഥമാണ്. അവരുടെ മതത്തിന്നു ഒരേ ഒരു സ്തംഭ മാണുള്ളത്. അത് മസീഹിബ്നു മർയം മരിക്കാതെ ആകാശത്തിൽ ജീവിച്ചിരിപ്പുണ്ടെന്ന വിശ്വാസമാണ് ഈ സ്തംഭം നിങ്ങൾ ഇടക്കു ധൂളീകരിക്കുകയും അതിന്നുശേഷം ക്രിസ്തുമതം ലോകത്തെവിടെയെങ്കിലും ഉണ്ടോ എന്നു നിങ്ങൾ ദൃഷ്ടി പായിച്ചു നോക്കുക. ഈ സ്തംഭത്തെ തകർക്കുവാനും അങ്ങനെ യൂറോപ്പിലും ഏഷ്യയിലും തൗഹീദിന്റെ - ഏകദൈവസിദ്ധാന്തത്തിന്റെ കാറ്റു വീശുവാനും ദൈവം തന്നെ ഇച്ഛിക്കുകയാണ്. അതിന്നുവേണ്ടിയാണ് അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നത്. ഈസബ്നുമർയം മരിച്ചുപോയിരിക്കുന്നുവെന്ന് അദ്ദേഹത്തിന്നു സദൃശനായ എന്നെ വാഗ്ദത്ത പുരുഷനായി നിയോഗിച്ചിരിക്കുന്നുവെന്നും അല്ലാഹു എന്നെ ദിവ്യവെളിപാടു മുഖേന പ്രത്യേകം അറിയിച്ചിരിക്കുകയാണ്.*

(ഇസാലയെ അവ്ഹാം ഭാഗം 23)

ഹദ്റത്ത് വാഗ്ദത്ത മസീഹ് തന്റെ ആത്മീയായുധങ്ങൾ മുഖേന കുരിശു മതത്തിന്റെ വിശ്വാസപ്രമാണങ്ങളെ ഛിന്നഭിന്നമാക്കി - ഇതുമായി ബന്ധപ്പെട്ട ഒരു സംഭവം ഇവിടെ വിവരിക്കുകയാണ്.

പഞ്ചാബിലെ അമൃതസറിൽ ക്രിസ്തീയ പാതിരി അബ്ദുല്ലാ ആഥമുമായി 1893 മെയ് 22 മുതൽ ജൂൺ 5 വരെ ഒരു സംവാദം നടന്നു. ഈ സംവാദം 'ജങ്കെമുഖദ്ദസ്' എന്ന പേരിൽ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകൃതമായിരുന്നു. ഈ സംവാദത്തോടുകൂടി ഇനിയൊരിക്കലും യോജിപ്പിക്കാനാകാത്തവിധത്തിൽ അടിസ്ഥാനപരമായി കുരിശുവിശ്വാസം ഉടഞ്ഞുതാറുമാറാക്കപ്പെട്ടു.

സംവാദത്തിന്റെ ആരംഭത്തിൽത്തന്നെ ഹദ്റത്ത് വാഗ്ദത്ത മസീഹ് ക്രിസ്തീയ പാതിരിയുടെ മുമ്പാകെ വിജയകരമായ ഒരാക്രമണം നടത്തി. അതായത് ഈ സംവാദത്തിൽ പ്രധാനമായും സ്വീകരിക്കപ്പെടേണ്ട ഒരു മാനദണ്ഡം ഞങ്ങളുടെ ഭാഗത്ത് നിന്നു വല്ല ചോദ്യവും ഉന്നയിക്കപ്പെടുകയാണെങ്കിൽ അല്ലെങ്കിൽ പാതിരി അബ്ദുല്ലാആഥമിന്റെ ഭാഗത്ത് നിന്ന് വല്ല ഉത്തരവും നൽകപ്പെടുകയാണെങ്കിൽ അത് ഉഭയകക്ഷികളുടെയും ഇൽഹാമീ ഗ്രന്ഥങ്ങളിൽ നിന്നും ഉള്ളതായിരിക്കേണ്ട

താണ്. അതേപ്രകാരം ഓരോ വാദവും അതിന്നുള്ള തെളിവും ഈ മാനദണ്ഡമനുസരിച്ച് സമർപ്പിക്കേണ്ട താണ്. ചുരുക്കത്തിൽ ഇരുവിഭാഗവും തങ്ങളുടെ വേദ ഗ്രന്ഥത്തിലെ അദ്ധ്യാപനങ്ങളിൽ നിന്നും പുറത്തുപോ കാതിരിക്കാൻ നോക്കേണ്ടതാണ്. (ജങ്കെ മുഖദ്ദസ് റൂഹാ നീഖസായിൻ വാള്യം 6 പേജ് 89)

പ്രസ്തുത സംവാദം മുഴുവനും ആദ്യന്തം പാരാ യണം ചെയ്യുന്നവർക്ക് പാതിരി അബ്ദുല്ലാആഥമിന്ന് അവസാനനിമിഷം വരെ ഈ മാനദണ്ഡമനുസരിച്ച് വിവാദം നടത്തുവാൻ സാധിച്ചിട്ടില്ല എന്നു മാത്രമല്ല അദ്ദേഹത്തിന്നു വാദവും തെളിവും തമ്മിലുള്ള വിവേ ചനം തിരിച്ചറിയുവാൻ കഴിഞ്ഞില്ല എന്ന യാഥാർത്ഥ്യ വും ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ ഹദ്റത്ത് വാഗ്ദത്ത മസീഹ് തന്റെ ഓരോ വാദവും അതിന്നുള്ള തെളിവും ബുദ്ധിപരമായും പ്രമാണപര മായും വിശുദ്ധ ഖുർആനിൽനിന്നുമാത്രം ഉദ്ധരിച്ചുകൊ ണ്ടിരുന്നു.

ഈ സംവാദത്തിന്നുശേഷം പല പ്രമുഖ വ്യക്തി കൾക്കും ക്രിസ്തുമതമുപേക്ഷിച്ചു ഇസ്ലാം മതം ആശ്ലേഷിക്കുവാനുള്ള സൗഭാഗ്യം ലഭിച്ചു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ഇസ്ലാം ഒരു ജീവസ്സുള്ള മതവും ഹദ്റത്ത് മുഹമ്മദു നബി(സ) ഒരു സജീവ പ്രവാചകനും വിശുദ്ധ ഖുർആൻ ഒരു ജീവ നുള്ള ഗ്രന്ഥവും ആണെന്ന് പ്രസ്തുത ഗ്രന്ഥത്തിൽ (സംവാദത്തിൽ) തെളിയിച്ചിരിക്കുന്നു. ഈ തത്വത്തിൽ ക്രിസ്തീയ സഭകൾക്കും പ്രഭാവിതരാകാതെ നിവൃത്തി യുണ്ടായില്ല. ഉദാഹരണമെന്നോണം 1894ൽ ലോകത്തെ ങ്ങുമുള്ള പാതിരിമാരുടെ ഒരു മഹാസമ്മേളനം ലണ്ട നിൽ നടന്നു. ഇതിന്റെ ഒരു യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചിരുന്ന Lord Bishop of Glouster Rev. Challes John Elecot ഇപ്രകാരം പ്രസ്താവിച്ചു.

മറ്റുള്ളവർ പഴയ സിദ്ധാന്തങ്ങളിൽ ഉറച്ചുനിൽക്കു ന്നു. എന്നാൽ മുഹമ്മദാനിസത്തിലെ ഈ പ്രസ്ഥാനം വളരെ ശ്രദ്ധേയമാണ്. നമ്മുടെ ഈ സാമ്രാജ്യത്തിൽ പുതിയരീതിയിലുള്ള ഒരു മുഹമ്മദനിസം വളർന്നുവ രുന്നതായി അനുഭവസ്ഥരിൽ നിന്നും ഞാൻ മനസ്സിലാ ക്കുന്നു. മാത്രമല്ല നമ്മുടെ ദ്വീപിൽ പോലും (ബ്രിട്ടണിൽ) അതിന്റെ സാന്നിദ്ധ്യമുണ്ട്. മുഹമ്മദനിസം നമ്മുടെ കർത്താവിനെയും യജമാനനെയും സംബന്ധിച്ച് ബഹു മാനപുരസ്സരം പറയുന്നു. പക്ഷെ ഒട്ടും കുറയാതെ മറ്റെ ന്നെത്തേക്കാളും തീക്ഷ്ണമായി അത് ഏകത്വത്തിലധി ഷ്ഠിതവുമാണ്. നമ്മുടെ ദൃഷ്ടിയിൽ വെറുക്കപ്പെട്ടിരുന്ന മുഹമ്മദാനിസത്തിന്റെ പല പ്രയോഗങ്ങളും അവർ കയ്യൊഴിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ സ്ഥാനത്ത് അവർ വ്യാജപ്രവാചകനെ പ്രതിഷ്ഠിച്ചി രിക്കുന്നു. ഈ മാറ്റങ്ങൾ നാം തിരിച്ചറിഞ്ഞുകൊണ്ടിരി ക്കുന്നു. പക്ഷെ മുഹമ്മദാനിസം കുറഞ്ഞ തോതിലൊ ന്നുമല്ല അക്രമണോത്സുകമായിട്ടുള്ളത്. എന്നാൽ ആശ്ച ര്യകരമെന്നു പറയട്ടെ നമ്മുടെ കൂട്ടത്തിലുള്ള ചിലർ പ്രത്യേകമായി അതിനോടു അഭിനിവേശം കാണി ക്കുന്നു. (The official report of the Missionary Conference 1894 - page 64)

ഹദ്റത്ത് വാഗ്ദത്ത മസീഹ് വാദിച്ച് അല്പകാല ത്തിന്നകം തന്നെ പാതിരിമാരുടെ ഹൃദയങ്ങളിൽ അദ്ദേ ഹത്തെക്കുറിച്ചുള്ള ഭീതിയും ഭയവും അങ്കുരിക്കുകയു ണ്ടായി. ഇസ്ലാമിന്റെ വിജയത്തിന്റെയും ക്രിസ്തുമത ത്തിന്റെ പരാജയത്തിന്റെയും കാലം സമാഗതമായിരി ക്കുന്നുവെന്നവർക്ക് ബോധ്യമാകാൻ തുടങ്ങി.

ക്രിസ്തുമതത്തിന്നെതിരായി ഹദ്റത്ത് വാഗ്ദത്ത മസീഹിന്നുണ്ടായ വിജയത്തെക്കുറിച്ചനുസ്മരിച്ചു കൊണ്ടു ഒരനഹ്മദി പണ്ഡിതൻ മൗലവി നൂർ അഹ്മദു നഖ്ശ്ബന്ദി മൗലാനാ അശ്റഫലിഥാൻവി രചിച്ച വിശുദ്ധ ഖുർആൻ വിവർത്തനത്തിന്റെ ആമുഖത്തിൽ ഇപ്രകാരം എഴുതി.

*"ആ കാലത്ത് പാതിരി ലെഫ്റോയ് (Lefroy) കുറ ഞ്ഞകാലത്തിന്നകം ഇന്ത്യാരാജ്യത്തെ ക്രിസ്തുമത ത്തിൽ ലയിപ്പിക്കുന്നതാണെന്ന ആണയിട്ടുകൊണ്ട് പാതിരിമാരുടെ വലിയൊരു സംഘവുമായി ബിലാ ത്തിയിൽ (ബ്രിട്ടനിൽ) നിന്നും പുറപ്പെട്ടു. ബിലാത്തി യിലുള്ള ആഗ്ലേയരിൽ നിന്നും ഭാരിച്ച സഹായധന ത്തോടും ഭാവിയിൽ ലഭ്യമാകാനിരിക്കുന്ന സഹായവാ ഗ്ദാനങ്ങളോടുംകൂടി ഇന്ത്യയിൽ പ്രവേശിച്ച് വലിയ ഒച്ച പ്പാടുണ്ടാക്കി ഇസ്ലാമിന്റെ ധാർമ്മികാചാരങ്ങളെയും അതിന്റെ കല്പനകളെയും അദ്ധ്യാപനങ്ങളെയും എതിർത്തുകൊണ്ടുള്ള അവരുടെ ആക്രമണങ്ങൾ പാടെ പരാജയപ്പെട്ടു. കാരണം ഇസ്ലാമിന്റെ അദ്ധ്യാ പനങ്ങളും കല്പനകളും ഹദ്റത്ത് നബികരിം (സ) തിരുമേനിയുടെ സീറത്തും അവർ വിശ്വസിച്ചിരുന്ന ഇസ്രായേൽ പ്രവാചകന്മാരുടെ സീറത്തും അവരുടെ കല്പനകളും താദാത്മ്യം പ്രാപിക്കുന്നവയായിരുന്നു. അങ്ങനെ അവർ യുക്തിപരമായും പ്രമാണപരമായും പരാജിതരായി. എന്നാൽ ഈസാനബി(അ) ആകാശത്ത് സ്ഥൂലശരീരത്തോടുകൂടി ഇന്നും ജീവിച്ചിരിപ്പുണ്ടെന്നും ഇതരപ്രവാചകന്മാർ മൃതിയടഞ്ഞു ഭൂമിക്കടിയിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്നുവെന്നുമുള്ള പൊതുജന ങ്ങളുടെ വിശ്വാസം അവർക്ക് ആശാകേന്ദ്രമായിരുന്നു.*

*തദവസരത്തിൽ മിർസാ ഗുലാം അഹ്മദു ഖാദിയാനി എഴുന്നേറ്റു നിന്ന് പാതിരി ലേഫ്റോയിയെയും അയാളുടെ സംഘത്തെയും വെല്ലുവിളിച്ചുകൊണ്ട് നിങ്ങൾ പേരെടുത്തു പറയുന്ന ഈസാ ഇതര പ്രവാചകന്മാരെപ്പോലെ മരണപ്പെട്ടു ഭൂമിയിൽത്തന്നെ മറയടക്കം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും ഏതൊരു ഈസായെ നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നുവോ അതു ഞാൻ തന്നെയാണെന്നും നിങ്ങൾക്കു ഭാഗ്യമുണ്ടെങ്കിൽ എന്നെ സ്വീകരിക്കേണമെന്നും പറഞ്ഞു. ഇപ്രകാരം അദ്ദേഹം പാതിരി ലെഫറോയിയെ വളരെയധികം ഞെരുക്കി. അദ്ദേഹത്തിൽ നിന്നു തടിതപ്പാനാകാതെ പാതിരി വിഷമിച്ചുകൊണ്ടിരുന്നു. അങ്ങനെ മിർസാ ഗുലാം അഹ്മദ് ഇന്ത്യയിൽ നിന്നു വിലായത്ത് വരെ പാതിരിമാരെ തുരത്തി പ്പരാജയപ്പെടുത്തിക്കൊണ്ടിരുന്നു.*

(ആമുഖം, മുഅ്ജിസ്നുമാ ഖുർആൻ പേജ് 30 1934ൽ പ്രസിദ്ധീകൃതം)

ഹദ്റത്ത് വാഗ്ദത്ത മസീഹ് ആധുനിക ക്രിസ്തുമതത്തിന്നെതിരായി സംവാദങ്ങൾ മാത്രമല്ല നടത്തിയിരുന്നത് മറിച്ച് അദ്ദേഹം പേനകൊണ്ടും ജിഹാദു ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം ഇതിന്നായി 84ലധികം മഹൽഗ്രന്ഥങ്ങൾ തന്നെ രചിച്ചു. അഞ്ചാമെ ആഥം, സിറാജ്ജുദ്ദീൻ ഈസായിയുടെ നാലുചോദ്യങ്ങൾക്കുള്ള മറുപടി മസീഹ് ഇന്ത്യയിൽ ജങ്കെമുഖദ്ദിസ് അഞ്ചാമെ മസീഹ് ചശ്മയെ മസീഹ് എന്നിവ അവയിൽ സുപ്രധാനമർഹിക്കുന്നവയാണ്.

ഇന്ന് വാഗ്ദത്ത മസീഹിനാൽ സംസ്ഥാപിതമായ അഹ്മദിയ്യാ മുസ്ലിം മിഷ്യൻ ആഗോളാടിസ്ഥാനത്തിൽ പാശ്ചാത്യ പൗരസ്ത്യനാടുകളിൽ പ്രവർത്തനനിരതമാണ്. അതിന്റെ അലയൊലികൾ കേരളക്കരയിലും മാറ്റൊലി കൊള്ളുകയാണ്. ഉദാഹരണമായി

“ഇസ്ലാമിന്റെ നവോത്ഥാനം - പുതിയ വെല്ലുവിളികളോ? എന്ന ശീർഷകത്തിൽ യുവദീപം എന്ന ക്രിസ്തീയ മാസിക 1980 ജൂൺ ലക്കത്തിൽ (പുസ്തകം 27, ലക്കം 6) എഴുതുന്നു:

“ഇസ്ലാം മതപ്രചരണം ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ ഒരു പുതിയ വഴിത്തിരിവിൽ എത്തിയിരിക്കുന്നു. ഈ പുതിയ വെല്ലുവിളികളെ ഏഷ്യയിലെ ക്രൈസ്തവ ലോകം എങ്ങനെ വീക്ഷിക്കും എന്നത് ചിന്താർഹമായ വിഷയമാണ്. ഇങ്ങനെ ഒരു നവോത്ഥാനത്തിന്റെ ശില്പികളാൽ പ്രമുഖർ അഹ്മദിയ്യാ മുസ്ലിം എന്നറിയപ്പെടുന്ന ഒരു രാജ്യാന്തര സംഘടനയത്രെ. ഏതാണ്ട് 35 രാജ്യങ്ങളിൽ (ഇപ്പോൾ 193 രാജ്യങ്ങളിൽ ലേഖകൻ) പരന്നു കിടക്കുന്ന ശക്തമായ ശൃംഖലകൾ ഉള്ള ഈ പ്രസ്ഥാനത്തിന്റെ ശൈലി ക്രിസ്ത്യൻ മിഷ്യനറി സംഘടനകൾക്ക് സമമാണ്. ഇസ്ലാം മതത്തിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ മിർസാ ഗുലാം അഹ്മദു ക്രിസ്ത്യാനികളുടെ മിശിഹായും ഇസ്ലാമിലെ വരാനുള്ള മഹ്ദിയും താനാണെന്നു അവകാശപ്പെട്ടു. ഒരുപക്ഷെ ഇതിൽനിന്നായിരിക്കണം ക്രിസ്തുമതത്തെ അങ്ങേഅറ്റം എതിർക്കുവാനുള്ള പ്രചോദനം അവർക്ക് ലഭിച്ചത്. ബലപ്രയോഗത്തിൽ കൂടെയല്ല പിന്നയോ പ്രസംഗത്തിലൂടെയാണ് ഇത് സാധിക്കേണ്ടത് എന്ന മിർസാ ഗുലാം അഹ്മദിന്റെ ഉപദേശം അവരെ തീക്ഷ്ണതയുള്ള മിഷ്യനറിമാരാക്കിത്തീർക്കുന്നു. 1960ൽ പ്രശസ്ത സുവിശേഷകനായ ബില്ലിഗ്രാഹാം നടത്തിയ ആഫ്രിക്കൻ പര്യടനത്തോടെയാണ് ഇവരുടെ സംവാദം പൊതുജനശ്രദ്ധയാകർഷിച്ചത്.

കെനിയായിലെ നൈറോബി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന അഹ്മദിയാ മുസ്ലിം മിഷ്യന്റെ തലവനായ മൗലവി ശൈഖ് മുബാറക്ക് അഹ്മദു നടത്തിയ പരസ്യമായ ആത്മീയ വെല്ലുവിളിയാണ് ഇവരുടെ പ്രവർത്തന ശൈലി വെളിച്ചത്ത് കൊണ്ടുവന്നത് അതിപ്രകാരമാണ്. മൂന്നു ഭൂഖണ്ഡങ്ങളിൽ നിന്നുള്ള മുപ്പത് (30) തീരാവ്യാധിക്കാരെ നേർപകുതിയായി വിഭജിക്കുന്നു. അതിന്നുശേഷം താനും ബില്ലിഗ്രഹാമും ഓരോ ഭാഗത്തിന്നുവേണ്ടി പ്രാർത്ഥിക്കുക. വ്യാധികൾ ഭേദമാക്കുന്ന ഭാഗത്തിന്ന് ദൈവത്തിന്റെ ശക്തിയുള്ളതായി അംഗീകരിക്കുക. എന്നാൽ തന്റെ വരവിന്റെ ഉദ്ദേശം രോഗശാന്തിയല്ല പ്രത്യുത പ്രസംഗമാകുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ട് ബില്ലിഗ്രഹാം ഈ വെല്ലുവിളിയെ നിരസിക്കുകയുണ്ടായി. ഇന്നു കിഴക്കൻ ആഫ്രിക്കയിൽ മാത്രം ഏതാണ്ടു പത്തു ലക്ഷം പേർ (ഇപ്പോൾ കോടിക്കണക്കിൽ - ലേഖകൻ) അഹ്മദിയ്യാ വിശ്വാസികളായി മാറിക്കഴിഞ്ഞിട്ടുണ്ട്. 60കളിൽ ആരംഭിച്ച ആഫ്രിക്കൻ ദേശീയതയുടെ മറപറ്റി വെള്ളക്കാരായ ക്രൈസ്തവ മിഷ്യനറിമാരെ സാമ്രാജ്യത്തിന്റെ ചാരന്മാരായി മുദ്രകുത്തിക്കൊണ്ടിരുന്നപ്പോൾ ഒരു ദേശീയതയുടെ മതമായ ഇസ്ലാം മതത്തെ അവതരിപ്പിക്കുവാൻ കഴിഞ്ഞു എന്നതത്രെ ഇവരുടെ വിജയരഹസ്യം.... ഇന്ന് തുറക്കപ്പെടുന്ന ഈ രാജ്യങ്ങളിലെ അല്പമായെങ്കിലുമുള്ള സുവിശേഷത്തിന്റെ വാതിലുകൾ എന്നെന്നേക്കുമായി അടയുവാൻ പോകുന്നതിന്റെ ശംഖനാദമാണോ ഇത്? കാലം ഉത്തരം നല്കട്ടെ”

അതെ ഇന്നു ആഗോളാടിസ്ഥാനത്തിൽ അഹ്മദിയ്യാ മിഷ്യന്നുണ്ടായിക്കൊണ്ടിരിക്കുന്ന വിജയം അതിന്നുള്ള ഉത്തരമാണ്. ●

ലേഖനം

പി.എ. മുഹമ്മദ് സലിം

# ഇത് കളവല്ലേ? 'പ്രബോധനം' പത്രാധിപർക്ക് ഒരു തുറന്ന കത്ത്

**ജമാഅത്തെ ഇസ്‌ലാമി മുഖപത്രമായ പ്രബോധനത്തിൽ പി.പി. അബ്ദുറഹ്മാൻ എന്ന ജമാഅത്തെ ഇസ്‌ലാമി നേതാവ് 'സംവാദം' കോളത്തിൽ 'മുബാഹലക്ക് ശേഷം രണ്ട് പതിറ്റാണ്ടുകൾ' എന്ന പേരിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. തികഞ്ഞ കള്ളവും വ്യാജവും നിറഞ്ഞ ആ ലേഖനത്തിന് മുൻ സിമി പ്രവർത്തകനും ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ അദ്ധ്യാപകനുമായി സേവനമനുഷ്ഠിക്കുന്ന പി.എ. മുഹമ്മദ് സലിം സാഹിബ് പ്രബോധനത്തിൽ പ്രസിദ്ധീകരിക്കാൻ അയച്ചുകൊടുത്ത ലേഖനത്തിന്റെ പകർപ്പാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്. സംവാദമായി പ്രബാധനം അവതരിപ്പിച്ച പ്രസ്തുത ലേഖനത്തിന് എഴുതിയ ഈ മറുപടി പ്രബോധനം ഇത് വരെ പ്രസിദ്ധീകരിച്ചിട്ടില്ല.**

**2009** ജൂൺ 27ലെ 'പ്രബോധനം' വാരികയിൽ പേജ് 37-ൽ 'സംവാദം' കോളത്തിൽ 'മുബാഹലക്ക് ശേഷം രണ്ടുപതിറ്റാണ്ടുകൾ' എന്ന തലക്കെട്ടിൽ ജനാബ് അബ്ദുറഹ്മാൻ കൊടിയത്തൂർ എഴുതിയ ലേഖനം വായിച്ചു. പ്രസ്തുത ലേഖനത്തിന്റെ മുഖ്യവാചകമായി മുകളിൽ എഴുതിയ പരാമർശങ്ങളാണ് ഈ വിനീതനെ ഇത് എഴുതാൻ പ്രേരിപ്പിച്ചത്. പ്രസ്തുത വാചകം വായനക്കാരുടെ അറിവിലേക്കായി താഴെ കുറിക്കുന്നു.

"മുബാഹലക്ക് ശേഷം ഇന്ന് വരെ ഒരാൾ പോലും ഖാദിയാനിസത്തിൽ ചേർന്നിട്ടില്ലെന്ന് മാത്രമല്ല, ഖാദിയാനിസമുപേക്ഷിച്ച 25 പേരിൽ നിരവധി പ്രമുഖ വ്യക്തിത്വങ്ങളുമുണ്ട് എന്നതാണ് സത്യം."

'ഖാദിയാനിസം' എന്ന ഒരു ഇസം ഇല്ല എന്ന വസ്തുത ആദ്യമായി അറിയിക്കുകയാണ്. ഹദ്റത്ത് ഇമാം മഹ്ദി (അ) സ്ഥാപിച്ച അൽജമാഅത്തിന്റെ പേര് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്നാണ്. 'അഹ്മദിയ്യാ ജമാഅത്ത്' എന്നോ 'ജമാഅത്തെ അഹ്മദിയ്യാ' എന്നോ വിളിക്കാവുന്നതാണ്. 120 വർഷങ്ങളായി പ്രസ്തുത പേരുകളിലാണ് അത് അറിയപ്പെടുന്നതും. അങ്ങനെ തന്നെ അറിയപ്പെടാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതും. അങ്ങനെയിരിക്കെ, എന്തുകൊണ്ടാണ് നീതിക്ക് വേണ്ടി നിലകൊള്ളുന്നു എന്ന് അവകാശപ്പെടുന്ന 'ജമാഅത്തെ ഇസ്‌ലാമി'യുടെ മുഖപത്രമായ പ്രബോധനത്തിന്റെ താളുകളിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെക്കുറിച്ച് 'ഖാദിയാനിസം' എന്ന് അഭിസംബോധന ചെയ്യുന്നത്? ഇത് നീതിക്ക് നിരക്കുന്നതാണോ?

ഇനി പരാമർശിക്കപ്പെട്ട വിഷയത്തിലേക്ക് കടക്കാം. "മുബാഹലക്ക് ശേഷം ഇന്നുവരെ ഒരാൾ പോലും ഖാദിയാനിസത്തിൽ ചേർന്നിട്ടില്ലെന്ന്" എത്ര ആധികാരികമായിട്ടാണ് ജനാബ് അബ്ദുറഹിമാൻ സാഹിബ് കൊടിയത്തൂർ പറഞ്ഞിരിക്കുന്നത്. അദ്ദേഹം അൻജുമൻ ഇശാഅത്തെ ഇസ്‌ലാം സിക്രട്ടറിയും, ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനോ, അനുഭാവിയോ ആണ്. മാത്രമല്ല പ്രബോധനത്തിലെ സ്ഥിരം എഴുത്തുകാരനുമാണ്. ഇത്രമാത്രം ഉത്തരവാദിത്തമുള്ള ഒരാൾ ഇങ്ങനെ ഒരു പ്രസ്താവന നടത്തുമ്പോൾ, തന്റെ പ്രസ്താവന സത്യമാണോ എന്ന് പരിശോധിക്കാൻ ബാധ്യസ്ഥനല്ലേ? അദ്ദേഹം ഇങ്ങനെ ഒരു പ്രസ്താവന എഴുതിത്തരുമ്പോൾ, അത് സത്യമാണോ എന്ന് പരിശോധിക്കാൻ പ്രബോധനത്തിന്റെ എഡിറ്റോറിയൽ ബോർഡിനും ബാധ്യതയില്ലേ? ഇനി നമുക്ക് അദ്ദേഹത്തിന്റെ പ്രസ്തുത

പ്രസ്താവനയെ വിശദമായി വിലയിരുത്തിനോക്കാം.

ഏതെങ്കിലും ഒരാൾ മുബാഹലക്ക് ശേഷം, അതായത് 1989 മെയ് 28ന് ശേഷം 2009 ജൂൺ 27 ലെ പ്രബോധനത്തിൽ ജനാബ് അബ്ദുറഹിമാൻ സാഹിബ് എഴുതുന്നത് വരെ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ "ഇന്നുവരെ ഒരാൾ പോലും ഖാദിയാനിസത്തിൽ ചേർന്നിട്ടില്ലെന്ന" അദ്ദേഹത്തിന്റെ പ്രസ്താവന തികച്ചും തെറ്റും; കളവും; വായനക്കാരെ തെറ്റിദ്ധരിപ്പിക്കലുമാണെന്ന് ജനാബ് പി.പി. അബ്ദുറഹ്മാൻ സാഹിബിനും പ്രബോധനത്തിന്റെ എഡിറ്റോറിയൽ ബോർഡിനും സമ്മതിക്കാതെ നിർവ്വാഹമില്ലല്ലോ!

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതെഴുതിക്കൊണ്ടിരിക്കുന്ന ഈ വിനീതൻ ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ചേർന്നത് മുബാഹലക്ക് ശേഷമാണെന്ന സത്യം പ്രബോധനത്തിന്റെ വായനക്കാരുടെ മുമ്പാകെ വ്യക്തമാക്കുകയാണ്. അതായത് ജമാഅത്തിന്റെ 4-ാം ഖലീഫ മുബാഹലക്കുള്ള ആഹ്വാനം നൽകിയത് 1988 ജൂൺ 10-ാം തിയ്യതിയിലെ ജുമുഅ: ഖുതുബയിലാണ്. അതിനുശേഷം അഹ്മദിയ്യാജമാഅത്ത് പ്രവർത്തകരും, മിക്കവാറും എല്ലാ (പ്രത്യേകിച്ച് ജമാഅത്തെ ഇസ്‌ലാമിയും ഉൾപ്പെടുന്ന) ഇസ്‌ലാമിക സംഘടനകളെയും പ്രതിനിധീകരിച്ച അൻഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം പ്രവർത്തകരുമായി ഒരു സ്റ്റേജിൽ വെച്ച് നേർക്കുനേർമുബാഹല നടന്നത് 1989 മെയ് 28-ാം തിയ്യതി കൊടിയത്തൂരിൽ വെച്ചായിരുന്നു. അന്ന് കൊടിയത്തൂരിൽ ഈ മുബാഹല നടക്കുമ്പോൾ ഈ വിനീതൻ, സിമി എന്ന വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിന്റെ സംസ്ഥാന കമ്മറ്റി (ശുറാ) അംഗമായിരുന്നു. ജനാബ് ഏ. പി. അബ്ദുൽ വഹാബ് (പ്രൊഫ. പി.എസ്.എം.ഒ. കോളേജ് തിരൂരങ്ങാടി) സംസ്ഥാന പ്രസിഡണ്ടുമായിരുന്നു എന്ന് മാത്രമല്ല, സിമിയുടെ ഏതാനും പ്രവർത്തകർ മുബാഹലയിൽ കുടുംബസമേതം പങ്കെടുക്കുകയും ചെയ്തിരുന്നു.

"മുബാഹലയുടെ കാലാവധി ആറുമാസമായിരുന്നു നിശ്ചയിച്ചത്". ഇത് പി.പി. അബ്ദുറഹ്മാൻ സാഹിബിന്റെ വാക്കുകളാണ്. മുബാഹലക്ക് ശേഷം 6 മാസത്തിനുള്ളിൽ തന്നെ ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ ചേരാനുള്ള ഭാഗ്യം അല്ലാഹു ഈ വിനീതന് നൽകി. അതായത് 1989 സെപ്തംബർ 30-ാം തിയ്യതി ഈ വിനീതൻ കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസ് പള്ളിയിൽ വെച്ച് ബൈഅത്ത് ചെയ്തു. ഈ വിനീതൻ ബൈഅത്ത് ചെയ്ത വിവരം ജനാബ് പി.പി. അബ്ദുറഹ്മാൻ സാഹിബിന് അറിയില്ലെന്നാണോ? പ്രബോധനത്തിന് അറിയില്ലെന്നാണോ? നിങ്ങളുടെ അറിവിനെ ഞാനൊന്ന് ഓർമ്മപ്പെടുത്തട്ടെ - നിങ്ങൾക്ക് വേണ്ടിയല്ല, കാരണം നിങ്ങൾ ഉറക്കം നടിക്കുകയാണ്. പ്രബോധനത്തിന്റെ നിഷ്കളങ്കരായ വായനക്കാർ നിങ്ങളുടെ നുണക്കഥ കേട്ട് ഉറങ്ങുകയാണ്. അവർക്ക് വേണ്ടി മാത്രം ഈ പരമമായ സത്യം ഞാൻ കുറിക്കുകയാണ്. കൊടുങ്ങല്ലൂരിലെ എടമുക്ക് എന്ന സ്ഥലത്ത് (ഈ വിനീതന്റെ ജന്മനാട്ടിൽ) ജനാബ് പി.പി. അബ്ദുറഹ്മാനും ജനാബ് ഇ.എൻ. ഇബ്രാഹിം മൗലവിയും ഉൾപ്പെടുന്ന സംഘം കോഴിക്കോട് നിന്നും വന്നതും (ഒരു പ്രാവശ്യമല്ല രണ്ട് പ്രാവശ്യം) പാതിരാവരെ നമ്മൾ തമ്മിൽ ദീർഘനേരം അല്ലാഹുവിനെയും, ജമാഅത്തെ ഇസ്‌ലാമിക്കാരെയും, സിമി പ്രവർത്തകരെയും, നാട്ടുകാരെയും സാക്ഷിയാക്കി ചർച്ച ചെയ്ത സംഭവബഹുലമായ ചരിത്രം, ജനാബ് പി.പി. അബ്ദുറഹ്മാൻ സാഹിബിന് മറക്കാൻ കഴിയുമോ? അന്നത്തെ ചർച്ചയുടെ അധ്യക്ഷൻ ജനാബ് സിദ്ദീഖ് ഹസ്സൻ സാഹിബിന്റെ ജേഷ്ഠനും ജമാഅത്തെ ഇസ്‌ലാമിക്കാരനുമായ പ്രൊഫ: മുഹമ്മദലി സാഹിബായിരുന്നു. ഇത് സംഘടിപ്പിക്കാൻ മുൻകൈ എടുത്തതോ പ്രബോധനത്തിലെ എഴുത്തുകാരനായ ജനാബ് എൻ.എം. ഹുസൈൻ സാഹിബായിരുന്നു. ഇത്ര വലിയൊരു നുണ പി.പി. അബ്ദുറഹ്മാൻ സാഹിബ് എഴുതി തരുമ്പോൾ, 60 വർഷം പൂർത്തിയാക്കുന്ന ഏക ഇസ്‌ലാമിക പ്രസിദ്ധീകരണമെന്നവകാശ പ്രഖ്യാപനം നടത്തുന്ന പ്രബോധനത്തിന്റെ എഡിറ്റർമാർ ഇടവും വലവും നോക്കാതെ അതിന്റെ തെറ്റും ശരിയും നോക്കാതെ അങ്ങനെ തന്നെ പ്രസിദ്ധീകരിക്കാൻ തയ്യാറായത് 'ഖാദിയാനി'കളെക്കുറിച്ച് എന്ത് നുണയും പറയാമെന്നത് കൊണ്ടാണോ? എവിടെയാണ് നിങ്ങൾ തന്നെ പറയുന്ന നിങ്ങളുടെ പത്രധർമ്മം? ഈ വിനീതൻ ബൈഅത്ത് ചെയ്തതിനുശേഷം കേരള അമീറും പ്രബോധനത്തിന്റെ ചീഫ് എഡിറ്ററുമായ ജനാബ് സിദ്ദീഖ് ഹസ്സൻ സാഹിബുമായി കത്തിടപാട് നടത്തേണ്ടി വന്നതെ ന്തുകൊണ്ടായിരുന്നു എന്ന് നിങ്ങൾ ക്കറിയില്ലെങ്കിൽ അദ്ദേഹത്തോട് ചോദിച്ചു നോക്കുക. അദ്ദേഹം അനുവാദം തരുമെങ്കിൽ, ആ കത്തുകൾ പ്രബോധനത്തിലേക്ക് അയച്ചുതരാം. ജമാഅത്തെ ഇസ്‌ലാമിയുടെ കൊടുങ്ങല്ലൂർ നേതാവും പണ്ഡിതനുമായ ജനാബ് പി.ഡി. അബ്ദുറസാഖ് മൗലവിയും, ജനാബ് മാറഞ്ചേരി അബ്ദുസ്സലാം മൗലവിയും എടമുക്കിലെ ഈ വിനീതന്റെ വീട്ടിൽ വന്നതും ഞങ്ങൾ തമ്മിൽ സംസാ

രിച്ചതും പ്രബോധനത്തിന്റെ എഡിറ്റർമാർ തന്നെ ചോദിച്ചു നോക്കുക. ഈ വിനീതൻ ബൈഅത്ത് ചെയ്ത ഉടനെ അന്നത്തെ സിമി പ്രസിഡണ്ടായ ജനാബ് എ.പി. അബ്ദുൽ വഹാബ് സാഹിബുമായി കണ്ട് എല്ലാകാര്യങ്ങളും നേരിൽ അദ്ദേഹത്തിന്റെ വീട്ടിൽ വെച്ച് പറഞ്ഞതും നിങ്ങൾ, പ്രബോധനത്തിലെ തന്നെ എഴുത്തുകാരനായ അദ്ദേഹത്തോട് ചോദിച്ചു നോക്കിയാലും. ജമാഅത്തെ ഇസ്‌ലാമിയുടെ തൃശൂർ ജില്ലയിലെ ഏറ്റവും പ്രമുഖ പണ്ഡിതനായ ജനാബ് ടി.എ. മുഹമ്മദ് മൗലവിയുമായി അദ്ദേഹത്തിന്റെ മാളയിലെ വീട്ടിൽ വെച്ച് നടത്തിയ ചർച്ചയെക്കുറിച്ചും നിങ്ങൾ അദ്ദേഹത്തോട് ചോദിച്ച് നോക്കുക. ഈ വിനീതന്റെ ബൈഅത്തിനു ശേഷം ജനാബ് ഇ.എം. അബ്ദുറഹ്മാൻ സാഹിബിന്റേയും ജനാബ് എൻ.എം. ഹുസൈൻ സാഹിബിന്റെയും സാന്നിദ്ധ്യത്തിൽ എടമുക്കിലെ എന്റെ വീട്ടിൽ വെച്ച് ജനാബ് കുഞ്ഞുമുഹമ്മദ് പുലവത്തുമായി നടന്ന സംഭാഷണത്തെക്കുറിച്ച് നിങ്ങൾ ചോദിച്ച് നോക്കുക. കോഴിക്കോട് സിമി ഓഫീസിൽ വെച്ച് ജനാബ് സി. ഹംസ മാസ്റ്ററുമായി നടന്ന ചർച്ചയെക്കുറിച്ച് ജ. എൻ. എം. ഹുസൈൻ സാഹിബിനോട് ചോ ദിച്ചു നോക്കുക. ചുരുക്കിപ്പറഞ്ഞാൽ, മുബാഹലക്കുശേഷം, ഈ വിനീതൻ കാലത്തിന്റെ ഇമാമിന് ബൈഅത്ത് ചെയ്ത് അൽ-ജമാഅത്തായ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച വിവരം ജനാബ് പി.പി. അബ്ദുറഹ്മാൻ സാഹിബിനും, ജമാഅത്തെ ഇസ്‌ലാമിയുടെ അമീറായിരുന്ന ജനാബ് സിദ്ദീഖ് ഹസൻ സാഹിബ് മുതൽ കേരളത്തിലെ അറിയപ്പെടുന്ന പല പണ്ഡിതന്മാർക്കും വ്യക്തമായും അറിയുമായിരുന്നു. മാധ്യമത്തിന്റെ എഡിറ്ററായ ജനാബ് ഒ. അബ്ദുറഹ്മാൻ സാഹിബും ആ അവസരത്തിൽ പ്രബോധനത്തിൽ 'മുമ്പെങ്ങോ സിമിക്കാരനായിരുന്ന' എന്ന അർത്ഥത്തിൽ ഈ വിനീതന്റെ അഹ്മദിയ്യത്ത് സ്വീകരണത്തെക്കുറിച്ച് പരാമർശിച്ചതായി എനിക്ക് ഓർമ്മയുണ്ട്. ഇത്രമാത്രം പച്ചയായ ഈ യാഥാർത്ഥ്യത്തെ മറച്ച് വെച്ചുകൊണ്ട് എന്ത് ഉദ്ദേശത്തോടുകൂടിയാണ്. **"മുബാഹലക്ക് ശേഷം ഇന്നുവരെ ഒരാൾ പോലും ഖാദിയാനിസത്തിൽ ചേർന്നിട്ടില്ലെന്ന്"** ജനാബ് അബ്ദുറഹ്മാൻ സാഹിബ് പറഞ്ഞതും പ്രബോധനം അതിനായി കോളം നൽകിയതും? ഇത് സംശയാസ്പദമായ പ്രസ്താവനയാണെന്ന് ഏത് വായനക്കാരനും അറിയാവുന്നതല്ലേ? ഒരന്വേഷണം നടത്തി, സ്ഥിരീകരിച്ചതിന് ശേഷമായിരുന്നില്ലേ ഇത് പ്രസിദ്ധീകരിക്കേണ്ടിയിരുന്നത്?

ഇതേ പ്രബോധനത്തിലെ പേജ് 20-ൽ അബൂഫിദൽ 'മാധ്യമവിശകലനം' എന്ന കോളത്തിൽ 'ഘർവാപസികളുടെ ആക്രോശങ്ങൾ' എന്ന പേരിൽ നടത്തിയ 'ആക്രോശങ്ങൾ' പ്രബോധനമാകുന്ന 'ഇസ്‌ലാമിക പത്രത്തിനല്ലേ ഒന്നാമതായി ബാധകമാകേണ്ടിയിരുന്നത്? പേജ് 22-ൽ "ജമാഅത്ത് വിരുദ്ധത' മദ്യലഹരിയെക്കാൾ വലിയ ലഹരിയായ പത്ര ലേഖകർ കുറെയുണ്ട് നമ്മുടെ നാട്ടിൽ." (പ്രബോധനം) എന്നും പേജ് 23-ൽ "ജമാഅത്ത് വിരുദ്ധ ലഹരി മൂത്തപ്പോൾ" എന്നും പേജ് 23-ൽ "ഏത് അഭിമുഖത്തിൽ, ആരുമായി നടത്തിയത്, എവിടെ പ്രസിദ്ധീകരിച്ചത്, ആരാണ് ഇങ്ങനെ കുറ്റപ്പെടുത്തുന്നത്".. ഇതൊക്കെ വിശദീകരിക്കാൻ പത്രാധിപർക്കും ലേഖകനും ബാധ്യതയുണ്ട്" എന്ന് ഇസ്‌ലാമിസ്റ്റുകളല്ലാത്ത മാധ്യമക്കാരെ കുറ്റപ്പെടുത്തി മാധ്യമനീതിയുടെ സ്റ്റഡിക്ലാസുകൾ നടത്തുന്ന പ്രബോധനം ലേഖകന്മാർ, നാളിതുവരെ പ്രബോധനത്തിന്റെ താളുകളിലൂടെ പുറത്തുവിട്ട അഹ് മദിയ്യാ വിരുദ്ധ ലഹരി ഏത് നീതിയുടെ ഭാഗമാണെന്ന് വ്യക്തമാക്കാനപേക്ഷ - വർഷങ്ങളായി പ്രബോധനത്തിന്റെ താളുകളിലൂടെ പുറത്തുവിട്ടുകൊണ്ടിരിക്കുന്ന ആക്ഷേപങ്ങൾക്ക്, ഉദാഹരണമായി മീർസാഗുലാം അഹ്മദ് (അ) "ബ്രിട്ടീഷുകാരാൽ സൃഷ്ടിക്കപ്പെട്ട പ്രവാചകനാണ്'' എന്ന് ആക്ഷേപിക്കുമ്പൾ ഇതിന് വ്യക്തമായ തെളിവ് നൽകാൻ നിങ്ങൾ തന്നെ മറ്റു പത്രക്കാരോട് ചോദിക്കുന്ന അതേരീതിയിൽ അഥവാ പത്രാധിപർക്കും ലേഖകനും ബാധ്യതയില്ലേ? ഏറ്റവും ഒടുവിലായി ജ. പി.പി. അബ്ദുറഹ്മാൻ സാഹിബ് എഴുതിവിട്ട പെരുംകളവ് പ്രസ്താവനക്ക് വിശദീകരണം നൽകാൻ നിങ്ങളുടെ തന്നെ ഭാഷയിൽ പത്രാധിപർക്കും ലേഖകനും ബാധ്യതയില്ലേ?

വിശുദ്ധ ഖുർആനിലെ താഴെ കുറിക്കുന്ന വചനങ്ങൾ നമുക്ക് എന്താണ് പറഞ്ഞു തരുന്നത്?

(1) ***വിശ്വസിച്ചവരേ, നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന് നിങ്ങൾ പറയുന്നു.?*** (61:3)

നിങ്ങൾ പ്രവർത്തിക്കാത്ത പത്രധർമ്മവും നീതിയും എന്തിന് നിങ്ങൾ മറ്റുള്ളവരോട് പറയുന്നു.

(2) ***"ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പി***ക്കാതിരിക്കട്ടെ" - വിശുദ്ധ ഖുർആൻ (5:9)

വിശുദ്ധ ഖുർആനിലെ അല്ലാഹുവിന്റെ ഈ കല്പനയെ കാറ്റിൽ പറത്തിക്കൊണ്ടല്ലേ അഹ്മദിയ്യാ പ്രസ്ഥാനത്തെയും അതിന്റെ വന്ദ്യ സ്ഥാപകരെയും കുറിച്ച് പ്രബോധനത്തിന്റെ താളുകളിൽ നിങ്ങൾ

എഴുതി കൂട്ടിയുള്ളത്?

ആ പ്രസ്ഥാനത്തെക്കുറിച്ചുള്ള അന്ധമായ വിരോധം, അനീതിയുടെ ആക്രോശങ്ങളായി അല്ലാഹുവിന്റെ കല്പനക്ക് വിരുദ്ധമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്ന് പ്രബോധനത്തിന്റെ നാളിതുവരെ അഹ്മദിയ്യത്തിനെക്കുറിച്ചെഴുതിയ ലേഖനങ്ങൾ സാക്ഷിയാണ്. പുതിയ ലക്കത്തിൽ, അത് സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു.

"1989 മേയ് 28ലെ മുബാഹലക്കുശേഷം ജമാഅത്തെ ഇസ്ലാമിയിൽ ഇന്ന് വരെ ഒരാൾ പോലും ചേർന്നിട്ടില്ലെന്ന്" പറഞ്ഞാൽ എന്തായിരിക്കും അവസ്ഥ? ഇങ്ങനെ ഞങ്ങൾക്ക് പറയാൻ കഴിയുമോ? അഥവാ കഴിയണമെങ്കിൽ ജമാഅത്തെ ഇസ്ലാമിയുടെ, കേരളത്തിന് പുറത്തുള്ളത് നിൽക്കട്ടെ കേരള സംസ്ഥാന ഓഫീസുമായി ബന്ധപ്പെടുകയും ആധികാരികവക്താക്കളുമായി ബന്ധപ്പെടുകയും അവരോട് ചോദിച്ചറിയുകയും ചെയ്തതിന്നുശേഷം മാത്രമേ ഇങ്ങനെയുള്ള പ്രസ്താവനകൾ പുറത്തുവിടാൻ പാടുള്ളൂ. ഇത് പത്രധർമ്മത്തിന്റെ ബാലപാഠമാണ്. ഇക്കാലത്ത് ഫോൺ സൗകര്യവുമുണ്ട്.

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സംസ്ഥാന ഓഫീസ് പ്രബോധനത്തിന്റെ വക്താക്കൾ കാണാത്തതല്ലല്ലോ? എത്ര വിദ്വേഷം ഉള്ളിൽ ഉണ്ടെങ്കിലും, നുണ എത്രതന്നെ വലിയ അക്ഷരത്തിൽ എഴുതിയാലും ഇത് പോലുള്ള സത്യം എന്തായാലും പുറത്തുവരുമെന്ന് സാമാന്യബുദ്ധിയുള്ളവർക്ക് പോലും അറിയാവുന്നത് കൊണ്ടും ഒന്ന് ഫോൺ ചെയ്ത് ചോദിക്കാമായിരുന്നില്ലേ? മുബാഹലക്കുശേഷം നിങ്ങളുടെ പ്രസ്ഥാനത്തിലേക്ക് ആരെങ്കിലും ബൈഅത്ത് ചെയ്ത് വന്നിട്ടുണ്ടോ? ഈ ചോദ്യത്തിന് വളരെ വ്യക്തമായി നിങ്ങൾക്ക് മറുപടി ലഭിക്കുമായിരുന്നല്ലോ? അഹ്മദിയ്യാ വിരുദ്ധലഹരിയിൽ ഇങ്ങനെയൊരബദ്ധം സംഭവിക്കുമെന്ന് കരുതിയില്ല. "മിർസാ ഗുലാം അഹ്മദിനെ ബ്രിട്ടീഷുകാർ ആണ് പ്രവാചകനാക്കി'' യതെന്ന പെരുംകള്ളം വിളിച്ചു പറയുമ്പോൾ പിടിക്കപ്പെടുമെന്ന് പേടിക്കാനില്ലല്ലോ? ബ്രിട്ടീഷുകാർ ഇന്ത്യ വിട്ട് പോയതിലുള്ള ധൈര്യവും ഈ അനുയായികൾ ഏതായാലും പൈസമുടക്കി ബ്രിട്ടണിൽ പോയി ചോദിക്കാനും നിൽക്കില്ലല്ലോ! എന്നാൽ ജനാബ് പി.പി. അബ്ദുറഹ്മാൻ സാഹിബിന്റെ ചുറ്റുവട്ടത്തും പ്രബോധനത്തിന്റെ പത്രാധിപരുടെ അയൽവക്കത്തും ഒരാളും മുബാഹലക്ക് ശേഷം അഹ്മദിയ്യാ പ്രസ്ഥാനത്തിൽ ചേർന്നിട്ടില്ലാത്തത്കൊണ്ട്* ഇന്ന് വരെ ഒരാൾ പോലും അഹ്മദിയ്യാ പ്രസ്ഥാനത്തിൽ ചേർന്നിട്ടില്ലെന്ന് പറയുമ്പോൾ നിങ്ങളുടെ അനുയായികൾ മുബാഹലക്ക് ശേഷം കാലത്തിന്റെ ഇമാമിന് ബൈഅത്ത് ചെയ്ത് അഹ്മദിയ്യത്തിൽ ചേർന്നവരുമായി ആശയവിനിമയം നടത്തുന്നതും നിങ്ങൾ അറിയുന്നുണ്ടോ? നിങ്ങളുടെ പച്ചയായ നുണയാണെന്നതിന് നിങ്ങളുടെ അനുയായികൾ തന്നെ സാക്ഷിയാണെന്നതിന് ഒരുപാട് ഉദാഹരണങ്ങൾ ഞാൻ മുകളിൽ എഴുതിയിരുന്നു. എന്തിനേറെ നിങ്ങൾ തന്നെ നിങ്ങളുടെ വാദം നുണയാണെന്നതിന് സാക്ഷിയാണ്. എന്നാൽ ഈ വിനീതൻ സ്വന്തം ബൈഅത്തിനെക്കുറിച്ചുള്ള വിവരങ്ങളായിരുന്നു മുകളിൽ എഴുതിയത്. ഇനി തുടർന്നുള്ള സംഭവവികാസങ്ങൾ പ്രബോധനത്തിന്റെ നുണയുടെ ആഴം വ്യക്തമാക്കിതരും. ⬣

* മുബാഹല നടന്ന കൊടിയത്തൂരിന്റെ പരിസരമായ മുക്കം ചേന്ദമംഗല്ലൂർ എന്നിവിടങ്ങളിൽ നിന്നും ആളുകൾ മുബാഹലക്ക് ശേഷം അഹ്മദിയ്യാ ജമാഅത്തിൽ ബൈയ്യത്ത് ചെയ്ത് പ്രവേശിച്ചിട്ടുണ്ട്. ഇതിൽ അറിയപ്പെടുന്ന ജമാഅത്തെ ഇസ്ലാമി മുജാഹിദ് പ്രവർത്തകരും ഉൾപ്പെടുന്നു. (പത്രാ:)

---

***(16-ൽ നിന്ന് തുടർച്ച)***

മായും കൃത്യമായും സാക്ഷികൾ മുഖേന വെളിപ്പെടുകയും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പൂർത്തിയാക്കുകയും വേണം. എങ്കിൽ മാത്രമേ ശിക്ഷ നടപ്പാക്കാൻ സാധ്യമാകൂ.

മുസ്ലിംകൾക്ക് മാത്രം ബാധകമായിട്ടുള്ള ഇസ്ലാമിക ശരീഅത്തിലെ നിയമങ്ങൾ വ്യക്തവും സൂക്ഷ്മവുമായി നിർണ്ണയിക്കാതെ മുസ്ലിം രാജ്യത്തെ ഇസ്ലാമിക ഭരണകൂടങ്ങൾക്ക് മുസ്ലിംകളുടെ മേൽ നടപ്പാക്കാനാവില്ല. മുസ്ലിം രാജ്യത്തിലെ അമുസ്ലിം പൗരന്മാർക്കാവട്ടെ അവരുടെ മതത്തിനനുസരിച്ചുള്ള ശിക്ഷയും വേണം. അവരെ ഇസ്ലാമിക നിയമത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷിക്കാനും പാടില്ല. ഇത്തരമൊരവസ്ഥയിൽ ഇസ്ലാമിക ഭരണം തങ്ങളുടെ രാജ്യത്തുള്ള എല്ലാ പൗരന്മാർക്കും ഒരേ നിയമമാണ് നടപ്പാക്കാൻ ശ്രമിക്കേണ്ടത്. അതായത് അവർ ഉദ്ദേശിക്കും വിധം അവരുടെ സമൂഹത്തിന്റെ ക്രമത്തിനനുസൃതമായ നിയമങ്ങൾക്ക് മുൻഗണന നൽകി ഭരണനിർവ്വഹണം നടത്തേണ്ടതുണ്ട്. സ്വവർഗ്ഗരതി തടയുന്ന പൊതുനിയമം അവർക്ക് അവരുടെ രാജ്യത്ത് പൊതുവായി നടപ്പാക്കാവുന്നതാണ്. ഒരു ബഹുസ്വരസമൂഹത്തിൽ എല്ലാവരു

***(ശേഷം 26-ൽ)***

ലേഖനം

ഏ.ക്യു. മുസ്‌ലിം

# ഒരു ഭീകരവേട്ടയുടെ ശുഭകരമായ അന്ത്യം

## ഖലീഫത്തുൽ മസീഹിന്റെ കേരളസന്ദർശനത്തോടനുബന്ധിച്ച് നടന്ന രസകരമായ ഒരു സംഭവം ലേഖകൻ വിവരിക്കുന്നു

ഉന്നതങ്ങളിൽ നിന്നുള്ള നിർദ്ദേശ പ്രകാരമായിരുന്നു അദ്ദേഹവും സഹപ്രവർത്തകരും എത്തിച്ചേർന്നത്. അയൽ സംസ്ഥാനത്തെ ഒരു യർന്ന ഉദ്യോഗസ്ഥനാണദ്ദേഹം. ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ഒരു ''വേട്ടയാടലാ''ണ് ലക്ഷ്യം. പാശ്ചാത്യനാടുകളിലെ പാസ്പോർട്ടുകളോടെ പാകിസ്ഥാനികളായ ചിലർ കേരളത്തിലെത്തുന്നു. രാജ്യത്ത് ഒരു രാഷ്ട്രീയ അട്ടിമറി സൃഷ്ടിക്കാനുള്ള ഗൂഢാലോചനയാണ് അവരുടെ ഉദ്ദേശ്യം.

ഉദ്യോഗസ്ഥനും അനുചരരും അവർ താമസിക്കുന്ന എറണാകുളം താജ് റസിഡൻസിയിൽ രഹസ്യമായി ചുറ്റിക്കറങ്ങി അവരെ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരുന്നു. ഒരെത്തും പിടിയും കിട്ടുന്നില്ല. നിരാശരായി. ഒടുവിൽ അവരുടെ ഗൂഢാലോചനാകേന്ദ്രം ഒരു പള്ളിയാണെന്ന് കണ്ടെത്തി സന്തോഷിച്ചു. പള്ളിയിൽ വച്ച് അവരെ കുടുക്കുവാൻ തീരുമാനമായി. അതിനായി അദ്ദേഹം തന്നെ നേരിട്ടു സഹപ്രവർത്തകരോടൊപ്പം പള്ളിയിൽ രഹസ്യമായെത്തിച്ചേർന്നു. “ഇത് അഹ്മദിയ്യാ മുസ്‌ലിംകളുടെ പള്ളിയാണല്ലോ? ഖലീഫ അഞ്ചാമൻ മിർസാ മസ്റൂർ അഹ്മദാണല്ലോ കാറിൽ വന്നിറങ്ങുന്നത്?” ഖലീഫയെ ടി.വി. സ്ക്രീനിൽ കണ്ടിട്ടുള്ള അദ്ദേഹം തന്റെ സഹപ്രവർത്തകരോട് ഇപ്രകാരം നിർദ്ദേശം നൽകി: “മടങ്ങിക്കൊള്ളൂ. നമുക്കിവിടെ ഒരു കാര്യവുമില്ല” ഏറെ കഷ്ടനഷ്ടങ്ങൾ സൃഷ്ടിച്ച പ്രസ്തുത “ഓപ്പറേഷൻ” പരിപാടി അവസാനിപ്പിച്ചു. വ്യാജപരാതി അയച്ചവർക്കുണ്ടോ ഇതൊക്കെ അറിയുന്നു? പക്ഷേ അത് അല്ലാഹുവിന്റെ ജമാഅത്തിന് ഗുണകരമായി ഭവിച്ചു. അൽഹംദുലില്ലാഹ്. അത്ഭുതം തന്നെ. ആ ഉദ്യോഗസ്ഥൻ അഹ്മദിയ്യാ മുസ്‌ലിംകളെക്കുറിച്ച് ഏറെ പേജുകളുള്ള ഒരു റിപ്പോർട്ട് മേലുദ്യോഗസ്ഥർക്കു സമർപ്പിച്ചു. “ഇവർ സമാധാനകാംക്ഷികളും, രാജ്യസ്നേഹികളും മാനവമൈത്രിക്കും, മതസൗഹാർദ്ദത്തിനുമായി ലോകം മുഴുവൻ പ്രയത്നിക്കുന്നവരുമാണ്....”

അദ്ദേഹത്തിന്റെ ഔദ്യോഗികാസ്ഥാനം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നല്ല നേതൃത്വവും, നല്ല പ്രവർത്തകരുമുള്ള ഒരു ജമാഅത്തുണ്ട്. ത്യാഗധനരരായ കുറെ ചെറുപ്പക്കാരുടെ കൂട്ടായ്മയാണ് അവിടത്തെ പ്രവർത്തന വിജയം. ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി അവിടത്തെ കർമ്മനിരതനായ നമ്മുടെ മുബല്ലിഗിന്റെ നേതൃത്വത്തിൽ ഈ ഉദ്യോഗസ്ഥനെയും അവർ നേരിൽക്കണ്ട് നമ്മുടെ സാഹിത്യങ്ങളും മറ്റും സമ്മാനിച്ച് ആശയവിനിമയം നടത്തിയിരുന്നു. അദ്ദേഹം നമ്മുടെ മൗലവി സാഹിബിനെ ഏറെ ബഹുമാനിക്കുന്നു. പ്രസ്തുത സ്ഥലത്തെ കർമ്മനിരതനായ ഒരു യുവാവ് ഇദ്ദേഹവുമായുള്ള നല്ല ബന്ധം കാത്ത് സൂക്ഷിച്ചുപോന്നു. അദ്ദേഹം ഈ യുവാവിന്റെ വസതിയിൽ സൗഹൃദസന്ദർശനം നടത്തിയപ്പോൾ എം.ടി.എ. (മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ)യും വീക്ഷിച്ചിരുന്നു. “ഭീകരവേട്ടക്കായി'' എറണാകുളത്തെ അഹ്മദിയ്യാ മസ്ജിദിൽ എത്തിയ അദ്ദേഹത്തിന് എം.ടി.എ.യിൽ കണ്ട മുഖവും തനിക്ക് ചിരപരിചിതമായ ജമാഅത്തിനെയുമാണ് കാണാൻ കഴിഞ്ഞത്. തേജസ്സാർന്ന ഖലീഫത്തുൽ മസീഹിന്റെ തിരുമുഖം അദ്ദേഹത്തിൽ ആത്മീയനിർവൃതിയാണുണ്ടാക്കിയത് എന്ന് വ്യക്തം.

ഈ അന്വേഷണോദ്യോഗസ്ഥനെ നേരിൽക്കാണുവാനുള്ള അഭിവാഞ്ഛ എന്നിൽ ഉണ്ടായി. യുവ അഹ്മദിയ്യാ സഹോദരൻ മുഖേന ഞാൻ കൂടിക്കാഴ്ച തരപ്പെടുത്തി. ലോക്സഭ തെരഞ്ഞെടുപ്പ് കാലമായിരുന്നു അപ്പോൾ. “Z” കാറ്റഗറി സുരക്ഷയുള്ള ഒരു രാഷ്ട്രീയനേതാവ് വരുന്നത് പ്രമാണിച്ചുള്ള കടുത്ത ജോലിത്തിരക്കിലായിരുന്ന അദ്ദേഹം എന്റെ സൗകര്യത്തിനനുസരിച്ചാണ് കൂടിക്കാഴ്ചക്കുള്ള

സമയം നിശ്ചയിച്ചത്. മൗലവി സാഹിബും, യുവസുഹൃത്തും ഞാനും കൂടി അദ്ദേഹത്തിന്റെ ആസ്ഥാനത്തെത്തി സ്നേഹബഹുമാനത്തോടെയുള്ള ഹൃദ്യമായ സ്വീകരണം. ഷിർദ്ദി സായി ബാബാ (സത്യസായി ബാബയല്ല) ഭക്തനാണദ്ദേഹം. ഷിർദ്ദി സായി ബാബായുടെ ചിത്രങ്ങളും, കത്തിച്ചുവച്ച വിളക്കും, പൂമാലകളും എല്ലാം കൂടിച്ചേർന്ന് ഒരു ചെറിയ ക്ഷേത്രത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ ഓഫീസ് (ഇദ്ദേഹത്തെ മുസ്‌ലിം ഭീകരവാദവേട്ടക്കായി നിയോഗിച്ചുവെന്നുള്ളത് യാദൃശ്ചികമല്ല) കാപ്പി സൽക്കാരവും, ഏറെനേരത്തെ സംസാരത്തിനുശേഷം അദ്ദേഹം തന്നെ എഴുന്നേറ്റ് കാർ വരെ ഞങ്ങളെ അനുഗമിച്ച് യാത്രയാക്കിയത് എനിക്ക് മറക്കാനാവാത്ത ഒരനുഭൂതി വിശേഷമായിത്തോന്നി.

അവിടത്തെ അഹ്മദികളെയും, അഹ്മദിയ്യാ പള്ളിയും ശത്രുക്കളിൽ നിന്നും സംരക്ഷിക്കുവാൻ ഏത് പാതിരാത്രിയിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിനും അദ്ദേഹത്തിന് അഹ്മദിയ്യത്തിന്റെ സ്നേഹമസൃണമായ മുഖം കാണിച്ചുകൊടുത്ത യുവസഹോദരനും വേണ്ടി നമുക്ക് ഹൃദയംഗമമായി പ്രാർത്ഥിക്കാം. ●

*(24-ൽ നിന്ന് തുടർച്ച)*

ടേയും അഭിപ്രായങ്ങളും അവകാശങ്ങളും കണക്കിലെടുത്തായിരിക്കണം നിയമം നിർമ്മിക്കേണ്ടത്.

അതുപോലെ എപ്പോഴും പാലിക്കേണ്ട ഇസ്‌ലാമിക നിയമങ്ങളെ പറ്റിയുള്ള ചില മൂലതത്വങ്ങൾ ഇവിടെ വിശദീകരിക്കേണ്ടതുണ്ട്. വിഷയത്തിന്റെ വൈപുല്യം കാരണം ഇവിടെ അത് സാധ്യമല്ല. എങ്കിലും അത് ഇപ്രകാരം സംഗ്രഹിക്കാം. സമൂഹത്തിന് മൊത്തത്തിൽ ദോഷകരമായി വരുന്ന ഒരു പ്രശ്നത്തിൽ ഒരു സംശയമുണ്ടെങ്കിൽ ദോഷത്തിനിരയാവുന്ന കക്ഷിക്ക് അനുകൂലമായി ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്. തെറ്റായ വിധി മൂലം ഒരാൾക്ക് അന്യായമായി നഷ്ടം പറ്റിയാൽ അത് ദൈവത്തിന്റെ കോപം വിളിച്ചുവരുത്തുന്ന പ്രവർത്തിയായിരിക്കും.

Reference:


1. The Holy Quran, 30:22
2. Al-Ghazali, Shakykh Muhammad, 'A ThematicCommentary on the quran, P. 60 (2001)
3. The Holy Quran, 4:16.
4. The Holy Quran, 4:17.
5. Hawa iqal-Furqaan, Vol. 2, PP. 10-11
6. The Holy Quran, 26:166
7. The Holy Quran, 26:167
8. Qamus Alfaz, Al-Quran al-karim, Dr. Abdullah Abbas
9. Qamus Alfaz Al-Quran Karim Ibid
10. The Holy Quran, 75:40
11. The Holy Wutan, 16:73
12. For Quranic usage of 'fa-hi-shah' see, Farid, M.G., 'Dictionary of the Holy Quran. (Islam International Publications Limited, 2006) P. 641
13. The Holy Quran, 7:81
14. The Holy Quran, 7:82
15. The Holy Quran, 7:83
16 Quran Alfaz Al-Quran al-Karim, (1983) P. 471
17. Mufradai Alfaz al-Quran, Allamah al-Raghib al-Isfaham P. 626.
18. Qamus Alfaz Al-Quran al-Karim, (1983) P. 471
19. Qamus Alfaz Al-Quran al-Karim, (1983) P. 471
20. The Holy Quran, 3:136
21. Qamus Alfaz Al-Quran al-Karim, (1983) P. 471
22. The Holy Quran, 4:16
23. Penrice, J., 'A Dictionary and Glossary of the Kor-an with copipus grammatical references and explanations of the text.', P. 108. ●


*(8-ൽ നിന്ന് തുടർച്ച)*

താണ്. ഈ പരിശുദ്ധമായ മാറ്റമാണ് മറ്റുള്ളവരിൽനിന്നും ഒരു അഹ്മദിയെ വ്യതിരിക്തമാക്കുന്നത്. ഈ ദിനങ്ങളിൽ ഇബാദത്തിൽ നിങ്ങൾ മുന്നേറുന്നതോടൊപ്പം സ്വന്തക്കാരോടും അന്യരോടും സൽസ്വഭാവത്തോടെ പെരുമാറിക്കൊണ്ട് സ്വഭാവ സംസ്കരണത്തിലും മുന്നേറേണ്ടത് ഓരോ അഹ്മദിയുടേയും കടമയാണ്. ആഥിത്യമരുളാൻ എപ്പോഴും തയ്യാറായിരിക്കാനും ഒരതിഥിക്കുപോലും പരാതി ഇല്ലാത്ത രീതിയിൽ അവരെ സേവിക്കണമെന്നും ഞാൻ ഡ്യൂട്ടിയിലുള്ളവരെ ഉണർത്തിയിട്ടുണ്ടെങ്കിലും അതിഥികളും അവരുടെ പെരുമാറ്റരീതി ഉന്നത ഗുണനിലവാരമുള്ളതാക്കേണ്ടത് അനിവാര്യമാണ്. അതിഥിയായ അവസ്ഥയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) കാണിച്ച മാതൃകയും നമ്മുടെ മുമ്പിൽ ഉണ്ടായിരിക്കേണ്ടതാണ്. ഈ മാതൃകയെല്ലാം നമുക്കിന്നും വഴികാട്ടിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കൽ യാത്രയിലായിരുന്നു. ജോലിയുടെ തിരക്കിലുമായിരുന്നു. അതുകാരണം രാത്രിയിലെ ഭക്ഷണം കഴിക്കാൻ കഴിഞ്ഞില്ല. രാത്രി കുറേ കഴിഞ്ഞപ്പോൾ വിശപ്പ് അനുഭവപ്പെട്ടു ഭക്ഷണമുണ്ടോ എന്ന് അന്വേഷിച്ചു. ഡ്യൂട്ടിയിലുള്ളവരെല്ലാം വളരെയധികം വിഷമാവസ്ഥയിലായി കാരണം ഭക്ഷണം പൂർണ്ണമായും തീർന്നുപോയിരുന്നു. അല്പം പോലും ബാക്കിയുണ്ടായിരുന്നില്ല. ഹോട്ടലിൽ നിന്ന് ഭക്ഷണം വരുത്താൻ നോക്കിയപ്പോൾ ഹോട്ടലുകളെല്ലാം അടച്ചുപോയിരുന്നു. ഭക്ഷണം തീർന്നിരിക്കുന്നു എന്നും ഡ്യൂട്ടിയിലുള്ളവരെല്ലാം ഇതോർത്ത് വളരെ വിഷമത്തിലാണെന്നും ഹുസൂർ അറിഞ്ഞപ്പോൾ ഉടനെ ഹുസൂർ പിറഞ്ഞു. വിഷമിക്കേണ്ട ആവശ്യമെന്തിരിക്കുന്നു. റൊട്ടിയുടെ കഷ്ണങ്ങൾ

*(ശേഷം 36-ൽ)*

ലേഖനം

ഫരീദ് അഹ്മദ് യു.കെ.

# പ്രവാചകത്വപദവിക്കും ഖിലാഫത്തിനും വേണ്ടിയുള്ള പ്രാർത്ഥനകൾ

**പ്രവാചകത്വപദവി വഹിക്കാൻ യോഗ്യതയുള്ളവർ ഈ ഉമ്മത്തിൽ ഉണ്ടാവേണമേ എന്ന് നാം നിരന്തരം പ്രാർത്ഥിക്കുന്നു. അതുപോലെ അല്ലാഹു വാഗ്ദാനം ചെയ്ത ഖിലാഫത്ത് നേതൃത്വത്തിന്റെ അനുഗ്രഹത്തിന്ന് വേണ്ടിയും മുസ്‌ലിംകൾ നിരന്തരം പ്രാർത്ഥിക്കുന്നു.**

വിശുദ്ധ ഖുർആൻ പ്രഥമാദ്ധ്യായത്തിൽതന്നെ ഇക്കാര്യത്തിലേക്ക് വെളിച്ചം വീശുന്നു. അൽ-ഫാത്തിഹ അഥവാ ഉമ്മുൽ ഖുർആൻ (വിശുദ്ധ ഖുർആന്റെ മാതാവ്) ദൈവത്തിന്റെ അഗാധജ്ഞാനം വെളിപ്പെടുത്തുന്നു. ഈ ചെറിയ അദ്ധ്യായത്തിൽ ജ്ഞാനത്തിന്റെ നിധിശേഖരം അടങ്ങിയിരിക്കുന്നു. വിശുദ്ധ ഖുർആനിലെ മാർഗ്ഗദർശനത്തിന്റേയും അദ്ധ്യാപനങ്ങളുടേയും സന്ദേശത്തിന്റേയും സത്ത് അതിലടങ്ങിയിരിക്കുന്നു. അവസാനകാലത്തെ മുസ്‌ലിംകളെ അഭിമുഖീകരിക്കുന്ന നിർണ്ണായകമായ പ്രശ്നം തുടക്കത്തിൽത്തന്നെ കൈകാര്യം ചെയ്യുന്നുവെന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ഇതിലുപരി ഒരു പ്രാർത്ഥനയായതിനാൽ പതിവായി ഒരു മുസ്‌ലിം നിസ്കാരത്തിൽ ദിനേന മുപ്പതുപ്രാവശ്യം ഫാത്തിഹ ഓതുന്നു. ഇപ്പോൾ മുസ്‌ലിംകൾ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം തങ്ങൾക്കറിവില്ല എന്നു പറയാൻ പറ്റാത്തവിധം ഫാത്തിഹ സൂറയിൽ അവർക്ക് പരിഹാരം അടങ്ങിയിരിക്കുന്നു. 'ഞങ്ങളെ നേർമാർഗ്ഗത്തിലാക്കേണമേ' എന്ന് ഫാത്തിഹയിലുള്ള 7-ാം സൂക്തത്തിൽ കാണാം.

**"നേരായ പാത - നീ അനുഗ്രഹിച്ചവരുടെ പാതയിൽ."** സ്വാഭാവികമായും ചോദ്യമുയരുന്നു. അനുഗ്രഹീതമായ ഈ പാത ഏതാണ്?

ഈ ചോദ്യത്തിനുള്ള ഉത്തരവും വിശുദ്ധ ഖുർആനിൽ തന്നെയുണ്ട്. അധ്യായം 4ൽ 69, 70 സൂക്തങ്ങൾ നോക്കുക.

**"നാമവരെ നേരായ മാർഗ്ഗത്തിൽ നടത്തുകയും ചെയ്യുമായിരുന്നു. വല്ലവരും അല്ലാഹുവിനേയും ഈ ദൂതനേയും അനുസരിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്‌വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രേ അവർ."**

മറ്റുവാക്കുകളിൽ പറഞ്ഞാൽ ദൈവികാനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ മുസ്‌ലിംകൾ പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്‌വൃത്തർ എന്നിവരുടെ ആത്മീയ പദവിയിലേക്ക് നയിക്കുന്ന ആ പാതയിൽ നടത്താൻ പ്രാർത്ഥിക്കണം. ഇവിടെ പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളത് പ്രവാചകത്വം ലഭിക്കാനുള്ള സ്വാർത്ഥപരമായ ആഗ്രഹമല്ല, (പ്രവാചകനിയോഗം എന്നത് അല്ലാഹുവിന്റെ പരിധിയിൽപ്പെട്ട കാര്യമാണ്) അത് മഹത്തായ പാതയിലേക്ക് നയിക്കപ്പെടാനുള്ള ആഗ്രഹമാണ് (എന്തെന്നാൽ "ഞങ്ങളെ നയിക്കേണമേ" എന്നാണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്). സമുദായം അത്തരത്തിലുള്ള പരിശുദ്ധിയിൽ എത്തണം. മേൽപറഞ്ഞ ഗുണങ്ങൾ പ്രതിഫലിപ്പിക്കുന്നവരാണ് അതിലുള്ളവർ. ഇതിൽ പ്രവാചകത്വവും പെടുന്നു.

ഹദ്റത്ത് അലി(റ)ക്ക് ശേഷം ഉണ്ടായ സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്‌വൃത്തർ എന്നിവ ഉദാഹരണമായി കൊടുക്കാവുന്നതാണ്. എന്നാൽ പ്രവാചകന്മാരുടെ കാര്യത്തിൽ എന്തുപറ്റി? ഈ പ്രാർത്ഥന പഠിപ്പിക്കപ്പെട്ടവരിൽ ഒരാൾ പോലും ഇല്ലേ? നബിതിരുമേനി(സ.അ)ക്ക് സൂറത്തുൽ കൗസറിലെ 4-ാം വചനത്തിൽ അല്ലാഹു വാഗ്ദാനം ചെയ്ത ആത്മീയസന്താനങ്ങളാണ് സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്‌വൃത്ത

ന്മാർ പ്രവാചകന്മാർ എന്നിവർ.

**'തീർച്ചയായും നിന്റെ ശത്രുവാണ് സന്താനരഹിതൻ'**

നബി(സ)ക്ക് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു, എതിരാളികളേക്കാളും ഉന്നതരും എതിരാളികളെ ഭയപ്പെടുത്തുകയും ചെയ്യുന്നവിധത്തിലുമായിരിക്കും അനുഗൃഹീതരായ ആത്മീയ സന്തതികൾ എന്ന്.

വേറൊരു പ്രാർത്ഥന 'ദുറൂദി'ൽ നബി(സ)യുടെ പേരിൽ അനുഗ്രഹങ്ങൾ തേടൽ, (ഇത് നിസ്കാരത്തിന്റെ ഒരു ഭാഗമാണ്) ഉണ്ട്.

*"അല്ലാഹുവേ, ഇബ്രാഹിം നബിയേയും അദ്ദേഹത്തിന്റെ ജനതയേയും നീ അനുഗ്രഹിച്ചപോലെ മുഹമ്മദ് (സ) നബിയേയും അദ്ദേഹത്തിന്റെ ജനതയേയും നീ അനുഗ്രഹിക്കേണമേ. നിശ്ചയമായും നീ സ്തുത്യർഹനും ഉന്നതനുമാണ്.'*

ഇബ്രാഹിം നബി(അ)ക്കും (അദ്ദേഹത്തിന്റെ ജനതക്കും) മുഹമ്മദ് നബി(സ.അ)ക്കും (അദ്ദേഹത്തിന്റെ ജനതക്കും) ഇടയിൽ ഒരു സമാന്തര രേഖ വരച്ചിരിക്കുന്നു. ഇബ്രാഹിം നബി(അ)യുടെ സന്തതികൾ അനുഗൃഹീതരാണെന്ന് ഈ പ്രാർത്ഥന അംഗീകരിക്കുന്നു. അതാവട്ടെ വെറും ഒന്നല്ല, നിരവധി പ്രവാചകന്മാരും ഖലീഫമാരും ഉൾപ്പെട്ടവരാണ് മൂസവീ ശരീഅത്ത്.

അതേപോലെ മൂസാനബി(അ)യുടെ ശരീഅത്തിന്റെ പുരോഗതിക്കും സംരക്ഷണത്തിനും പ്രവാചകന്മാരും ഖലീഫമാരും അത്യാവശ്യമാണന്ന് ദൈവം പഠിപ്പിച്ചിരിക്കേ, മുഹമ്മദ് നബി(സ.അ.)യുടെ ശരീഅത്തിന് എന്തുകൊണ്ടാണ് പ്രവാചകന്മാരും ഖലീഫമാരും ആവശ്യമില്ലാത്തത്? എല്ലാ കാലത്തേക്കും 'റാശിദൂൻ' മാത്രം മതിയോ? തീർച്ചയായും പോരാ. അതുകൊണ്ടാണ് സൂറ: അന്നൂറിലെ ഖിലാഫത്തിനെ സംബന്ധിച്ച ദൈവിക വാഗ്ദാനം ഏതെങ്കിലും ഒരു കാലത്തേക്ക് മാത്രമായി പരിമിതപ്പെടുത്താത്തത്.

നിരവധി പണ്ഡിതന്മാർ ഈ വീക്ഷണത്തിന് അനുകൂലമാണ്. അതിലൊരാൾ ഹദ്റത്ത് മുഹ്‌യുദ്ദീൻ ഇബ്നു അറബിയായിരുന്നു അദ്ദേഹം പറയുന്നു:

***"ദുറൂദിനെ സംബന്ധിച്ച് പഠിക്കുകയും ചിന്തിക്കുകയും ചെയ്തപ്പോൾ സുനിശ്ചിതമായ ഒരു നിഗമനത്തിൽ എത്തി. അതായത്, മുസ്‌ലിംകൾക്കിടയിൽ തീർച്ചയായും പ്രവാചകത്വത്തിന്റെ കാര്യത്തിൽ അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ പ്രവാചകന്മാരുടെ പദവിയോളം ഉയർന്ന നിലയിൽ എത്തിയവർ ഉണ്ടാവും. പക്ഷേ, അവർക്ക് ശരീഅത്ത് ഗ്രന്ഥം നൽകപ്പെടുന്നതല്ല."*** മുഹമ്മദീ ശരീഅത്തിൽ സമാനമായ അനുഗ്രഹങ്ങൾ തേടുമ്പോൾ പ്രവാചകന്റെ നിലയിലുള്ള അനുഗ്രഹങ്ങളും പെടുന്നു. അത്തരം അനുഗ്രഹങ്ങൾ മുഹമ്മദ് നബി(സ.അ.)യുടെ പദവിയും ഉയർത്തും. മൂസവീ ശരീഅത്തിന്റെ വ്യാപ്തി ഇസ്രായില്യരിൽ മാത്രം പരിമിതമാണെങ്കിലും ഇസ് ലാമിന്റെ വിസ്തൃതി സാർവ്വലൗകികവും സർവ്വകാലീനവുമാണ്. അതിനാൽ ഈ യത്നം കൂടുതൽ മഹത്തരമാക്കുന്നു.

മുസ്‌ലിംകളെ ഈ ദുആകൾ പഠിപ്പിച്ചശേഷം 'ഇനി വരാതിരിക്കുന്നതിലും ദൃഢവിശ്വാസമുണ്ടായിരിക്കുവാൻ ഉപദേശിക്കുന്നു. (വി.ഖു. 2:5) മുസ്‌ലിംകളെയും അവരുടെ മതത്തേയും കൂടുതൽ പുനരുജ്ജീവിപ്പിച്ച് കൊണ്ട് അവസാനകാലത്ത് തന്റെ സന്ദേശത്തെ അല്ലാഹു വ്യാപിപ്പിക്കും.

ഒരിക്കൽ പ്രവാചകത്വമെന്ന കണ്ണി വീണ്ടെടുത്താൽ ഖിലാഫത്ത് തുടർന്നുകൊണ്ടിരിക്കുമെന്നു അല്ലാഹുവിന്റെ വചനങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ സമുദായം സാത്വികത നിലനിർത്തണമെന്നത് ഒരുപാധിയാണ്.

അതിനാൽ, ഇതെല്ലാം മനസ്സിൽവെച്ചുകൊണ്ട് ഖിലാഫത്തെ റാശിദക്ക് ശേഷം മുസ്‌ലിംകളുടെ പതനവും ഇന്നത്തെ മുസ്‌ലിംകളുടെ അവസ്ഥയും കണക്കിലെടുക്കുമ്പോൾ പ്രവാചകന്റെ (സ)യും എണ്ണമറ്റ മുസ്‌ലിംകളുടേയും പ്രാർത്ഥനകൾക്ക് ഉത്തരം കിട്ടിയില്ലെന്ന നിഗമനത്തിലെത്താൻ പറ്റുമോ?

അതിനുള്ള ഉത്തരം തീർച്ചയായും ഇല്ല എന്നാണ് ഇതിനു രണ്ടു കാരണങ്ങൾ ഉണ്ട്. ഒന്നാമതായി വി. ഖുർആൻ അല്ലാഹുവിന്റെ വാഗ്ദാനത്തെക്കുറിച്ച് പറയുന്നു. അല്ലാഹു തന്റെ വാഗ്ദാനം ലംഘിക്കുന്നവനല്ല. രണ്ടാമതായി ഖിലാഫത്തെ റാശിദയെയും അതിനുശേഷമുള്ള നേതൃത്വത്തിന്റെ പര്യവസാനത്തെയും കുറിച്ച് ഹദീസ് തന്നെ അവസാനകാലത്തേക്കുള്ള വാഗ്ദാനത്തെപ്പറ്റി പറയുന്നു.

നമ്മെ സ്വയം ഓർമ്മപ്പെടുത്താൻ മുസ്നദ് അഹ്മദിന്റെ ആദ്യഭാഗത്ത് പ്രസ്താവിക്കുന്നു:

*"നബി തിരുമേനി (സ) പറഞ്ഞു: 'അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം പ്രവാചകത്വം നിലനിൽക്കുന്നു. പിന്നെ അവൻ അതിനെ അവസാനിപ്പിക്കുന്നു. അതിനെത്തുടർന്ന് പ്രവാചകത്വമാതൃകയിലുള്ള ഖിലാഫത്ത് ഉണ്ടാവുന്നു. അവനിച്ഛിക്കുന്നേടത്തോളം കാലം. പിന്നെ അതിന് അന്ത്യം വരുത്തുന്നു. പിന്നെ അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം രാജഭരണം ഉണ്ടാവുന്നു. പിന്നെ അതിനും അന്ത്യം വന്നെത്തുന്നു. അതിനു*

*ശേഷം ദൈവമിച്ഛിക്കുന്നിടത്തോളംകാലം ഉഗ്രശാസക ന്മാരുടെ ഭരണം ഉണ്ടാവുന്നു. പിന്നെ ദൈവം തന്റെ ആജ്ഞയനുസരിച്ച് അതിനും അന്ത്യം വരുത്തുന്നു.....*

പിന്നെ ഈ ഹദീസ് അവസാനിക്കുന്നത് ദൈവിക സഹായത്തെക്കുറിച്ചുള്ള ഒരു വാഗ്ദാനത്തോടെയാണ്. 'പിന്നെ പ്രവാചകത്വമാതൃകയിലുള്ള ഖിലാഫത്ത് ഉണ്ടാകും.' പിന്നെ തിരുമേനി (സ) ഒന്നും പറഞ്ഞില്ല.

പ്രവാചകത്വവുമായുള്ള ബന്ധം ഇത് വ്യക്തമായ നിലയിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. യഥാർത്ഥ ഖിലാഫത്ത് മുസ്ലിംകൾക്ക് വിധിച്ചിരുന്നു. പക്ഷേ, അവരുടെ പതനവും അനന്തരം അവരുടെ അവസ്ഥയും ഖിലാഫത്ത് സ്ഥാപിക്കുവാൻ പറ്റിയ വിധത്തിലായില്ല. അല്ലാഹു തആല മുസവീ ശരീഅത്തിന് നല്കിയ വിധം മുഹമ്മദീ ശരീഅത്ത് മുഖേന മനുഷ്യകുലത്തിന് വീണ്ടും ആശ നല്കി. യഥാർത്ഥ ഇസ്ലാമിനെ പുനരുദ്ധരിക്കാൻ പ്രത്യക്ഷപ്പെടുന്ന പ്രവാചകത്വമാകുന്ന പ്രിസത്തിൽകൂടി മാത്രമേ അവസാനകാലത്ത് ഉണ്ടാവുന്ന ഖിലാഫത്താകുന്ന അനുഗൃഹീത പ്രകാശം സാക്ഷാൽക്കരിക്കപ്പെടുകയുള്ളൂ. അങ്ങനെയുള്ള പ്രവാചകത്വത്തിന്റെ സാക്ഷ്യമുദ്ര അങ്ങനെയുള്ള ആൾ ഒരു മുസ്ലിം ആയിരിക്കണമെന്നും നബി(സ.അ) തിരുമേനിക്ക് പാദസേവ ചെയ്യുന്ന ആളും ആയിരിക്കണം എന്നതാണ്. അദ്ദേഹം മുഖേന അനുഗൃഹീതമായ ഖിലാഫത്തിന്റെ കാലഘട്ടം വരും.

അതുകൊണ്ട് മുസ്ലിംകളുടെ പ്രവൃത്തി അങ്ങനെയുള്ള ഒരു വ്യക്തിയെ അന്വേഷിക്കുകയെന്നതാണ്. അദ്ദേഹത്തിന്റെ ദൈവവിശ്വാസവും ഇസ്ലാം മതസേവനവും ഉന്നതമായതും പരിശുദ്ധവുമാവണം. മുഹമ്മദ് നബി(സ)യുടെ അവകാശിയും നമ്മുടെ മാർഗ്ഗദർശനത്തിനുവേണ്ടിയുള്ള പ്രാർത്ഥനകൾക്കുള്ള ഉത്തരവും ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കാൻ യോഗ്യനുമായിരിക്കണം. അതുകൂടാതെ, 1400 വർഷങ്ങളായി മുസ്ലിംകൾക്ക് നഷ്ടപ്പെട്ട ഖിലാഫത്താകുന്ന അനുഗ്രഹം അർഹിക്കുന്ന വിധത്തിൽ സാത്വികതക്കും സമാധാനത്തിനും വേണ്ടി പ്രവർത്തിക്കുന്ന അനുയായികൾ അദ്ദേഹത്തിനുണ്ടാവുമെന്നാണ് വിശുദ്ധ ഖുർആനും ഹദീസും വ്യക്തമാക്കുന്നത്.

ഈ പ്രവചനങ്ങളുടെ പൂർത്തീകരണമെന്ന നിലയിൽ താൻ പ്രവാചകനാണെന്നും ദൈവത്തിന്റെ മാർഗ്ഗദർശനത്തിലാണെന്നും അവകാശപ്പെട്ട ഇസ്ലാം മതസേവകനായ ആരെങ്കിലും ഇത്തരത്തിൽ ഉണ്ടോ എന്നതാണ് അവശേഷിക്കുന്ന പ്രശ്നം. യേശുവിനോടും ശിഷ്യന്മാരോടും ജൂതന്മാർ പ്രതികരിച്ചവിധം മേൽപറഞ്ഞ പ്രകാരം മുസ്ലിം സമുദായം പ്രതികരിക്കുകയുണ്ടായോ?

നബി തിരുമേനി(സ.അ.)യുടെ യശസ്സും ഇസ്ലാമിന്റെ ലക്ഷ്യവും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നതിന്ന് സ്ഥാപിക്കപ്പെടുന്ന ഒരു അനുഗൃഹീത ഖിലാഫത്ത് വ്യവസ്ഥ സ്ഥാപിക്കുന്നതിന്ന് ദൈവസാമീപ്യം ലഭിച്ച ഒരു മഹൽവ്യക്തി തിരഞ്ഞെടുക്കപ്പെട്ടു എന്നതാണ് തുല്യ പ്രാധാന്യമുള്ള കാര്യം.

അത്ഭുതമെന്നു പറയട്ടെ, ഹദ്റത്ത് അലി(റ) മുതൽ ഇന്നോളമുള്ള മുസ്ലിം സമുദായത്തിൽ ഒരാൾ മാത്രമാണ് അങ്ങനെ അവകാശപ്പെട്ടത്. അദ്ദേഹവും അദ്ദേഹത്തിന്റെ ഖലീഫമാരും അനുയായികളും ദൈവികസംരക്ഷണത്താൽ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തിട്ടുണ്ട്. ഖിലാഫത്തെ റാശിദക്ക് ശേഷം അങ്ങനെയുള്ള വേറൊരു സമുദായം ഉണ്ടായിട്ടില്ല. പ്രവാചക (സ) നോടും ഖിലാഫത്തെ റാശിദയോടും കിടപിടിക്കുന്ന സമുദായത്തേയും ദൗത്യത്തേയും അദ്ദേഹത്തിന്റെ അവകാശവാദങ്ങളേയും പറ്റി മനസ്സിലാക്കൽ നിർബന്ധമാണ്. (തുടരും)

*Review of Religions. Oct. 2007.*

വിവ: **കെ.വി. ഹസ്സൻകോയ,** കോഴിക്കോട്

# ഖുർആൻ പഠനത്തിന്റെ മാഹാത്മ്യം

അബൂഹുറൈറയിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ ദൂതൻ പറഞ്ഞിട്ടുണ്ട് ആരെങ്കിലും ഖുർആൻ വായിക്കുകയും പഠിക്കുകയും അതനുസരിച്ച് പ്രവർ ത്തിക്കുകയുമാണെങ്കിൽ ഉയിർത്തെഴുന്നേൽപ്പുനാളിൽ അയാളെ ഒരു പ്രകാശ കിരീടമണിയിക്കും. അതിന്റെ പ്രകാശം സൂര്യവെളിച്ചം പോലെയായിരിക്കും അവന്റെ മാതാപിതാക്കളേയും അത് വസ്ത്രങ്ങൾ അണിയിക്കും. ഈ ലോകമൊട്ടാകെ അതിനോട് കിടപിടിക്കാനുണ്ടാവില്ല. അപ്പോൾ മാതാപിതാക്കൾ ചോദിക്കും.ഏത് കാരണത്താലാണ് ഞങ്ങളിത് അണിയിക്കപ്പെട്ടിരിക്കുന്നത് അന്നേരം മറുപടിയുണ്ടാകും. 'നിങ്ങളുടെ മകൻ ഖുർആൻ ഓതിയതുകൊണ്ട്' (ഹാകിം)

ലേഖനം

ഫാഇസുർറസൂൽ

ഞാനെന്തുകൊണ്ട് അഹ്മദിയായി - 3

# മൂന്ന് പണ്ഡിതന്മാരും അവരുടെ കൃതികളും

**അഹ്മദിയ്യത്തിനെ പറ്റി കൂടുതലറിയാനായി ലേഖകൻ മൗലാനാ അബുൽ ഹസൻ അലി നദ്‌വി, അബുൽ അഅ്‌ലാ മൗദൂദി, ഫിനിക്സ് എന്നിവർ അഹ്മദിയ്യത്തിനെതിരെ എഴുതിയ പുസ്തകങ്ങൾ വായിക്കാൻ ആരംഭിച്ചു.**

ഞാൻ അഹ്മദി മുസ്‌ലിമായി ഏതാനും മാസം കഴിഞ്ഞപ്പോൾ ചില അഹ്മദി സുഹൃത്തുക്കൾ ഞാൻ എന്തുകൊണ്ട് അഹ്മദിയായി എന്ന കാര്യം എഴുതണമെന്ന് ആവശ്യപ്പെട്ടു. എന്നിലുള്ള പഴയ ഷാവിയൻ സോഷ്യലിസ്റ്റ് എന്നോടു തന്നെ പറഞ്ഞു: 'താൻ ആദ്യം അഹ്മദിയ്യത്തിന്റെ അഥവാ ഖാദിയാനിസത്തിന്റെ എതിരാളികളായ യാഥാസ്ഥിതിക മുസ്‌ലിംകളുടെ വിമർശനങ്ങൾ പഠിക്കുക' എന്ന്. അങ്ങനെ ഞാൻ ലീ സെസ്റ്ററിലെ ഇസ്‌ലാമിക് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിലെ ഡോ. എം. അഹ്സനോടു മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)യെ വിമർശിക്കുന്ന ഏറ്റവും നല്ല ഗ്രന്ഥങ്ങൾ എനിക്ക് അയച്ചുതരാൻ എഴുതി. അല്ലെങ്കിൽ അത് എവിടെ കിട്ടുമെന്നെങ്കിലും എന്നെ അറിയിക്കുക എന്നും സൂചിപ്പിച്ചു. അദ്ദേഹം എനിക്ക് മൂന്ന് പുസ്തകങ്ങളുടെ യും അവയുടെ ഗ്രന്ഥകാരന്മാരുടെ പേരും അയച്ചുതന്നു. ഈ വിഷയത്തെ പറ്റി ഞാൻ പഠിക്കുകയാണെന്നറിഞ്ഞപ്പോൾ അദ്ദേഹം തന്റെ സന്തോഷവും എന്നെ അറിയിക്കുകയുണ്ടായി. ബ്രിമിംങ്ഹാമിലുള്ള 'പൈഗാമെ ഇസ്‌ലാം' എന്ന ഒരു മുസ്‌ലിം ബുക്സ്റ്റാളിൽ വെച്ച് അദ്ദേഹം പറഞ്ഞ പുസ്തകങ്ങൾ എനിക്ക് ലഭിക്കുകയും ചെയ്തു. അവ അബുൽ ഹസൻ അലി നദ്‌വിയുടെ 'Qadianism' ഫിനിക്സിന്റെ 'His Holiness', അബുൽ അഅ്‌ലാ മൗദൂദിയുടെ 'The Qadiani Problem' എന്നീ പുസ്തകങ്ങളായിരുന്നു. മൗദൂദിയുടെ പുസ്തകത്തിൽ സർ മുഹമ്മദ് ഇഖ്ബാലിന്റെ രണ്ട് ലേഖനങ്ങളുമുണ്ടായിരുന്നു. ഈ പറഞ്ഞ ഗ്രന്ഥകർത്താക്കൾ ഇന്ത്യയിലെ സുന്നികൾക്കിടയിലെ ശക്തരായ അഹ്മദിയ്യാ വിരുദ്ധ പണ്ഡിതന്മാരായിരുന്നു. ഈ പുസ്തകങ്ങൾ അഹ്മദികളെപോലെതന്നെ വിശ്വസ്തതയോടെ സമുന്നതരായ മുസ്‌ലിം പണ്ഡിതന്മാർ രചിച്ചവ തന്നെയാവാം. അതേപോലെ ദോഷങ്ങളും അസത്യങ്ങളും അതിലുണ്ടാവാം. അഹ്മദികളും അനഹ്മദികളുമായ ഈ ഇരുകക്ഷികളും അവരിരുവരും വിശ്വസിക്കുന്നത് ആത്മാർത്ഥമായിട്ടാവാം. ഇരുകക്ഷികളും അപരകക്ഷിയാണ് തെറ്റിലെന്നും കരുതുന്നുണ്ടാവാം. (ആത്മാർത്ഥത സ്വയം ശരിയാവണമെന്നില്ല. ഹിറ്റ്ലർ ആത്മാർത്ഥതയുള്ളയാളായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ നിലപാട് ശരിയും സന്മാർഗവുമായിരുന്നില്ല) അഹ്മദി അനഹ്മദി വിവാദങ്ങൾക്കിടയിലെ രണ്ട് മുഖ്യകാര്യങ്ങളിൽ ഒന്നാമത്തേത് പ്രവാചകന്മാരുടെ മുദ്ര (ഖുർആൻ 33:41) എന്നതിന്റെ അർത്ഥമെന്താണ് എന്ന പ്രശ്നമാണ്. രണ്ടാമത്തേത് വാഗ്ദത്ത മസീഹും മഹ്ദിയുമായി ഒരാൾ ആകാശത്ത് നിന്നും വരുമോ? അല്ലെങ്കിൽ മറ്റാരെയെങ്കിലും യേശുവിനെപോലെ ശക്തിയിലും ചൈതന്യത്തിലും സമാനനായി കൊണ്ട് അയക്കുമോ? ഞാനൊരു ഇസ്‌ലാമിക പണ്ഡിതനല്ല. എനിക്ക് അറബി ഭാഷയുടെ ഒരു തുണ്ടുപോലും അറിയില്ല. ഈ വിവാദരംഗത്ത് പണ്ഡിതോചിതമായി പ്രവേശിക്കാനുള്ള കഴിവൊന്നും എനിക്കില്ല. പക്ഷേ ഞാൻ അഹ്മദി മുസ്‌ലിം ആയിരിക്കുന്നത് കൊണ്ട് എന്റെ സാമാന്യയുക്തി കൊണ്ട് എന്റെ നിലപാടുകൾ വിശദീകരിക്കേണ്ടതുണ്ട്.

പ്രസ്തുത പുസ്തകങ്ങളിലെ യുക്തി പാശ്ചാത്യരാജ്യങ്ങളിലെ അറബി പണ്ഡിതന്മാരും ഓറിയന്റലി

സ്റ്റുകളുമായ ആളുകൾ നമ്മുടെ മുഹമ്മദ് നബി(സ)ക്കെതിരെ ഉപയോഗിച്ച അതേ യുക്തി തന്നെയായിരുന്നു. അല്ലെങ്കിൽ യഹൂദ പണ്ഡിതന്മാർ യേശുവിന്റെ കാലത്ത് അദ്ദേഹത്തിനെതിരെ ഉന്നയിച്ചതോ അദ്ദേഹത്തിന്റെ കാലത്തിനുശേഷം ഉന്നയിച്ചതോ ആയ വിമർശനങ്ങളെപോലെയുള്ളതായിരുന്നു. ഖാദിയാനിസം എന്ന പുസ്തകത്തിൽ മൗലാനാ അബുൽ ഹസൻ അലി നദ്‌വി അവകാശപ്പെടുന്നത്. അദ്ദേഹം വളരെ നിക്ഷ്പക്ഷനായ ചരിത്രകാരനാണെന്നാണ്. അപ്രകാരം നമുക്ക് മറ്റൊരു നിഷ്പക്ഷനായ ചരിത്രകാരനായ ആൾനോർഡ് ടോയൻബിയെക്കുറിച്ചറിയാം. 'Mankind and Mother Earth' എന്ന പുസ്തകത്തിൽ അദ്ദേഹം പറഞ്ഞത് മോസസും ഇസ്രായേലികളും ഒരിക്കലും ഈജിപ്തിലേക്ക് പോകുകയോ ചെങ്കടൽ മുറിച്ചുകടക്കുകയോ ചെയ്തിട്ടില്ലെന്നും അവർ മദ്ധ്യ അറേബ്യയിൽ നിന്നും വന്ന് ഫലസ്തീനിൽ പാർപ്പുറപ്പിച്ചവരാണെന്നുമാണ്. മൗലാനാ നദ്‌വി ഖുർആൻ വിരുദ്ധമായ ഈയൊരഭിപ്രായം സ്വീകരിക്കുകയില്ല. പക്ഷേ അത് അദ്ദേഹത്തെപോലെ നിഷ്പക്ഷനായ ഒരു ചരിത്രകാരൻ എന്ന് അവകാശപ്പെടുന്ന ഒരാളുടെ അഭിപ്രായമാണ്. His Holiness എന്ന പുസ്തകത്തിൽ ആധുനിക മനഃശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് മീർസാ ഗുലാം അഹ്മദ് ഖാദിയാനിയെ (അ) സൂക്ഷ്മമായി വിലയിരുത്തിയിട്ടുള്ളത് മിർസാ ഗുലാം അഹ്മദിന്റെ അബോധമനസ്സിലെ ഉദ്ദേശങ്ങളെ ക്കുറിച്ച് അദ്ദേഹത്തിന് നിഷ്കളങ്കമായ രീതിയിൽ സ്വയം ജാഗ്രതയില്ലായിരുന്നു എന്നാണ്. അത് പോലെ ആധുനിക മനഃശ്ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെട്ടിരുന്ന സ്റ്റിഗ്മണ്ട് ഫ്രോയിഡ് Moses and Monotheism എന്ന പുസ്തകത്തിൽ മോസസ് ഒരു ഈജിപ്ഷ്യൻ രാജകുമാരനായിരുന്നുവെന്നും അദ്ദേഹം പിന്നീട് ഇസ്രായേല്യരുടെ നേതാവായി തീർന്നതാണെന്നുമാണ് അഭിപ്രായപ്പെടുന്നത്. അതിനുശേഷം അദ്ദേഹം ഈജിപ്ഷ്യൻ അകനത്തോൺ (ഈജിപ്തിലെ ഒരു രാജാവ്) പ്രചരിപ്പിച്ച ഏകദൈവവാദം ഏറ്റെടുത്ത് ഇസ്രായേല്യർക്കിടയിൽ പ്രചരിപ്പിച്ചതാണ് എന്നും അഭിപ്രായപ്പെടുന്നു. നാം ഹദ്റത്ത് അഹ്മദി (അ)നെതിരെ പുസ്തകമെഴുതി. ഫിനീക്സിനെ അദ്ദേഹത്തിന്റെ അഭിപ്രായം ശരിയാണെന്ന് പറഞ്ഞ് സ്വീകരിക്കുകയും ഖുർആൻ വിരുദ്ധമായതിനാൽ ഫ്രോയിഡിന്റെ അഭിപ്രായത്തെ തള്ളുകയും ചെയ്യുന്നു. അപ്രകാരമാണ് നിഷ്പക്ഷമായ ചരിത്രവും ആധുനിക മനഃശാസ്ത്രത്തിന്റേയും സ്ഥിതി. സർ മുഹമ്മദ് ഇഖ്ബാലിന്റേയും, അബുൽ അഅ്ലാ മൗദൂദിയുടേയും ഉത്കണ്ഠ മിർസാ സാഹിബിന്റെ പ്രവാചകത്വം മുസ്ലിം ഐക്യത്തെ തകർക്കുമെന്നായിരുന്നു. പ്രത്യേകിച്ച് ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മുസ്ലിം സമുദായത്തെ. അതായിരുന്നു യാഥാസ്ഥിതിക മുസ്ലിംകളുടെ ശക്തമായ എതിർപ്പിന് കാരണം. ഇത് തന്നെയായിരുന്നു ബഹുദൈവവിശ്വാസികളായ മക്കയിലെ അവിശ്വാസികളുടെ വാദവും. സർ മുഹമ്മദ് ഇഖ്ബാൽ (1938 അന്തരിച്ചു) ബ്രിട്ടീഷ് സർക്കാറിനോട് അഹ്മദിയ്യാ പ്രസ്ഥാനത്തെ നിരോധിക്കണമെന്ന് പോലും ആവശ്യപ്പെടുകയുണ്ടായി. എന്നാൽ അഹ്മദികളുടെ വാദം മറിച്ചാണ്. മുസ്ലിം ലോകത്ത് യഥാർത്ഥത്തിലുള്ള ഐക്യമില്ല എന്നാണ് അവർ പറയുന്നത്. ഈ അനൈക്യം മൂലം ഇസ്ലാം ഛിന്നഭിന്നമായി നിൽക്കുന്നു. മോസസിന് പതിനാല് നൂറ്റാണ്ടുകൾക്ക് ശേഷം മസീഹ് ഈസാ ഇറങ്ങിയ അവസരത്തിൽ യഹൂദികളിലുണ്ടായിരുന്നത് പോലെയുള്ള വക്രതയും ഭിന്നതയും മുസ്ലിംകളേയും ഗ്രസിച്ചിരിക്കുന്നു. അതിനാൽ മുസ്ലിംകളിലും വാഗ്ദത്ത മസീഹിന്റെ ആഗമനം ആവശ്യമായി വന്നിരിക്കയാണ്. ദൈവത്തിന്റെ ആജ്ഞകൾ പാലിക്കുകയാണെങ്കിൽ ലോകത്ത് ഉന്നതപദവികൾ ലഭിക്കുമെന്നായിരുന്നു യഹൂദികൾക്ക് നൽകപ്പെട്ട വാഗ്ദാനം. പക്ഷേ അവർ അതിൽ പരാജിതരായി. അവർക്ക് എന്താണ് സംഭവിച്ചതെന്ന് നമുക്കറിയാം. അപ്പോഴാണ് അവർക്ക് മസീഹിനെ അല്ലാഹു അയച്ചത്. ഇസ്ലാം മതവും വേണ്ടത് പോലെ പാലിച്ചാൽ ലോകത്ത് ഉന്നതപദവികൾ ലഭ്യമാകുമെന്നു മുസ്ലിംകൾക്ക് നൽകപ്പെട്ട വാഗ്ദാനമാണ്. പക്ഷേ ലോകത്ത് മുസ്ലിംകൾ ഉന്നതരല്ലെന്ന് മാത്രമല്ല. അങ്ങേയറ്റം താഴ്ന്ന അവസ്ഥയിലാണ്. ഇസ്ലാം പാലിക്കുന്നതിൽ അവർ പരാജയപ്പെട്ടിരിക്കുന്നു. മുസ്ലിംകളുടെ സ്ഥിതി യഹൂദരുടെ സ്ഥിതിപോലെ തന്നെയാകാതിരിക്കാൻ നിവർത്തിയില്ല. യേശു അവതരിക്കുന്ന കാലത്ത് യഹൂദികളിൽ അവരുടെ മതഗ്രന്ഥം അവികലമായ രീതിയിൽ ഉണ്ടായിരുന്നു. എന്നിട്ടും അവർക്ക് ഒരു മസീഹിന്റെ ആവശ്യമുണ്ടായിരുന്നു. അതുപോലെ മുസ്ലിംകളുടെ ഖുർആൻ യാതൊരു കലർപ്പും കലരാതെ അവികലമായി തുടരുന്നുണ്ടെങ്കിലും യഹൂദരെപോലെ അവരിൽ ഒരു മസീഹ് ആവശ്യമാണ്. മുസ്ലിംകൾ എങ്ങനെ അവരുടെ ഈ പരിതാപകരമായ അവസ്ഥയിലെത്തിച്ചേർന്നു. അതിനെപറ്റി വിവരിക്കാം.

മുസ്ലിംലോകം ഇപ്പോഴും പാശ്ചാത്യ സാമ്രാജ്യത്വത്തിന്റെ പിടിയിലാണ്. സർ മുഹമ്മദ് ഇക്ബാൽ അദ്ദേഹത്തിന്റെ 'Reconstruction of

Religious Thoughts in Islam' എന്ന പുസ്തകത്തിൽ മുഹമ്മദ് നബിയും അവിടുത്തെ സച്ചരിതരായ ഖലീഫ മാരും നിർമ്മിച്ചെടുത്ത ഇസ്ലാം നൂറ്റാണ്ടുകളുടെ കുത്തൊഴുക്കിൽ പെട്ട് അപനിർമ്മിതമായിരിക്കുന്നു വെന്നും അത് പുനർനിർമ്മിക്കേണ്ട തുണ്ടെന്നും പറയുന്നു. പക്ഷേ അത് ചെയ്യേണ്ടത് എങ്ങിനെ എന്നതി ലേക്ക് യാതൊരു പദ്ധതിയും അദ്ദേ ഹം സമർപ്പിക്കുന്നില്ല. ജിഹാദ് നടത്തി രാഷ്ട്രീയ സ്വാതന്ത്ര്യം നേടി ഇത് സാധ്യമാക്കാമെന്ന് സർ ഇക്ബാലും മറ്റുള്ളവരും കരുതു ന്നു. അത് ഒരിക്കലും സാധ്യമാവി ല്ല എന്ന് നമുക്കിപ്പോഴറിയാം. സാ മ്രാജ്യത്വത്തിൽ നിന്നും സ്വതന്ത്ര രായ മുസ്ലിം രാജ്യങ്ങൾ ഒന്നിച്ചി ല്ല. ഒന്നിച്ചില്ലെന്ന് മാത്രമല്ല മുസ്ലിം രാജ്യങ്ങൾ പരസ്പരം ജിഹാദ് ചെയ്യാൻ പാശ്ചാത്യനാടുകളിൽ നിന്നും കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ നിന്നും ആയുധങ്ങൾ വാങ്ങിക്കൂട്ടു കയാണ്. പാകിസ്താൻ ബംഗ്ലാദേശു കാരുമായും, ഈജിപ്ത് ലിബിയയു മായും ഇറാഖ് ഇറാനുമായും മറ്റുള്ള മുസ്ലിം രാജ്യങ്ങളാകട്ടെ ശത്രുത യുടെ വക്കിലുമാണ്. ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യം വാഗ്ദത്ത മസീഹിനെ അദൃശ്യമായ ദിവ്യബോധനത്തിലൂടെ അല്ലാഹു അറിയിച്ചതിന്റെ ഫലമായി ഈ മുസ്ലിം സമുദായത്തെ 'ദുഷിച്ചു പോയ പാൽ' ആണെന്ന് പറഞ്ഞി ട്ടുണ്ടെങ്കിൽ അത് സർ മുഹമ്മദ് ഇക്ബാലിനു ഇഷ്ടപ്പെട്ടിട്ടുണ്ടാവില്ല.

മുസ്ലിം സമൂദായത്തിന് പരി ഷ്കരണം ആവശ്യമാണെന്ന് വള രെ വ്യക്തമായും പ്രകടമായും നമു ക്ക് കാണാം. ഈ കാര്യം കൂടുതൽ വ്യക്തമാക്കാൻ അത്രയധികം ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്തതും പ്രചാരപ്പെട്ടി ട്ടില്ലാത്തതുമായ ഇസ്ലാമിക ചരിത്ര ത്തിന്റെ ഒരു പ്രത്യേക വശത്ത് കൂടെ നമുക്കൊന്ന് പോകാം.

റസൂൽ തിരുമേനി(സ) ദിവംഗ തനായതിനുശേഷം ഹദ്റത്ത് അബൂ ബക്കർ (റ) ആദ്യത്തെ ഖലീഫയായി അവരോധിക്കപ്പെട്ടു. പർവ്വതങ്ങളെ പോലും ചലനം കൊള്ളിക്കുന്നതാ യിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് മുഴുവൻ ലോകത്തെ വിളിക്കാൻ അദ്ദേഹം തയ്യാറായി. (മുഹമ്മദ് നബി യുടെ പ്രവർത്തനം ഏറ്റെടുക്കാൻ മുസ്ലിം ലോകത്ത് അബൂബക്ക റിന്റെ ഗുണമുള്ള ഒരു പറ്റം യുവാ ക്കൾ ഉണ്ടായിരുന്നെങ്കിൽ ഇസ്ലാം തീർച്ചയായും ജയിച്ചടക്കുമായി രുന്നു' എന്ന് അവിശ്വാസിയായ എച്ച്.ജി. വെൽസ് തന്റെ Outline of History എന്ന പുസ്തകത്തിൽ പറ യുന്നു.

ഇസ്ലാം മതത്തിന്റെ വ്യാപനം അത്ഭുതവേഗതയിൽ വിസ്മയാവഹ മായ രീതിയിൽ ഒന്നു മുതൽ മൂന്ന് നൂറ്റാണ്ടുകളിൽ സംഭവിക്കുകയു ണ്ടായി. ഇരുപത്തഞ്ച് വർഷത്തിന്നു ള്ളിൽ മദ്ധ്യപൗരസ്ത്യദേശവും അതിനപ്പുറം കിഴക്കും പടിഞ്ഞാറും ഭാഗങ്ങളും ഇസ്ലാമായി. ആദ്യ ഖലീഫ ഹദ്റത്ത് അബൂബക്കറി(റ) നെതിരെ ഗൂഢാലോചനയുണ്ടായിരു ന്നു. അത് കഴിഞ്ഞ് ഹദ്റത്ത് ഉമർ ബ്നു ഖത്താബി(റ)നെതിരെയും ഗൂഢാലോചന നടന്നു. മൂന്നാം ഖലീഫ ഹദറത്ത് ഉസ്മാനെ(റ)തിരെ മുസ്ലിംകളിൽ നിന്ന് തന്നെയുള്ള ഇസ്ലാമിന്റെ ശത്രുക്കളാണ് ഗൂഢാ ലോചന നടത്തിയത്. താറുമാറായ മുസ്ലിം സമൂഹത്തിലെ ക്രമസമ ധാനം എറ്റെടുക്കാനാണ് ഹദ്റത്ത് അലി(റ) തന്റെ ഖിലാഫത്തിലെ സമയം മുഴുവനും ചിലവഴിച്ചത്. ഡമാസ്കസിലെ ഗവർണറായിരുന്ന മുആവിയ(റ)യുമായിട്ടായിരുന്നു ഹദ്റത്ത് അലി(റ)യുടെ തർക്കം. അവസാനം മുആവിയ ഹദ്റത്ത് അലിയിൽ നിന്നും ഖിലാഫത്ത് കൈക്കലാക്കി പാരമ്പര്യരാജവാ ഴ്ചക്ക് തുടക്കമിട്ടു. അദ്ദേഹത്തെ അനുകൂലിക്കാൻ ഒരു പുരോഹിത വൃന്ദത്തെ സൃഷ്ടിക്കുകയും ചെ യ്തു. ഈ സമ്മേളനങ്ങളിൽ നിന്നെല്ലാം മദീനയിലെ റസൂൽ തിരു മേനി(സ)യുടെ 'സച്ചരിതരായ സഹാബാക്കൾ വിട്ടുനിന്നു. ഖലീഫ ഹദ്റത്ത് അലി തന്റെ അനുയായി കളുടെ ഖഡ്ഗത്താൽ വധിക്കപ്പെ ട്ടു. റസൂൽ തിരുമേനി(സ) പ്രവചി ച്ച തുപോലെ സച്ചരിതരായ ഖലീഫ മാരുടെ കാലഘട്ടം 30 വർഷം മാ ത്രമേ നീണ്ടുനിന്നുള്ളൂ. *'നിങ്ങൾ ഇന്ന് എന്നെ വധിക്കുകയാണെങ്കിൽ അവസാനകാലം വരെ പ്രാർത്ഥന യിലോ യുദ്ധരംഗത്തോ നിങ്ങൾക്ക് ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരെ ഐക്യത്തോടെ നിൽക്കാൻ സാധ്യ മല്ല'* ഈയൊരു ശാപം ഇപ്പോഴും നമ്മുടെ കൂടെയുണ്ട്. ഇസ്ലാമിൽ വിവിധ കക്ഷികളും കക്ഷിപോരും അധികമായി. ഓരോ വിഭാഗവും അപരവിഭാഗത്തെ ബഹിഷ്ക്കരിച്ചു. നൂറ്റാണ്ടുകൾ കഴിയുന്തോറും സംഗതി കൂടുതൽ കൂടുതൽ വഷ ളായി. മുജാഹിദുമാരുടേയോ പരി ഷ്ക്കർത്താക്കളുടേയോ അവസ്ഥ യിൽ വാഗ്ദത്ത മഹ്ദീ മസീഹി ന്റേയോ അവതരണം ആവശ്യമാകു മാറ് അത് വളർന്നുവന്നു. (തുടരും)

## തറാവീഹ് നമസ്കാരം

റമദാനിലെ രാത്രിയിൽ വിശ്വാസത്തോടെയും പ്രതി ഫലം കാംക്ഷിച്ചുകൊണ്ടും ഒരാൾ നമസ്കരിക്കുന്ന പക്ഷം അവനിൽ വന്നു പോയ പാപങ്ങൾ പൊറുക്ക പ്പെടും (ബുഖാരി, മുസ്ലിം)

ലേഖനം

നസീർ അഹ്മദ് ഖമർ - ലണ്ടൻ

# കുടിയേറ്റവും സാമൂഹിക ഉദ്ഗ്രഥനവും

**പരസ്പരം വിവേചനബോധത്തോടെ നന്മകൾ സ്വാംശീകരിച്ചുകൊണ്ട് കുടിയേറ്റക്കാരും തദ്ദേശീയരായ ജനതയും സഹവർത്തിച്ചു ജീവിക്കണം.**

അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് തുടരുന്നു. *തീർച്ചയായും ഇത് പാശ്ചാത്യസമൂഹത്തെ സംബന്ധിച്ചേടത്തോളം അങ്ങേയറ്റം അപകടകരമാണ്. സ്വാതന്ത്ര്യത്തിന്റേയും വ്യക്തികളുടെ അവകാശത്തിന്റേയും പേരിൽ കുറ്റകൃത്യങ്ങളെ അനുകൂലിക്കുകയാണ് ചെയ്യുന്നത്. സ്വാതന്ത്ര്യത്തിന്റെ പേരിൽ കുറ്റവാളികൾ വിലസുകയും നിരപരാധികളായ പൗരന്മാർ പീഢനം അനുഭവിക്കുകയും ചെയ്യുന്നു. ആധുനിക പാശ്ചാത്യമൂല്യങ്ങൾ ധാർമ്മികശൂന്യമാണ്. അത് ഭൗതികനേട്ടത്തേയും സ്വാർത്ഥതാല്പര്യത്തേയും മാത്രം ആശ്രയിച്ചു നിൽക്കുന്നതാണ്. അത് അവർക്ക് ഹാനികരം എന്നു മാത്രമല്ല നിശ്ശേഷ നാശം വരുത്തുന്നതുമായിരിക്കും. ആധുനികരായ മിക്ക ചിന്തകന്മാരും ബുദ്ധിജീവികളും വിചാരിക്കുന്നത് ആധുനിക പ്രവണതകൾ നിലനിർത്തിക്കൊണ്ടിരുന്നാൽ ആധുനിക സംസ്കാരത്തിന്റെ ഈ സൗധം എല്ലാവർക്കും ആകർഷണീയമായി തീരുമെന്നാണ്. തീർച്ചയായും ആധുനിക സംസ്കാരത്തിന്റെ നാശം ആ സൗധത്തിന്നകത്ത് നിന്ന് തന്നെയാണെന്നാണ് അവർ തിരിച്ചറിയേണ്ടത്.*

*മുസ്ലിംകളും അമുസ്ലിംകളുമായ മിക്ക ആഫ്രോ ഏഷ്യൻ കുടിയേറ്റക്കാരുടെയും മതസംസ്കാരം പൂർണ്ണമായും പാശ്ചാത്യരിൽ നിന്നും വ്യത്യസ്തമാണ്. ചില സന്ദർഭങ്ങളിൽ ഈ തലതിരിഞ്ഞ ആധുനിക പാശ്ചാത്യസംസ്കാരവുമായി അവ ഏറ്റുമുട്ടുകയും ചെയ്യുന്നു.*

*അവരുടെ സാംസ്കാരികപാരമ്പര്യം കുടുംബസംവിധാനത്തിലധിഷ്ഠിതവും വളരെ ശക്തവുമാണ്. ഇതിന്റെ ഫലമായി ഗുരുനാഥന്മാരോടും മാതാപിതാക്കന്മാരോടും അവർ ബഹുമാനപുരസ്സരം പെരുമാറുന്നു. മുതിർന്നവരെ ആദരിക്കുന്നു. - മദ്യം, ലഹരിവസ്തുക്കൾ എന്നിവയിൽ നിന്നും അകന്നിരിക്കുന്നു. - അവർ സ്വയം സംതൃപ്തരാണ്. ദൈനംദിന, സാമൂഹികജീവിതത്തിൽ വളരെ ക്ഷേമാകാംക്ഷയോടെ പോസിറ്റീവായി ചിന്തിക്കുന്നവരുമാണ്.*

ഏറ്റവും പ്രാമാണികവും മുഖ്യവുമായ ചോദ്യമിതാണ്. എവിടേയാണ് സാമൂഹികോദ്ഗ്രഥനം നടപ്പാക്കേണ്ടത്? അത് എത്രത്തോളം നടപ്പാക്കണം?

സാമൂഹികോദ്ഗ്രഥനത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ സാംസ്കാരികഘടനയാകെ പരിശോധിക്കണം. അപ്പോഴാണ് എവിടെ സാമൂഹികോദ്ഗ്രഥനത്തിന്റെ തത്വങ്ങൾ നടപ്പാക്കേണ്ടതെന്നും എത്രത്തോളം അവ നടപ്പാക്കണം എന്നും നമുക്ക് കാണാൻ സാധിക്കുക.

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് നാലാമൻ വീണ്ടും പറയുന്നു:

*'എന്തായിരുന്നാലും നാം നമ്മുടെ ആതിഥേയസമൂഹത്തോട് കൂടിചേരണം. ഈ സ്വാംശീകരണം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്ന മാണ്. നാനാഭാഗത്തുനിന്നും അടിച്ചുവീശുന്ന കാറ്റ് ഒന്നായി തീരുന്നത് പോലെയാണത്. അതായത് ശീതകാറ്റ് ചുടുകാറ്റിനെ മുഴുവനും ഗ്രസിച്ചു തണുത്ത കാറ്റായി തീരണമെന്നില്ല. അതുപോലെ ചൂടുകാറ്റ് തണുത്ത കാറ്റിനെ ഇല്ലാതാക്കി ചൂട് നൽകുന്നതാക്കി തീർക്കും എന്നതുമല്ല. ഇത് പ്രകൃതിനിയമത്തിനെതിരാണ്. സ്വാംശീകരണം എന്നത് ഇരു സംസ്കാരങ്ങളുടേയും ഗുണങ്ങൾ പരസ്പരം സ്വീകരിച്ച് ഇരുവിഭാഗത്തിന്റേയും സദ്ഗുണങ്ങളായി തീരുന്ന പ്രക്രിയയാണ്. ഇപ്രകാരം സംഭവിക്കുകയാണെങ്കിൽ പൂർവ്വാധികം ശോഭനമായ ഒരു നവസമൂഹം സംജാതമാവും. ഈയൊരു ലക്ഷ്യമാണ് അഹ്മദിയ്യാ പ്രസ്ഥാനത്തിനുള്ളത്.*

*സ്വാംശീകരണം എന്നത് ഒരു സമൂഹത്തിന് നാശഹേതുവായി*

*അവർ സ്വയം വഹിക്കുന്ന മൂല്യങ്ങൾ മറ്റൊരു സമൂഹം സ്വീകരിക്കണമെന്ന് ശഠിക്കലല്ല. അവ സ്വീകരിച്ചാൽ ആ സമൂഹത്തേപോലെ സ്വീകരിച്ചവരും ആയിത്തീരും. ഒരു സമൂഹം തങ്ങളുടെ തന്നെ നിഷേധാത്മക മൂല്യങ്ങൾ മറ്റുള്ളവരെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് തെറ്റാണ്. തീർച്ചയായും പൗരസ്ത്യ ദേശത്തു നിന്നും വരുന്ന അവർക്ക് അവരുടെ സമൂഹത്തിന്റേതായ ചില ന്യൂനതകളുണ്ട്. അതുപോലെ പാശ്ചാത്യനാടുകളിൽ ജീവിക്കുന്നവർക്ക് പൗരസ്ത്യരായ നിങ്ങളിലില്ലാത്ത ഒരുപാട് ഗുണങ്ങളുമുണ്ട്. ഞാൻ സ്വംശീകരണം കൊണ്ട് ഉദ്ദേശിക്കുന്നത് മൂല്യങ്ങളുടെ സ്വാംശീകരണമാണ്. അന്ധമായി ഒരു കൂട്ടർ മറ്റൊരു കൂട്ടരെ അനുകരിക്കുന്നതിനെ പറ്റിയല്ല.*

*ഇക്കാലത്ത് ശാസ്ത്രത്തിന്റെ സുവിദമായ ഒരു തത്വമുണ്ട്. ആ തത്വപ്രകാരമാണ് ടെലിവിഷൻ റേഡിയോ മറ്റ് ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവ പ്രവർത്തിക്കുന്നത്. ഒരു പോയന്റിൽ നിന്നും മറ്റൊരു പോയന്റിലേക്കു നിശ്ചിതമായ അളവിൽ വൈദ്യുതി പ്രവഹിച്ചാൽ മാത്രമേ ഈ ഉപകരണം കുറ്റമറ്റനിലയിൽ പ്രവർത്തിക്കാൻ സാധിക്കൂ. ഈ ഉപകരണങ്ങളുടെ പ്രവർത്തനസംവിധാനങ്ങളിൽ ഒരു പോയന്റിൽ നിന്നും മറ്റൊരു പോയന്റിലേക്ക് നിശ്ചിത പവറിൽ വൈദ്യുതി പ്രവഹിക്കുന്നതിന് പല സ്ഥലങ്ങളിലും തടസ്സങ്ങളേർപ്പെടുത്തിയിട്ടുണ്ട്. ഇതാണ് 'വാൽവ്' സിസ്റ്റം' എന്നറിയപ്പെടുന്ന ഏകദിശാ പ്രതിരോധസംവിധാനം. ആവശ്യത്തിൻ കൂടുതലുള്ള വൈദ്യുതിയെ തടഞ്ഞുനിർത്തുന്ന ഈയൊരു സംവിധാനം പോലെ വളരെയേറെ സങ്കീർണ്ണതകളോടും സൂക്ഷ്മമായും മനുഷ്യ ശരീരത്തിലും പല സംവിധാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. നിങ്ങൾ അതിനെപറ്റി ചിന്തിക്കുകയാണെങ്കിൽ അത്ഭുതപ്പെട്ടുപോകും.*

*അതുകൊണ്ട് ഏതൊരു സമൂഹത്തിലും ആതിഥേയരായെത്തുന്നവർ വിവേചനബോധത്തോടെ ആവശ്യമായത് സ്വാംശീകരിക്കുകയാണ് വേണ്ടത്. അവരുടെ നന്മകളും, ധീരതയും, ഹൃദയവിശാലതയും തുറന്ന് കാട്ടപ്പെടുമ്പോൾ അവർക്ക് ഒരു അവസരം ലഭിക്കുകയാണ് ചെയ്യുന്നത്. അതായത് പാശ്ചാത്യ സമൂഹത്തിന് ആ നന്മ നിറഞ്ഞ ഗുണങ്ങൾ സ്വാംശീകരിക്കാനുള്ള അവസരം ലഭിക്കുമെന്നും നാം കരുതണം. (നോർവേ അഹ്മദിയ്യാ ദേശീയ സമ്മേളനം 12 Oct. 1996)*

ഖുർആൻ പറയുന്നു.

***"സാത്വികതയിലും നന്മയിലും നിങ്ങൾ പരസ്പരം സഹായിക്കുക പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്* (5:3)**

*നിങ്ങൾ അഹമഹമികയാ മുന്നേറുക* (2:149)

റസൂൽ തിരുമേനി പറയുകയുണ്ടായി. വിവേകവും ജ്ഞാനവും സത്യവിശ്വാസിയുടെ കളഞ്ഞുപോയ സ്വത്താണെന്ന്. അത് എവിടെ കണ്ടാലും അവരത് കൈക്കൊള്ളട്ടെ. റസൂൽ തിരുമേനി(സ)യുടെ ഈ ഉപദേശം ഏതൊരു ജനസമൂഹത്തിന്റേയും നന്മകൾ സ്വാംശീകരിക്കാൻ എക്കാലത്തേക്കുമുള്ള ആഹ്വാനമാണ്. അതുപോലെ നന്മ ചെയ്യുന്നതിൽ പരസ്പരം ആരോഗ്യകരമായ മത്സരവും വേണം. തീർച്ചയായും സാമൂഹികോദ്ഗ്രഥനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇത് മതിയാവുന്നതാണ്.

ഇക്കാലത്ത് ഇസ്ലാമിന്റെ മാതൃകാവാഹകർ അഹ് മദികളാണ്. അവരാണ് ഇസ്ലാമിന്റെ ഉന്നതമായ മൂല്യങ്ങൾ കാത്തുസംരക്ഷിക്കുന്നത്. ഈ ഉന്നതമൂല്യങ്ങൾ സാത്വികതയും സാമൂഹ്യക്ഷേമവും മനുഷ്യരോടുള്ള ആത്മാർത്ഥമായ കാരുണ്യവും പാവങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള അഭിവാഞ്ഛ, ദാരിദ്ര്യം തുടച്ചുനീക്കാനുള്ള പ്രവർത്തനം, സൗഹാർദ്ദത്തോടുള്ള അനുരക്തി, ആഗോള സമാധാനം, ഇവയൊക്കെയായി ബന്ധപ്പെട്ടതാണ്. സാത്വികതയോടുകൂടിയ പ്രേമം നമ്മുടെ അന്തരാളത്തിൽ അവിഭാജ്യമായ വികാരമായി മാറ്റിയാൽ അത് വിജയത്തിലേക്ക് നയിക്കും. ഇന്ന് സർവ്വവിധത്തിലുമുള്ള സാമൂഹികതിന്മകളിൽ നിന്നും മുക്തമായ മൂല്യങ്ങൾ യൂറോപ്പിന് മാത്രമല്ല ആവശ്യം) മുഴുലോകത്തിനും ഇത് ആവശ്യമായി വന്നിരിക്കുന്നു. ഇത്തരം മൂല്യങ്ങളിലധിഷ്ഠിതമായല്ലാതെ ഭൂമുഖത്ത് സ്വർഗ്ഗീയവും സുന്ദരവുമായ ഒരു സമൂഹത്തെ സൃഷ്ടിക്കാൻ സാധ്യമല്ല.

വിദ്വേഷകരമായ എല്ലാ മുൻവിധികളും മാറ്റിവെച്ചുകൊണ്ട് സമ്പൂർണ്ണമായ ഐക്യത്തോടെ റസൂൽതിരുമേനി(സ)യുടെ അദ്ധ്യാപനങ്ങൾക്കനുസൃതമായ ഒരു ഖിലാഫത്തിനെ പ്രതിനിധീകരിക്കുന്നത് അഹ്മദിയ്യാ മുസ്ലിം ജമാഅത്താണ്. അവർ ഇസ്ലാമിന്റെ ഉന്നതമായ മൂല്യങ്ങളെ ഉൾക്കൊള്ളുന്നു. അതുകൊണ്ട് അഹ്മദികൾ ജീവിക്കുന്ന ഓരോ രാജ്യത്തേയും സാമൂഹിക ഉദ്ഗ്രഥനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശരിയായ രീതിയിൽ പരിഹരിക്കാൻ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലെ ഓരോ അംഗവും ബാധ്യസ്ഥരാണ്. ⬣

*(Review of Religion July 2002)*

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 14**

ഏ.ക്യു മഹ്ദി

# മുസ്‌ലിം സമൂഹം: ആത്മീയ സംസ്കാരത്തിന്റെ പ്രഭവകേന്ദ്രം

## ദിവ്യബോധനങ്ങൾ കൊണ്ടനുഗ്രഹീതരായ സത്യാത്മാക്കളെ പ്രദാനം ചെയ്യാനുള്ള പ്രജനനശേഷി ഇസ്‌ലാമിനുണ്ട്. അതാണ് ഇസ്‌ലാമിന്റെ സത്യസാക്ഷ്യം.

'എന്നെ അറിയുന്നതിനും ആരാധിക്കുന്നതിനുമായിട്ടു മാത്രമാണ് ഞാൻ ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചത്' പരിശുദ്ധ ഖുർആനിലൂടെ അല്ലാഹു പറഞ്ഞതാണിത്.

പ്രകൃതിയുടെ രാജകുമാരനായ മനുഷ്യൻ അത്യുൽകൃഷ്ടമായ കഴിവുകളോടെയാണ് ജനിക്കുന്നത്. മനുഷ്യന്റെ സ്വേച്ഛയോ ആഗ്രഹമോ കൊണ്ടല്ല അവൻ ജനിക്കുന്നതും മരിക്കുന്നതും. അവന്റെ കരങ്ങൾക്കതീതവും അജ്ഞാതവുമായ ദൈവത്തിന്റെ നിയമങ്ങൾക്കു വിധേയപ്പെട്ടുകൊണ്ടാണത്. അതുകൊണ്ട് ദൈവം നിർണ്ണയിച്ച ജീവിതലക്ഷ്യം മനുഷ്യൻ അംഗീകരിക്കേണ്ടതുണ്ട്.

മനുഷ്യനും ദൈവവുമായുള്ള ആത്മീയബന്ധം ഇസ്‌ലാം മതത്തിന്റെ സത്യസാക്ഷ്യമാണെന്ന് ഖുർആൻ പ്രസ്താവിക്കുന്നു.

'സത്യദൈവത്തിൽ വിശ്വസിക്കുകയും പൂർണ്ണഭക്തിയോടും സ്ഥിരതയോടുംകൂടി വർത്തിക്കുകയും ചെയ്യുന്നവരിൽ സ്വർഗ്ഗദൂതന്മാരായ മലക്കുകൾ ഇറങ്ങി അവർക്ക് ഇപ്രകാരം സന്ദേശം നൽകുന്നു. നിങ്ങൾ ഭയപ്പെടുകയോ മനസ്താപപ്പെടുകയോ അരുത്. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗം നിങ്ങൾക്കുള്ളതിനാൽ സന്തോഷിക്കുവിൻ'

മനുഷ്യന് ദൈവവുമായുള്ള ബന്ധത്തിന് ഈ ലോകത്തെ പ്രബലമായ തെളിവ് സച്ചരിതരായ ദൈവദാസരിൽ ഇറങ്ങുന്ന ദിവ്യബോധനങ്ങളാണ്. പരിശുദ്ധ ജീവിതവും ദൈവവിശ്വാസവും മുഖേന ഇത്തരം ദിവ്യാത്മാക്കളെ പ്രദാനം ചെയ്യാനുള്ള പ്രജനനശേഷി ഇസ്‌ലാമിനുണ്ട്. ഇതാകുന്നു ഇസ്‌ലാമിന്റെ സത്യസാക്ഷ്യവും.

'മുസ്‌ലിം സമൂഹം ആത്മീയ സംസ്കാരത്തിന്റെ കേന്ദ്രമാവുന്നു' എന്ന് ഖുർആൻ വ്യക്തമാക്കിത്തരുന്നു.

'അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേൽപിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കയും അവരെ ശുദ്ധീകരിക്കു






കയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനുമുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും'

അവഗണിതരും അജ്ഞാനികളുമായി കഴിഞ്ഞിരുന്ന അറബ് സമൂഹം മുഹമ്മദ് നബി(സ)യുടെ ആത്മീയസ്പർശത്താൽ ജ്ഞാനപ്രബുദ്ധമായ പുതിയ ലോകത്തിന്റെ സ്രഷ്ടാക്കളായി തീരുകയായിരുന്നു.

ദൈവം തമ്പുരാൻ മാനവരാശിക്കൊന്നാകെ ഒരു വിജയവാഗ്ദാനം ഖുർആനിലൂടെ നൽകിയിട്ടുണ്ട്.

'ബദവികളിൽ - പിന്നോക്കക്കാരായ അറബികൾ നിന്ന് പിന്നിലാക്കപ്പെട്ടവരോടു പറയുക, 'രണശൂരരായ ഒരു ജനതയുമായി യുദ്ധം ചെയ്യാൻ അടുത്തുതന്നെ നിങ്ങൾ വിളിക്കപ്പെടും. അവർ കീഴടങ്ങുന്നതുവരെ അവരുമായി യുദ്ധം ചെയ്യണം. അങ്ങനെ നിങ്ങൾ അനുസരിക്കുന്നതായാൽ അല്ലാഹു നിങ്ങൾക്ക് ഉത്തമമായ പ്രതിഫലം നൽകും'

ഇതു സംബന്ധമായി ഒരു നബി വചനം കൂടി ഉണ്ട്. അതിതാണ്.

'കിസ്റയ്ക്ക് (പേർഷ്യൻ രാജാവ്) ശേഷം മറ്റൊരു കിസ്റയില്ല. കൈസറിനു (റോമൻ ഭരണാധികാരി) ശേഷം മറ്റൊരു കൈസറുമില്ല. അപ്പോൾ നിങ്ങൾ ഇവ രണ്ടിന്റേയും നിക്ഷേപങ്ങൾ ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുമോ?'

മദ്ധ്യപൗരസ്ത്യദേശത്തെ പുരാതന അധിനിവേശശക്തികളായ റോമിന്റെയും പേർഷ്യയുടേയും പരാജയത്തെപ്പറ്റിയുള്ള ഖുർആൻ പ്രവചനം വിസ്മയകരമായി പുലർന്നു. ഈ രണ്ട് പുരാതന സാമ്രാജ്യത്വശക്തികളും മുസ്‌ലിംകൾക്കു മുമ്പിൽ പരാജിതരായിത്തീരുകയും ചെയ്തു. ⬢

(തുടരും)

---

*(26-ൽ നിന്ന് തുടർച്ച)*

ബാക്കിയുണ്ടോ എന്ന് നോക്കൂ. അതുകൊണ്ടുവരൂ. അങ്ങനെ അൽപം കഴിച്ചു. സംഘാടകരെ സന്തോഷിപ്പിച്ചുവിടുകയും ചെയ്തു. ലേഖകൻ എഴുതുന്നു. ഹുസൂർ അന്ന് ഞങ്ങളോട് ഭക്ഷണം പാകം ചെയ്യാൻ പറഞ്ഞിരുന്നെങ്കിൽ ഞങ്ങളെ സംബന്ധിച്ച് ഇത് വലിയ ആദരവാകുമായേനേ. ഞങ്ങളും അതിൽ അഭിമാനം കൊണ്ടേനേ. എന്നാൽ ഞങ്ങളുടെ പ്രയാസങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഭക്ഷണം പാകം ചെയ്യുന്നന്നതിനെ വിലക്കുകയാണ് ചെയ്തത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ബൈഅത്തിൽ പ്രവേശിച്ചവർ പ്രകടിപ്പിക്കേണ്ട മാതൃകകളാണിവ.

ജൽസ ദിനങ്ങളിലും മറ്റു ദിവസങ്ങളിലും ചില ലങ്കർഖാനകളെ കുറിച്ച് എനിക്ക് പരാതികൾ ലഭിക്കാറുണ്ട്. എന്നാൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ ഇവർ പറയുന്ന രീതിയുള്ള അവഗണനയൊ ന്നും അതിഥിയോട് കാട്ടിയിട്ടില്ലെന്ന് മനസ്സിലാകുന്നു. അതിഥികളുടെ വികാരങ്ങളെ മാനിക്കേണ്ടത് തിക ച്ചും അനിവാര്യം തന്നെയാണ്. അതിഥികളും ഉള്ള കാര്യം ഉള്ളതുപോലെ വിവരിക്കേണ്ടതാണ്. റബ്‌വയിൽ ഇപ്പോൾ ജൽസ നടക്കുന്നില്ല. ജൽസ ഉള്ളപ്പോൾ അവിടെയും പരാതി ഉണ്ടാകാറുണ്ട്. റബ്‌വയിലുള്ള ദാറുസ്സിയാഫത്ത് (ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ലങ്കർഖാനയും ഇപ്പോഴും പ്രവർത്തനനിരതമാണ്. അവിടെയുള്ള ഉദ്യോഗസ്ഥരോട് വല്ല കുറവും വന്നാൽ തന്നെ അഹ്മദീ അതിഥികൾ വളരെയധികം ദേഷ്യപ്പെടുന്നു. അവിടെയുള്ള ഉദ്യോഗസ്ഥർ വല്ലതെറ്റും വന്നുപോയാൽ പൊതുവിൽ അതിഥികളോട് ക്ഷമാപണം നടത്താറുണ്ട്. ഇതേപോലെ ഖാദിയാനിലെ ലങ്കർ ഖാനയെക്കുറിച്ചും പരാതികൾ ലഭിക്കാറുണ്ട്. ⬢

കുറിപ്പുകൾ

**മുസാഫിർ**

# അണഞ്ഞുപോയ പാണക്കാട്ടെ സ്നേഹദീപം

മുസ്‌ലിംലീഗ് നേതാവായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ ആഗസ്റ്റ് 1-ാം തിയ്യതി അന്തരിച്ചു. ഇന്നാലില്ലാഹി.....

മുസ്‌ലിം ലീഗിനും കേരളത്തിലെ മുസ്‌ലിം ന്യൂനപക്ഷത്തിനും മാത്രമല്ല കേരളത്തിലെ പൊതുസമൂഹത്തിന്നാകെ ശിഹാബ് തങ്ങളുടെ വേർപാട് വലിയ വേദനയാണുണ്ടാക്കിയത്. ഒരു ബഹുസ്വരസമൂഹത്തിൽ സംഘർഷങ്ങളില്ലാതെ മുസ്‌ലിംലീഗിനെ അദ്ദേഹം വളർത്തിയെന്ന് മാത്രമല്ല കേരളീയ സമൂഹത്തെ സംഘർഷരഹിതമാക്കാനുള്ള ഒരു സാന്ത്വനശക്തിയാക്കി ലീഗിനെ മാറ്റുകയും ചെയ്തു. തങ്ങളുടെ മഹനീയ വ്യക്തിത്വത്തിന്റെ പ്രഭാവം മുസ്‌ലിംലീഗ് അതിന്റെ സ്വന്തം സത്വഗുണമാക്കി മാറ്റിയത്കൊണ്ടായിരുന്നു വലിയൊരളവോളം ഇത് സാധിതമായത്. ഇതിന് കാരണം മുസ്‌ലിംലീഗ് പലപ്പോഴും ചർച്ചകളിലൂടെയും വാഗ്‌വാദങ്ങളിലൂടെയുമല്ല തീരുമാനമെടുത്തത്. ശുദ്ധഗതിക്കാരനായ അവരുടെ നേതാവിന്റെ നിഷ്ക്കളങ്ക മസ്തിഷ്ക്കമായിരുന്നു പലപ്പോഴും അവർക്കുവേണ്ടി ചിന്തിച്ചതും തീരുമാനമെടുത്തതും. അതുകൊണ്ട് കൂടിയാണ് മുസ്‌ലിംലീഗ് എന്ന പാർട്ടിയെ ഇത്രമാത്രം 'തങ്ങൾ ഇഫക്റ്റു' ഗ്രസിച്ചത്. ഇത് അവരുടെ ബലഹീനതയെന്നതിനേക്കാൾ ശക്തിയും മേന്മയുമായി മാറുകയാണുണ്ടായത്.

ഭൂമിയെപോലെ ക്ഷമിക്കാനും ആകാശത്തെപോലെ ഹൃദയം വിശാലമാക്കാനും പഠിപ്പിച്ച ഒരു പ്രവാചകനാണ് നമുക്കുള്ളത്. പക്ഷേ എന്തുകൊണ്ടാണെന്നറിയില്ല ക്ഷോഭങ്ങൾക്കും വികാരസാന്ദ്രമായ വേലിയേറ്റങ്ങൾക്കും ഏറ്റവുമെളുപ്പത്തിൽ മുസ്‌ലിംകൾ വിധേയപ്പെട്ടുപോകുന്നു. ലോകത്തുള്ള മുസ്‌ലിം സമൂഹങ്ങളാകെ ഇന്ന് സംഘർഷഭരിതമാണ്. ഈ പശ്ചാത്തലത്തിൽ അതിലോലമായ മുസ്‌ലിം ന്യൂനപക്ഷ രാഷ്ട്രീയം തീവ്രവാദപ്രവണതകളിൽ നിന്നും മുക്തമാക്കി ഒരു ജനാധിപത്യരാഷ്ട്രത്തിൽ മുഖ്യധാരയോടൊപ്പം മുന്നോട്ടു നയിക്കുക എന്നത് വളരെ ശ്രമകരവും ഉന്നതവുമായ ജനാധിപത്യബോധം ആവശ്യപ്പെടുന്ന ഒരു പൂർവ്വസിദ്ധിയാണ്. ബഹുമാന്യനായ തങ്ങൾ അത് ഏറെക്കുറെ അനായാസം വിജയകരമായി കേരളത്തിൽ നിർവഹിച്ചുവെന്ന് മാത്രമല്ല ജനാധിപത്യത്തിന്റെ സൽഫലങ്ങൾ മുസ്‌ലിം സമുദായത്തിന് ലീഗ് മുഖേന അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നേടിക്കൊടുക്കുകയും ചെയ്തു. മുസ്‌ലിംലീഗിനെ അന്തസ്സാർന്ന ഒരു പാർട്ടിയായി മാറ്റുന്നതിൽ തങ്ങൾ ഗണ്യമായ പങ്കാണ് വഹിച്ചത്. സർവ്വോപരി ദുഃഖിക്കുകയും വേദനിക്കുകയും ചെയ്യുന്ന പാവപ്പെട്ട അനേകം പേർക്ക് സാന്ത്വനവും ആശ്വാസവും നൽകുന്ന ആർദതയാണ് അദ്ദേഹത്തെ ജനഹൃദയങ്ങളിലെ നേതാവാക്കി മാറ്റിയത്.

തങ്ങളും അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെട്ട ഒരു സംഭവം ഓർക്കുകയാണ്. അഹ്മദിയ്യാ യുവജന സംഘടനയായ ഖുദ്ദാമുൽ അഹ്മദിയായുടെ കേരള സാരഥി എസ്. മുഹമ്മദ് സലീം സാഹിബ് ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1977ൽ കോഴിക്കോട്ടു നിന്നും ഞങ്ങൾ ഒരു സംഘം യുവാക്കൾ മുൻകൂട്ടി സമ്മതം വാങ്ങി പാണക്കാട്ടെ അദ്ദേഹത്തിന്റെ വസതി സന്ദർശിക്കുകയുണ്ടായി. കൂട്ടത്തിൽ ഈ ലേഖകനുമുണ്ടായിരുന്നു. മുസ്‌ലിം ലോകത്തിലെ മതനേതൃത്വം പൊതുവെ അഹ്മദികളെ കാഫിറുകളായി കാണുകയും ഞങ്ങളോടു അസഹിഷ്ണുത കാണിക്കുകയും ചെയ്യാറുണ്ട്. എന്നാൽ കുലീനമായ ആതിഥ്യമര്യാദകൊണ്ടും ഊഷ്മളമായ സ്നേഹപ്രകടനം കൊണ്ടും കുശലാന്വേഷണം നടത്തിയും ബഹുമാന്യനായ തങ്ങൾ അക്ഷരാർത്ഥത്തിൽ ഞങ്ങളെ വിസ്മയിപ്പിച്ചുകളഞ്ഞു. പാണക്കാട്ടെ സ്വീകരണമുറിയിൽ ഞങ്ങളെ ഉപചാരപൂർവ്വം ആനയിച്ചിരുത്തി ചായയും ധാരാളം പലഹാരങ്ങളും നൽകി ഞങ്ങൾക്കഭിമുഖമായി ഇരുന്നു. അദ്ദേഹം ഞങ്ങളെ ഓരോരുത്തരെയായി പരിചയപ്പെട്ടു. അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോളപ്രവർത്തനത്തെക്കുറിച്ച് മിതഭാഷിയായ അദ്ദേഹം ചോദിച്ചു മന

***(ശേഷം 40-ൽ)***

കുറിപ്പുകൾ

മുസാഫിർ

# സ്വവർഗ്ഗരതിയും കോടതിവിധിയും

സ്വവർഗ്ഗരതി കുറ്റകരമല്ലാത്ത ഒരു പ്രവർത്തിയായി പ്രഖ്യാപിച്ചു കൊണ്ട് ജൂലൈ 2-ാം തിയ്യതിയത്തെ ഡൽഹി ഹൈക്കോടതി വിധി മത സാംസ്കാരിക രംഗത്ത് ഉയർത്തിയ വിവാദങ്ങൾ കുറച്ചൊന്നുമല്ല. ഒരേ ലിംഗത്തിൽപെട്ട പ്രായപൂർത്തിയായവർ ഉഭയസമ്മതത്തോടെ നടത്തുന്ന ലൈംഗികവേഴ്ച ഇന്ത്യൻ ശിക്ഷാനിയമം 377ാം വകുപ്പ് പ്രകാരം ശിക്ഷാർഹമാണ്. ഇത് ഇന്ത്യൻ ഭരണഘടനയുടെ 'എല്ലാവർക്കും തുല്യനീതിയും ജീവിക്കാനുള്ള അവകാശവും' വാഗ്ദാനം ചെയ്യുന്ന വകുപ്പിന് വിരുദ്ധമാണെന്ന് പറഞ്ഞാണ് ഡൽഹി ഹൈക്കോടതി 377ാം വകുപ്പ് അനുശാസിക്കുന്ന ശിക്ഷാനിയം റദ്ദ് ചെയ്തത്. ഒന്നര നൂറ്റാണ്ടു മുമ്പ് ബ്രിട്ടീഷുകാരനായ മെക്കോളേ പ്രഭുവാണ് 377ാം വകുപ്പ് ശിക്ഷാനിയമത്തിൽ കൂടിച്ചേർത്തത്. ഈ വകുപ്പ് പ്രകാരം ***'പ്രകൃതിയുടെ സ്വാഭാവിക മാർഗ്ഗത്തിന് വിരുദ്ധമായി ഒരു പുരുഷനുമായോ സ്ത്രീയുമായോ മൃഗവുമായോ ലൈംഗികബന്ധം പുലർത്തുന്നത് ജീവപര്യന്തമോ പത്ത് വർഷം വരെ തടവോ, പിഴയോ ഈടാക്കാവുന്ന കുറ്റമാണ്.'***

ഈ ശിക്ഷാനിയമത്തിന്ന് ഭരണഘടനാസാധുത ഇല്ലെന്ന് പറഞ്ഞ് റദ്ദാക്കിയ ഹൈക്കോടതി പുരുഷനും പുരുഷനും തമ്മിലുള്ള സ്വവർഗ്ഗരതി നിയമവിധേയമാക്കിയിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ പ്രസ്തുത നിയമത്തിൽ പ്രതിപാദിച്ച മൃഗവുമായുള്ള മനുഷ്യന്റെ ലൈംഗികവേഴ്ചയും നിയമവിധേയമാണോ എന്നും കോടതി വ്യക്തമാക്കണം. അതും മനുഷ്യന്റെ അവകാശമായി കരുതാൻ സാധിക്കുമോ? ഈ വിധി പാശ്ചാത്യരുടെ നവലിബറിലിസത്തിന്റെ സ്വാധീനത്തിൽ മനുഷ്യൻ കാത്തുസൂക്ഷിക്കുന്ന സദാചാരമൂല്യങ്ങളെ മറന്നുകൊണ്ടുള്ളതാണ് എന്ന് പറയാതെ വയ്യ. LGBT* സമൂഹം എന്നറിയപ്പെടുന്ന ആധുനിക ലൈംഗിക വൈകൃതസമൂഹം ഈ വിധി രാജ്യത്തിലെ മഹാനഗരങ്ങളിൽ ആഘോഷതിമിർപ്പോടെ വരവേറ്റത് ഇന്ത്യൻ സമൂഹത്തിന്റെ ധാമ്മിക മൂല്യങ്ങളുടെ പോക്ക് എങ്ങോട്ടാണെന്നതിന്റെ ദിശാസൂചന കൂടി നൽകുന്നു.

ഒരു രാജ്യത്തെ ശിക്ഷാനിയമം എന്നത് കുറ്റകൃത്യങ്ങളെ നിർവ്വചിച്ച് ശിക്ഷിക്കുന്ന ഒരു ലിഖിത രേഖ മാത്രമല്ല അതിലുപരി അത് സ്വയം ഒരു മാർഗ്ഗദർശനവും, ഒരു ദിശാസൂചകവും ലക്ഷ്യബോധം നൽകുന്ന ഉൽബോധനങ്ങളുമാണ്. സാംസ്കാരിക ധാമ്മിക സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ നിയമത്തിന് അതിന്റേതായ പങ്കുണ്ട്. സ്വവർഗ്ഗരതിക്കാരെ ശിക്ഷിക്കുന്ന നിയമം മനുഷ്യാവകാശങ്ങളുടെ നിഷേധമാണ് എന്ന് പറയുമ്പോൾ എന്താണ് മനുഷ്യന്റെ അവകാശങ്ങൾ എന്ന് കൂടി നിർവ്വചിക്കേണ്ടതുണ്ട്. ഇന്ദ്രിയസുഖങ്ങൾ നൽകുന്നതെല്ലാം നല്ലതും നന്മയുമാണെന്നും നൈതികത എന്നത് പ്രയോജനത്തെ അടിസ്ഥാനമാക്കിയുള്ളതുമാണെന്ന പാശ്ചാത്യസങ്കല്പമാണ് സ്വവർഗരതിയെ അവകാശമായി കാണുന്ന ദർശനത്തിന്റെ പിന്നിലുള്ളത്. ലൈംഗികസുഖം എന്നത് കേവലം ജൈവികമായ അനുഭൂതിയാണ്. മൃഗങ്ങൾ പോലും അത് ആസ്വദിക്കുന്നു. വിവേചനബോധമില്ലാത്തത് കൊണ്ട് അവക്ക് ധാർമ്മികതയുടെ പ്രശ്നമില്ല. എങ്കിലും മൃഗം സ്വവർഗ്ഗലിംഗത്തിൽ പെട്ടവയുമായി ഇണചേരാറില്ല. ലൈംഗികവേഴ്ച മനുഷ്യനിൽ ധാർമ്മികവും മാനവീയമായ ഒരു പ്രവർത്തിയായി മാറുന്നത്, അത് വിവേചനബോധത്തോടെയും അടക്കത്തോടെയും ഒതുക്കത്തോടെയും നിയമാനുസാരം ഉപയോഗിക്കുമ്പോൾ മാത്രമാണ്. ലൈംഗികത വിവേചനപൂർവ്വം ഉപയോഗിക്കണം എന്ന് പറയുമ്പോൾ അത് അവകാശത്തിന്റെ പ്രശ്നവും വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കൈകടത്തലാണെന്നുമുള്ള ആക്ഷേപമുയരുന്നു.

LGBT* = Lesbian (സ്ത്രീ സ്വവർഗാനുരാഗികൾ) Gay (പുരുഷ സ്വവർഗാനുരാഗികൾ) Bisexual (ദ്വിലിംഗ പ്രണയികൾ) Transgender (ലിംഗമാറ്റം നടത്തിയവർ) എന്നിവരുടെ കൂട്ടായ്മക്കാണ് LGBT സമൂഹം എന്നു പറയുക.

നഷ്ടങ്ങൾ സഹിച്ചും സത്യം പറയുകയും, അഴിമതിരഹിതനായി ജീവിക്കുകയും അന്യനെ സഹായിക്കുകയും ചെയ്യുന്നവൻ ഈ അവകാശശവാദക്കാരുടെ തത്വശാസ്ത്രമനുസരിച്ച് പൊട്ടന്മാരാണ്. ആത്മനിരാസങ്ങളും, ആത്മത്യാഗങ്ങളുമാണ് ധാർമ്മിക മൂല്യങ്ങൾ ഉൽപാദിപ്പിക്കുന്ന മൗലിക ഘടകങ്ങൾ എന്ന സാർവ്വജനീനമായ മാനവീയ ദർശനങ്ങൾക്ക് വിരുദ്ധമാണ് ഇന്ദ്രിയസുഖത്തിലധിഷ്ഠിതമായ ഈ അവകാശബോധം. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനമാണ് ഇത്തരം അവകാശബോധങ്ങൾക്ക് നിദാനം എന്നാണ് ഇതിന്റെ വാക്താക്കൾ പറയുന്നത്. അത് ഈ പ്രഖ്യാപനത്തെ നോക്കിക്കാണുന്നവരുടെ സമീപനത്തിന്റെ പ്രശ്നമാണ്. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ഒരു പരിമിതി അത് അവകാശങ്ങളെ ചുമതലകൾ കൊണ്ട് സന്തുലിതമാക്കുന്നില്ല എന്നതാണ്. ശരീരത്തിന് സുഖം നൽകുന്നതെല്ലാം അവകാശമാണെന്ന മിഥ്യാധാരണക്ക് ഇത് വഴിവെക്കുന്നു.

വാസ്തവത്തിൽ ഒരു രാജ്യത്തെ പീനൽകോഡുകളിൽ വ്യഭിചാരം സ്വവർഗരതി മുതലായ ലൈംഗികമായ നിയമലംഘനങ്ങൾ കുറ്റം (Crime) എന്ന നിർവ്വചനത്തിൽപെടുത്തുവാൻ സെക്കുലർ കോടതികൾക്ക് സാധ്യമാവാതെ വരുന്നതിൽ അത്ഭുതമില്ല. കാരണം കുറ്റം എന്നാൽ ഒരാളുടെ ജീവനോ സ്വത്തിനോ മാനത്തിനോ എതിരായുള്ള കൈയേറ്റങ്ങളോ അല്ലെങ്കിൽ അതിന് ഹാനിയോ വരുത്തലാണ്. ഒരാൾ കുറ്റം ചെയ്യുമ്പോൾ അതിൽ പ്രതിയും അന്യായക്കാരനുമുണ്ടാകുന്നു. എന്നാൽ വ്യഭിചാരത്തിലും സ്വവർഗരതിയിലും വാദിയും പ്രതിയുമില്ല. രണ്ടുപേരുടേയും ഉഭയസമ്മതത്തോടെ ചെയ്യുന്നതിനാൽ 'കുറ്റം' എന്ന നിർവ്വചനത്തിൽ ഇവയെ പെടുത്തുവാൻ സാധ്യമല്ല. അതുകൊണ്ടാണ് മതങ്ങൾ മുൻകൈയ്യെടുത്തുകൊണ്ട് ഇത് കുറ്റത്തിന്റെ പട്ടികയിൽപ്പെടുത്തി നിയതമായ ശിക്ഷക്ക് കാരണമാകുന്ന കുറ്റമായി പ്രഖ്യാപിക്കണമെന്ന് പറയുന്നത്. ഇസ്ലാം മതം വ്യഭിചാരത്തിന്ന് അടി ശിക്ഷയാണ് വ്യവസ്ഥ ചെയ്യുന്നത്. ഖുർആനിൽ ശിക്ഷ വ്യക്തമായി പറഞ്ഞ കുറ്റവും വ്യഭിചാരമാണ്. ബാക്കി ശിക്ഷകളെല്ലാം അതാത് കാലത്തെ നീതിപീഠങ്ങളുടെ വിവേചനത്തിന് വിടുകയാണ് ചെയ്തത്. പക്ഷേ, ശിക്ഷ നടപ്പാക്കണമെങ്കിൽ 4 സാക്ഷികളെ ഹാജരാക്കണം. സ്വവർഗ്ഗരതിക്കുള്ള ശിക്ഷയെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഖുർആനിലുള്ളത്. ഇത്തരം കുറ്റങ്ങൾ ധാർമ്മികവും ആത്മീയവുമായ കുറ്റങ്ങൾ എന്ന നിലക്കാണ് ഖുർആന്റെ ഊന്നൽ. ഈ കുറ്റങ്ങൾ പ്രത്യക്ഷ നിലയിൽ സാക്ഷ്യങ്ങളും തെളിവുകളുമായി വന്നാൽ മാത്രമേ കുറ്റങ്ങളായി അധികാരികളുടെ മുന്നിൽ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. അല്ലാത്തവയെ അവഗണിക്കാനേ കഴിയൂ. അങ്ങനെ രഹസ്യമായി ചെയ്യുന്ന ഇത്തരം കുറ്റങ്ങൾ (പാപം) കണ്ടുപിടിക്കേണ്ട ചുമതല ഭരണകൂടങ്ങൾക്കോ നീതിപീഠങ്ങൾക്കോ ഇല്ല. ആളുകളുടെ സ്വകാര്യതയിലേക്ക് താക്കോൽപഴുതിലൂടെ ഒളിഞ്ഞുനോക്കി ഇത്തരം കുറ്റങ്ങൾ കണ്ടുപിടിക്കുന്ന രീതി ഇസ്ലാമികമല്ല. അത് സ്വകാര്യതയുടെ ലംഘനവും, അപലപനീയവുമാണെന്ന കാര്യവും നാമോർക്കണം.

വാസ്തവത്തിൽ വ്യഭിചാരവും സ്വവർഗ്ഗരതിയും പാപം (Sin) എന്ന ഗണത്തിലാണ് മതങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. കുറ്റം (Crime) എന്നത് താരതമ്യേന രാഷ്ട്രസംബന്ധിയായ ഒരു സാങ്കേതിക പദമാണ്. എല്ലാ പാപങ്ങളും രാഷ്ട്രനിയമങ്ങൾക്ക് മുമ്പിൽ കുറ്റമാകില്ല. പക്ഷേ എല്ലാ കുറ്റങ്ങളും മതങ്ങൾക്ക് പാപങ്ങളാണ്. ഉദാഹരണത്തിന് അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയറ് നിറച്ചുണ്ണുന്നവൻ മതസങ്കല്പപ്രകാരം പാപിയാണ്. പക്ഷേ അയാൾ രാഷ്ട്രനിയമങ്ങൾക്ക് മുമ്പിൽ കുറ്റവാളിയല്ല. വാസ്തവത്തിൽ രാഷ്ട്രങ്ങളുടെ നിയമങ്ങളേക്കാൾ ഇത്തരത്തിലുള്ള അലിഖിതവും അമൂർത്തവുമായ ധാർമ്മികനിയമങ്ങളാണ് സമൂഹത്തെ സമാധാനപൂർണ്ണവും ക്ഷേമകരവുമാക്കി തീർക്കുന്നത്.

മനുഷ്യന്റെ പ്രകൃതി നിശ്ചയിച്ച സ്വാഭാവികമായ ലൈംഗിക വേഴ്ച സ്ത്രീയും പുരുഷനും തമ്മിലാണ്. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങൾക്കും ബാധകമായ ഒരു പൊതുനിയമമാണിത്. അത് പാലിക്കാൻ വിവേകബുദ്ധിയുള്ള മനുഷ്യന് ബാദ്ധ്യതയില്ലേ? സ്വവർഗ്ഗരതി മൗലികാവകാശങ്ങളുടെ ഭാഗമായി കാണുന്ന പല പുരോഗമനക്കാരും പ്രകൃതിയുടെ വഴികൾ നാം പാലിക്കണമെന്ന് പറയുന്ന പരിസ്ഥിതി വാദക്കാരുമാണല്ലോ. പുരോഗമനവാദത്തിന്റെ ഗ്ലാമറില്ലെങ്കിലും സ്ത്രീപുരുഷബന്ധത്തിലധിഷ്ഠിതമായ കുടുംബജീവിതത്തിന്ന് യുക്തിയുടേയും ശാസ്ത്രത്തിന്റേയും ധാർമ്മികതയുടേയും പിൻബലമുണ്ട്. സ്ത്രീപുരുഷബന്ധങ്ങളാണ് വംശവർദ്ധനവും കുടുംബജീവിതവും സംസ്കാരവും സൃഷ്ടിക്കുന്നത്. അത് മനുഷ്യജീവിതത്തെ മാനവീയമാക്കിത്തീർക്കുന്നു. മഹത്വമാർന്നതും ഭാരമേറിയതുമായ കുടുംബജീവിതം എന്ന ഉത്തരവാദിത്വത്തിൽ നിന്നും ഭൗതികോന്മുഖമായ ആധുനിക നാഗരികത ഒളിച്ചോട്ടമാരംഭിച്ചിരിക്കുന്നു. അവരാണ് പരിധിയും പരിമി

തിയുമില്ലാത്ത ലൈംഗിക സ്വാതന്ത്ര്യം അവകാശമാണെന്ന് പറയുന്നത്. അവർക്ക് അനുഭൂതികളുടേയും ആസ്വാദനങ്ങളുടേയും ലോകത്ത് ചുമതലകളും ഉത്തരവാദിത്വങ്ങളുമില്ലാതെ ജീവിക്കാനാവശ്യമായതെല്ലാം അവകാശങ്ങളാണ്.

സ്വവർഗ്ഗപ്രണയികളുടെയും പാശ്ചാത്യ ഭരണകൂടങ്ങളുടേയും അതിരുകടന്ന അരുതായ്മകളും അതിർത്തിലംഘനങ്ങളും നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. 2001ൽ നെതർലന്റ് ആണ് പുരുഷനും പുരുഷനും തമ്മിൽ ആദ്യമായി സ്വവർഗ്ഗ വിവാഹത്തിന് നിയമപ്രാബല്യം നൽകിയത്. സ്വവർഗ്ഗാനുരാഗികൾക്ക് സാധാരണ ദമ്പതിമാർക്കുള്ളത് പോലെ പിൻതുടർച്ചാവകാശം, നികുതി നിയമങ്ങൾ, വിവാഹമോചനം, പെൻഷൻ ആനുകൂല്യങ്ങൾ, ദത്തെടുക്കാനുള്ള അവകാശം മുതലായ എല്ലാ നിയമപരിരക്ഷകളും ആനുകൂല്യങ്ങളും അവിടെ ലഭിക്കുന്നു. ഇതിനെ തുടർന്ന് ബെൽജിയം, സ്പെയിൻ, കനഡ എന്നീ രാജ്യങ്ങളിലും അമേരിക്കയിലെ മസാഞ്ചുസെറ്റ്സ് സ്റ്റേറ്റിലും ഇത്തരം സജാതീയ ലിംഗങ്ങളിൽ പെട്ടവരുടെ സ്വവർഗ്ഗവിവാഹം സാധാരണ വിവാഹം പോലെ അനുവദിക്കപ്പെട്ടിരിക്കുന്നു. യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും സ്വവർഗ്ഗക്കാർക്ക് യുഗ്മജീവിതവും (Union) പങ്കാളിത്വജീവിതവും (Partnership) നിയമപരമായി അനുവദിക്കപ്പെട്ടിട്ടുണ്ട്. സർവ്വോപരി അമേരിക്കയിലെ ഹാംപ്ഷെയർ സ്റ്റേറ്റിലെ ആംഗ്ലിക്കൻ സഭയുടെ കീഴിലുള്ള എപ്പിസ്കോപ്പൽ ചർച്ചിൽ ഒരു പ്രഖ്യാതനായ സ്വവർഗ്ഗരതിക്കാരൻ 2003 മുതൽ ബിഷപ്പായി ദൈവശുശ്രൂഷകൾ നടത്തിവരുന്നു. സഭക്കകത്ത് തന്നെ ഇതിന്നെതിർപ്പുണ്ട്. ബൈബിളിൽ സൊദോം ദേശത്തെ ജനതയുടെ മഹാപാപമായി കരുതിയ കുറ്റകൃത്യം (Sodomy) അഭിമാനത്തോടെ ആചരിക്കുന്ന ഒരു സ്വവർഗ്ഗപ്രണയിയെ തന്നെ മതപുരോഹിതനായി അഭിഷേകം ചെയ്യിച്ച തലതിരിഞ്ഞ ലോകത്താണ് നാം ജീവിക്കുന്നത്. പാശ്ചാത്യരുടെ അതിരുകടന്ന ഭൗതികോന്മുഖമായ ജീവിതമാണ് ലോകത്ത് ഇത്തരം വികലമായ അവകാശബോധങ്ങളുടെ അടിസ്ഥാനത്തിലുള്ള ജീവിതദർശനവും നിയമനിർമ്മാണങ്ങളും ഉണ്ടാവാൻ കാരണം. മതസംസ്കാരങ്ങൾക്കും ജീവിതവീക്ഷണങ്ങൾക്കും കൂടുതൽ സ്ഥൈര്യവും ആഴവുമുള്ള ഭാരതീയ സമൂഹത്തിലെ കോടതികൾ ശബ്ദാഡംഭരത്തോടെ ഇത്തരം പൊളിച്ചെഴുത്തുകൾ നടത്തുമ്പോൾ നാളെ ഇവിടെ സ്വവർഗ്ഗവിവാഹവും കുട്ടികളെ ദത്തെടുത്തുകൊണ്ടുള്ള സ്വവർഗ്ഗ കുടുംബങ്ങളും ഉണ്ടാവില്ലേ? ധാർമ്മികത പഴന്തുണി കത്തുന്നതുപോലെ പുകഞ്ഞ് കത്തുന്ന നമ്മുടെ സമൂഹത്തിൽ അത് കെടുത്തുന്നതിന് പകരം ആളികത്തിക്കുന്ന സമീപനം ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലാത്തതാണ്. ഒരു സമൂഹത്തിന്റെ ധാർമ്മികതയും ജീവിത വീക്ഷണവും നിയമങ്ങളിൽ പ്രതിഫലിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ഈ കാലഘട്ടത്തിൽ. സ്വവർഗ്ഗരതിയെ പറ്റിയുള്ള ഡൽഹി ഹൈക്കോടതി വിധി അന്തിമമല്ല. ഭരണഘടനാപരമായ പരാമർശമുള്ളത് കൊണ്ട് പാർലമെന്റിന്റെ അഭിപ്രായവും സുപ്രിംകോടതിയുടെ വിധിയും ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതുണ്ട്. അതിന്നായി നമുക്ക് കാതോർക്കാം. ⬢

---

*(37-ൽ നിന്ന് തുടർച്ച)*

സ്സിലാക്കി, പത്തപിരിയത്തെ നിങ്ങളുടെ പള്ളിക്ക് മുമ്പിലൂടെ പോകുമ്പോൾ പള്ളിക്ക് മുകളിൽ വലിയ ഡിഷ് ഞാൻ കാണാറുണ്ട്. അതെന്താണെന്ന് 'അദ്ദേഹം ചോദിച്ചപ്പോൾ അഹ്മദികളുടെ എം.ടി.എ. എന്ന ഉപഗ്രസംപ്രേക്ഷണത്തിന്റെ റിസീവറാണ് അതെന്നും ലോകം മുഴുവനുമുള്ള അഹ്മദികൾ ഞങ്ങളുടെ ഖലീഫയുടെ ഖുത്ബയും മറ്റു പരിപാടികളും കേൾക്കുകയും കാണുകയും ചെയ്യുന്നത് എം.ടി.എ. യിലൂടെയാണെന്നും ഞങ്ങൾ പറഞ്ഞു. ഇംഗ്ലണ്ടിൽ താൻ പോയപ്പോൾ ലാഹോറി അഹ്മദികളുടെ പള്ളി സന്ദർശിച്ച കാര്യവും അദ്ദേഹം അനുസ്മരിച്ചു. അവിഭക്ത ഭാരതത്തിൽ അഹ്മദിയ്യാ ജമാഅത്തും ആൾ ഇന്ത്യ മുസ്ലിംലീഗും വളരെ സഹകരിച്ചു പ്രവർത്തിച്ച കാര്യം തങ്ങളോടു ഞങ്ങൾ പറഞ്ഞു. 1930ൽ ലീഗിന്റെ അഖിലേന്ത്യാ പ്രസിഡണ്ട് അഹ്മദിയായ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ആയിരുന്നുവെന്നും പറഞ്ഞപ്പോൾ മതപരമായി എത്ര അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ചില മേഖലയിൽ ഒന്നിച്ചു പ്രവർത്തിക്കുന്നതിൽ വിരോധമില്ലെന്നും തങ്ങൾ പ്രതികരിച്ചു. പാകിസ്താനിലെ നോബൽ സമ്മാന ജേതാവും ലോകപ്രശസ്ത ശാസ്ത്രജ്ഞനുമായ പ്രൊഫ. അബ്ദുസ്സലാമിനെകുറിച്ചും തങ്ങൾ ചോദിച്ചു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് രചിച്ച ഇസ്ലാം മതതത്വജ്ഞാനവും, ഡോ. അബ്ദുസ്സലാമിനെക്കുറിച്ചുള്ള 'മിനാറത്ത്' ഇംഗ്ലീഷ് ത്രൈമാസികവും മറ്റു സാഹിത്യങ്ങളുമടങ്ങിയ ഉപഹാരം ഞങ്ങൾ അദ്ദേഹത്തിന് നൽകി. അരമണിക്കൂറോളം സുസ്മേരവദനനായി പതുങ്ങിയ ശബ്ദത്തിൽ സൗമ്യനായി

*(ശേഷം 42-ൽ)*

## വാർത്തകൾ

# ലണ്ടൻ ജൽസ വിജയകരമായി സമാപിച്ചു




***ലണ്ടൻ ജൽസയോടനുബന്ധിച്ച് നടന്ന ആഗോള ബയ്അത്ത് ഖലീഫത്തുൽ മസീഹ് സ്വീകരിക്കുന്നു***

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 45-ാമത് യു.കെ. വാർഷിക സമ്മേളനം ജൂലൈ 24, 25, 26 തിയ്യതികളിൽ ലണ്ടനിൽ വെച്ച് നടക്കുകയുണ്ടായി. ഓക്ക്‌ലൻറ് ഫാമിലെ 'ഹദീഖത്തുൽ മഹ്ദി'യിൽ ജൂലൈ 24ന് വെള്ളിയാഴ്ച ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ ജുമാ ഖുത്ബയോടെയാണ് സമ്മേളനത്തിന് തുടക്കം കുറിച്ചത് കഴിഞ്ഞ ഇരുപത്തഞ്ച് വർഷമായി എല്ലാകൊല്ലവും ലണ്ടനിൽ നടന്നുവരുന്ന ഈ സമ്മേളനം ശ്രദ്ധേയമായ അന്തർദേശീയ സംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. 1984 മുതൽ അഹ്മദിയ്യാ ഖലീഫ പ്രവാസിയായി ഇവിടെ കഴിയുന്നത് കൊണ്ട് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അഹ്മദികൾ കൂട്ടം കൂട്ടമായി ഈ സമ്മേളനത്തിൽ വന്നെത്തുകയാണ്. പൊതുസമൂഹത്തിൽ ഇസ്‌ലാം മതത്തിന്റെ മങ്ങിക്കൊണ്ടിരിക്കുന്ന പ്രഭാവം വീണ്ടെടുക്കാൻ മാധ്യമങ്ങളെ ഉപയോഗിപ്പെടുത്തികൊണ്ട് അഹ്മദികൾ ആവുന്നത്ര പരിശ്രമിക്കണമെന്ന് ഖലീഫത്തുൽ മസീഹ് തന്റെ പ്രസംഗത്തിൽ ഉദ് ബോധിപ്പിച്ചു.

ചില തീവ്രവാദികൾ അവരുടെ സ്വന്തം സ്വാർത്ഥതാല്പര്യത്തിന്നായി ഇസ്‌ലാം എന്ന പരിശുദ്ധ നാമം അപഹരിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇന്ന് ഇസ്‌ലാം സമാധാനത്തിന് പകരം വെറുപ്പിന്റെ മതമായി ലോകം തെറ്റിദ്ധരിച്ചിരിക്കുന്നുവെന്നു ഖലീഫ തിരുമനസ്സ് പറഞ്ഞു. സന്ദർഭം കിട്ടുമ്പോഴെല്ലാം ഇത്തരം വേദികൾ ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്നും ഇസ്‌ലാമിനെ പറ്റിയുള്ള തെറ്റിദ്ധാരണകൾ നീക്കാനും ഞാൻ ശ്രമിക്കാറുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇസ്‌ലാം തന്റെ അയൽക്കാരന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു എന്നും ബദ്ധശ്രദ്ധമായൊരു മതമാണ്. അടുത്ത് ജീവിക്കുന്നവരെ സംബന്ധിച്ച് അഹ്മദികൾക്ക് എപ്പോഴും ബോധമുണ്ടായിരിക്കണം. അഹ്മദികൾ തദ്ദേശീയമായ നിയമങ്ങൾ പാലിച്ചുകൊണ്ട് അതാത് ദേശത്തുള്ളവരുമായി അങ്ങേ




***യു.കെ. അമീർ പ്രസംഗിക്കുന്നു***



*സദസ്സ് - ഒരു ദൃശ്യം*

യറ്റം സൗഹൃദത്തോടും സമാധാനത്തോടെയും ജീവിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. ഇവിടെ സമ്മേളനത്തിന് വരുന്നവരും തദ്ദേശീയരോട് ബഹുമാനത്തോടെയും സ്നേഹത്തോടെയും പെരുമാറണമെന്നും പറഞ്ഞു. കാലാവസ്ഥ വളരെ മോശമായിരുന്നെങ്കിലും സമ്മേളനം ആരംഭിച്ചതോടെ പ്രസന്നമാവുകയാണുണ്ടായത്.


ലണ്ടൻ സമയം വൈകു: 4.30ന് പതാക ഉയർത്തിയതോടെയാണ് സമ്മേളനത്തിന്റെ ഒന്നാം സെഷൻ ആരംഭിച്ചത്. പ്രഥമ സമ്മേളനത്തിൽ നിരവധി ബ്രിട്ടീഷ് എം.പി.മാരും മറ്റു പ്രമുഖ വ്യക്തികളും പങ്കെടുത്തു. ഒന്നാം ദിവസത്തെ സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പാകിസ്താനിലെ അവസ്ഥകളിലേക്ക് ഖലീഫത്തുൽ മസീഹ് വിരൽ ചൂണ്ടി. 'മതത്തിന്റെ പേരിൽ പാകിസ്താനിൽ വമ്പിച്ച തോതിൽ രക്തമൊഴുകുകയാണ്. സമാധാനത്തിന്റെ മതമായ ഇസ്ലാം അവിടെ ഭീകരതയുടേയും തീവ്രവാദത്തിന്റെയും മതമായി മാറിയിരിക്കുന്നു. മതത്തിന്റെ ശത്രുക്കൾക്ക് മാത്രമേ ഇത് ഗുണം ചെയ്യൂ. പക്ഷേ എല്ലാ രാജ്യത്തിലും ഇത്തരം പ്രവണതകളോടു വിയോജിപ്പുള്ളവരെ നാം കാണുന്നു. തീർച്ചയായും അഹ്മദി മുസ്ലിംകൾ ഇത്തരം പ്രവർത്തനങ്ങളോട് വിയോജിക്കുന്നു. ഞങ്ങൾ ഇത് പോലെയുള്ള സമ്മേളനങ്ങൾ എല്ലാ രാജ്യങ്ങളിലും സംഘടിപ്പിക്കുന്നത് ഇസ്ലാമിനെ പറ്റിയുള്ള ഇത്തരം തെറ്റിദ്ധാരണകൾ മാറ്റാനും ആത്മീയമായ കാര്യങ്ങൾക്കും വേണ്ടി മാത്രമാണ്.

മൂന്ന് ദിവസത്തെ സമ്മേളനം പ്രാർത്ഥനയോടെ സമാപിച്ചു. ലണ്ടനിലെ 'ഹദീഖത്തുൽ മഹ്ദി' നഗരിയിൽ ചേർന്ന ഈ മഹാസമ്മേളനം നല്ലൊരു ആത്മീയവിരുന്നും ഇസ്ലാമിക പ്രവർത്തനത്തിന് പുതിയൊരു സന്ദേശവും കർമ്മചൈതന്യവുമാണ് നൽകിയിരിക്കുന്നതെന്ന് സമ്മേളനത്തിൽ പങ്കെടുത്ത നിരവധി രാജ്യത്തു നിന്നുള്ള പ്രതിനിധികൾ പറഞ്ഞു.

*(40-ൽ നിന്ന് തുടർച്ച)*

ഹൃദയപൂർവ്വം അദ്ദേഹം ഞങ്ങളോട് സംസാരിച്ചു. മറ്റു മതപണ്ഡിതന്മാരിൽ നിന്നും നേതാക്കന്മാരിൽ നിന്നും വിഭിന്നമായി പ്രതിപക്ഷ മര്യാദ, വിനയം, ആത്മാർത്ഥമായ സ്നേഹം ഈ സൽഗുണങ്ങൾകൊണ്ടെല്ലാം സമ്പന്നനായ ഇസ്ലാമിന്റെ ഉന്നതമായ സംസ്കാരത്താൽ സമ്പന്നനുമായിരുന്നു അദ്ദേഹം. അല്ലാഹു തങ്ങൾ ക്ക് പരലോകശാന്തി നൽകട്ടെ. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങൾക്കും മുസ്ലിം ലീഗിനും ഈ നഷ്ടം എളുപ്പത്തിൽ നികത്തി കൊടുക്കുകയും ചെയ്യട്ടെ. ശുദ്ധഹൃദയനും മനുഷ്യസ്നേഹിയുമായ പ്രിയങ്കരനായ ഈ ജനനേതാവിന്റെ നിര്യാണത്തിൽ സത്യദൂതന്റെ ദുഃഖം രേഖപ്പെടുത്തുന്നു.

## അനുസ്മരണം



### ചെറുകാട് സുലൈമാൻ സാഹിബ്

കരുളായി: കരുളായി ജമാഅത്തിലെ ചെറുകാട് സുലൈമാൻ സാഹിബ് 2009 ജൂൺ 27ന് സ്വവസതിയിൽ വെച്ച് നിര്യാതനായി. ഇന്നാലില്ലാഹി... പരേതൻ ജമാഅത്തിന്റെ തഅ്ലീം സിക്രട്ടറിയും ഓഡിറ്ററുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ: ടി.കെ. മറിയം. മക്കൾ: റാസി അഹ്മദ്, അനീസ്, ശാബിൻ, ശാഹിന, അനീസ. മരുമക്കൾ : പി. സഫർ, ശിഹാദ് വി.എം., അശ്മിത.

അല്ലാഹു പരേതന് മഗ്ഫിറത്ത് നല്കുമാറാകട്ടെ. ആമീൻ.

**മഹ്മൂദ്, കൽക്കുളം**

# തഹ്‌രീകെ ജദീദും പരിശുദ്ധ റമദാനും

പരിശുദ്ധ റമദാൻ സമാഗതമാവുകയാണ്. പരിശുദ്ധ റമദാനും തഹ്‌രീകെ ജദീദ് പദ്ധതിയുമായുള്ള ബന്ധം ഒരിക്കൽകൂടി സഹോദരന്മാരെ ഉണർത്തുക യാണ്. തഹ് രീകെ ജദീദിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1938 നവംബർ 4ലെ ഒരു ഖുത്ബയിൽ പറഞ്ഞു.

“നിങ്ങൾ റമദാനിൽ നിന്നും പ്രയോജനമുൾക്കൊള്ളാൻ ആഗ്രഹിക്കു ന്നുവെങ്കിൽ തഹ്‌രീകെ ജദീദിൽ പങ്കാളിയാവുക. ഓരോ വ്യക്തിയും റമദാൻ തഹ്‌രീകെ ജദീദിന്റെയും തഹ്‌രീകെ ജദീദ് റമദാന്റേതുമായി തീർക്കാൻ പരി ശ്രമിക്കുക... റമദാൻ നമ്മുടെ ദേഹേച്ഛകളെ നശിപ്പിക്കുന്നതും തഹ്‌രീകെ ജദീദ് നമ്മുടെ ആത്മാവിൽ പുതുജീവൻ നൽകുന്നതുമായിത്തീരട്ടെ... ഏതൊ രു റമദാനാണോ ത്യാഗങ്ങളില്ലാതെ കടന്നുപോകുന്നത് അത് റമദാനല്ല. ആത്മാ വിന് പുതുജീവൻ നൽകാ തെ ഏത് തഹ്‌രീകെ ജദീദാണോ കടന്ന് പോകു ന്നത് അത് തഹ്‌രീകെ ജദീദുമല്ല”

തഹ്‌രീകെ ജദീദ് റമദാന്റെ അനുഗ്രഹങ്ങളെ പരിപൂർണ്ണമാക്കാനുള്ള ഉദ്ദേ ശത്തോടുകൂടിയാണ് ഖലീഫത്തുൽ മസീഹ് സാനി(റ) ആവിഷ്കരിച്ചത്. സാത്വി കരായ സഹോദരന്മാർ ആ മഹാത്മാവിന്റെ ഉപദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സാമ്പത്തിക വാഗ്ദാനങ്ങൾ പൂർണ്ണമായും പൂർത്തിയാക്കുക. സാധരണ പോലെ റമദാൻ 15നുള്ളിൽ തഹ്‌രീകെ ജദീദ് ചന്ദ: മുഴുവനും അടച്ചുതീർക്കേണ്ടതാണ്.

വാഗ്ദാനം അടച്ചുതീർത്തവരുടെ പേരുകൾ സെപ്തംബർ 6ന് മുമ്പായി തപാൽ മുഖാന്തിരമോ സെപ്തംബർ 11ന് മുമ്പായി ഫാക്സ് മഖാന്തിരമോ അയച്ച് തരണമെന്ന് എല്ലാ അമീർ/പ്രസിഡൻറ്മാരോടും വിനീതമായി അപേ ക്ഷിക്കുന്നു. റമദാൻ 29ന് നടക്കുന്ന കൂട്ട ദുആക്ക് മുമ്പായി വാഗ്ദാനം പൂർത്തി യാക്കിയവരുടെ പേരുകൾ ഹുസൂർ തിരുമനസ്സിന്റെ സമക്ഷത്തിങ്കൽ എത്തി ക്കേണ്ടതുണ്ട്.

വസ്സലാം

വിനീതൻ

വക്കീലുൽ മാൽ

തഹ്‌രീകെ ജദീദ്, ഖാദിയാൻ